മുസ്‌ലിമിനെ കാഫിറാക്കൽ

# തക്ഫീർ

## ആധാരങ്ങളും വ്യവസ്ഥകളും



അബൂ ത്വാരിഖ് സുബൈർ മുഹമ്മദ്

മുസ്‌ലിമിനെ കാഫിറാക്കൽ

# തക്ഫീർ

## ആധാരങ്ങളും വ്യവസ്ഥകളും

അബൂ ത്വാരിഖ് സുബൈർ മുഹമ്മദ്

**സുന്നഃ മുസ്‌ലിം**
മൈനോറിറ്റി ട്രസ്റ്റ്

*Title* **TAKFEER: Aadharangalum Vyavasthakalum** *(Malayalam)*

*Author* **Abu Tariq Zubair Mohamed**

*Publisher* **SUNNAH MUSLIM MINORITY TRUST**
6/1651A, Kappalandimukku, Kochi, Kerala, Pin 682 002

*First Edition* 2024/1446 H

*Copyright ©* **SUNNAH MUSLIM MINORITY TRUST**
6/1651A, Kappalandimukku, Kochi, Kerala, Pin 682 002

*All rights reserved. No part of this publication may be reproduced, stored in a retrieval system, or transmitted in any form or by any means, electronic, mechanical, photocopying, recording or otherwise, without the prior permission of the copyright owner.*

*Typeset* *zee.ar*
*Cover* *mab.ab*

بِسْـمِ اللهِ الرَّحْمَٰنِ الرَّحِيمِ

إِنَّ الْحَمْدَ للهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إِلَهَ إِلَّا اللهُ، وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللهَ حَقَّ تُقَاتِهِ وَلَا تَمُوتُنَّ إِلَّا وَأَنتُم مُّسْلِمُونَ ١٠٢﴾ (آلُ عِمْرَانَ)

﴿يَا أَيُّهَا النَّاسُ اتَّقُوا رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَاءً ۚ وَاتَّقُوا اللهَ الَّذِي تَسَاءَلُونَ بِهِ وَالْأَرْحَامَ ۚ إِنَّ اللهَ كَانَ عَلَيْكُمْ رَقِيبًا ١﴾ (النِّسَاءُ)

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللهَ وَقُولُوا قَوْلًا سَدِيدًا ٧٠ يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَمَن يُطِعِ اللهَ وَرَسُولَهُ فَقَدْ فَازَ فَوْزًا عَظِيمًا ٧١﴾ (الْأَحْزَابُ)

أَمَّا بَعْدُ؛ فَإِنَّ أَصْدَقَ الْحَدِيثِ كَلَامُ اللهِ، وَخَيْرَ الْهَدْيِ هَدْيُ مُحَمَّدٍ صَلَّى اللهُ عَلَيْهِ وَسَلَّمَ، وَشَرَّ الْأُمُورِ مُحْدَثَاتُهَا، وَكُلَّ مُحْدَثَةٍ بِدْعَةٌ، وَكُلَّ بِدْعَةٍ ضَلَالَةٌ، وَكُلَّ ضَلَالَةٍ فِي النَّارِ.

# വിഷയ വിവരണം


| ക്രമ നമ്പർ | വിഷയാനുക്രമം | പുറം |
|---|---|---|
| | ആമുഖം | 6 |
| 1 | മൻഹജ്: ചില പ്രാഥമിക പാഠങ്ങൾ | 13 |
| 2 | വിശ്വാസ സംഘട്ടനം | 27 |
| | മുസ്‌ലിമിനെ കാഫിറാക്കൽ: ഖവാരിജുകളുടെ രീതി | 30 |
| | മുഅ്തസിലികളുടെ തക്ഫീർ | 32 |
| | വാഗ്ദാനവും താക്കീതും | 34 |
| | ഇസ്‌ലാമിസ്റ്റുകളുടെ തക്ഫീർ | 35 |
| | വലിയ കുഫ്റും ചെറിയ കുഫ്റും | 38 |
| | മതനിയമങ്ങൾ മാറ്റിമറിക്കൽ | 40 |
| 3 | തക്ഫീറിന്റെ ആധാരങ്ങൾ | 43 |
| | തക്ഫീർ രണ്ടു തരം:<br>1. പൊതുവായ തക്ഫീർ | 45 |
| | 2. വ്യക്തിയധിഷ്ഠിതമായ തക്ഫീർ | 46 |
| | കുറ്റവും കുറ്റവാളിയും | 47 |
| | ന്യായം സ്ഥാപിക്കൽ | 50 |
| | തെളിവുകളുടെ വ്യക്തത | 52 |
| | കൈകാര്യകർത്താക്കൾക്ക് വിടുക | 55 |
| 4 | തക്ഫീറിന്റെ നിബന്ധനകളും പ്രതിബന്ധങ്ങളും | 60 |
| | തക്ഫീറിന്റെ നിബന്ധനകൾ:<br>*ഒന്ന്: കുഫ്റാണെന്ന അറിവുണ്ടായിരിക്കുക* | 62 |

| | | |
|---|---|---|
| | മേൽ നിബന്ധന പൂർത്തീകരിക്കാനുള്ള തടസ്സങ്ങൾ:<br>*i. അറിവിനെ നിരാകരിക്കുന്ന അജ്ഞത* | 63 |
| | *ii. അറിവിനെ നിരാകരിക്കുന്ന തെറ്റായ വ്യാഖ്യാനം* | 67 |
| | തക്ഫീറിന്റെ നിബന്ധനകൾ:<br>*രണ്ട്: ഇച്ഛാപൂർവ്വം പ്രവർത്തിക്കുക* | 73 |
| | മേൽ നിബന്ധന പൂർത്തീകരിക്കാനുള്ള തടസ്സങ്ങൾ:<br>*i. സോദ്ദേശ്യത്തെ അപഹരിക്കുന്ന അബദ്ധങ്ങൾ* | 74 |
| | *ii. ഇച്ഛാസ്വാതന്ത്ര്യത്തെ ഹനിക്കുന്ന നിർബന്ധിതാവസ്ഥ* | 76 |
| 5 | ഭരണാധികാരികളെ കാഫിറാക്കൽ | 80 |
| 6 | കൂട്ടത്തക്ഫീർ | 83 |
| | ഉപസംഹാരം | 88 |

# ആമുഖം

തക്ഫീർ (التَّكْفِيرُ) എന്നാൽ കാഫിറാക്കൽ. അഥവാ ഒരാൾ മുസ്‌ലിമല്ല, കാഫിറാണെന്ന് പ്രഖ്യാപിക്കൽ. ഇത് ഒരു ഇസ്‌ലാമിക സംജ്ഞയാണ്. ഇസ്‌ലാമിന്റെ സംജ്ഞകൾക്ക് പോലും വല്ലാത്തൊരു ശക്തിയാണല്ലേ? ഇത്തരം ശബ്ദം കേൾക്കാൻ പോലും ഇന്ന് പലർക്കും പേടിയാണെന്ന് തോന്നുന്നു. സത്യമാണ്; അവ സിംഹാസനങ്ങളെ കിടിലം കൊള്ളിച്ചിട്ടുണ്ട്. അധികാര സമവാക്യങ്ങൾ തിരുത്തിയെഴുതിയിട്ടുണ്ട്. ജീവിതങ്ങൾ ഗതി മാറ്റിയൊഴുക്കിയിട്ടുണ്ട്. അതെല്ലാം ഗതകാല ചരിത്രത്തിലുള്ളതാണ്. ചരിത്രമറിയുന്നവർ കാലേകൂട്ടി കണ്ടറിയും. ചരിത്രത്തിൽനിന്ന് പാഠം ഉൾക്കൊള്ളാൻ തയ്യാറില്ലാത്തവർക്ക് ഇത്തരം ശബ്ദങ്ങൾ അത്യധികം സ്തോഭജനകമായി അനുഭവപ്പെടും. അവർ അതിൽ വെപ്രാളപ്പെടട്ടെ. മറ്റെന്തു ചെയ്യാൻ?!

വിശ്വാസത്തിലും വീക്ഷണത്തിലും ജീവിതത്തിലും സമൂഹത്തിലുമെല്ലാം തക്ഫീർ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. ഒരാൾ കാഫിറാണെന്നു പറയുമ്പോൾ അർത്ഥമാക്കുന്നത്: അയാൾക്ക് സ്വർഗ്ഗം നിഷിദ്ധമാണ്, അയാൾ നരകത്തിൽ ശാശ്വതമായി കഴിച്ചു കൂട്ടേണ്ടിവരും, അല്ലാഹുവിന്റെ കാവലിൽനി

ന്നും കാരുണ്യത്തിൽനിന്നും അയാൾ മാറ്റിനിർത്തപ്പെട്ടിരിക്കുന്നു, മുസ്ലിം സമൂഹത്തിന്റെ സ്നേഹ സൗഭാത്രങ്ങളിൽനിന്ന് അയാൾ തിരസ്കൃതനായിരിക്കുന്നു, മുസ്ലിം എന്ന നാമവിശേഷം സമ്മാനിക്കുന്ന സംരക്ഷണ വലയത്തിൽനിന്ന് പുറത്താക്കപ്പെട്ടിരിക്കുന്നു, ഇഹത്തിലും പരത്തിലും അയാൾ അഭിശപ്തനായിത്തീർന്നിരിക്കുന്നു എന്നാണ്.

ഈ ശബ്ദത്തിൽ ഉൾച്ചേർന്നിരിക്കുന്ന ആശയങ്ങൾ മനുഷ്യജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളെയും ചൂഴ്ന്നുനിൽക്കുന്നു. സമസ്ത തലങ്ങളെയും അഗാധമായി സ്പർശിക്കുന്നു. അവയുടെ ആഴങ്ങളിലേക്ക് അത്രത്തോളം കടന്നു ചെല്ലാത്തവരിൽ പോലും അത് അവ്യക്തമെങ്കിലും ഭയാനകമായ ചില ആഘാതങ്ങൾ ഏൽപിക്കും. അതിന്റെ പ്രഹരശേഷി അത്രമേൽ കഠിനതരമാണെന്നു വ്യക്തം.

അല്ലാഹുവിന്റെ ദീനിലേക്ക് ഒരിക്കലും കടന്നു വന്നിട്ടില്ലാത്തവർ ശർഇന്റെ ഭാഷയിൽ അവിശ്വാസികളും കാഫിറുകളുമാണ്. കൊടിയ ശിർക്കിലും കുഫ്റിലും മേയുന്ന, മുൻകാലത്ത് ഗ്രന്ഥം നൽകപ്പെട്ട ജൂത-ക്രൈസ്തവ വിഭാഗങ്ങൾ അവിശ്വാസികളും മുശ്രിക്കുകളുമാണെന്നതിൽ പക്ഷാന്തരമില്ല. പക്ഷെ, ഖുർആനിൽ അവരെ അഭിസംബോധന ചെയ്യാറുള്ള രീതി ഗ്രന്ഥാവകാശികൾ (أَهْلُ الْكِتَابِ) എന്നാണ്. ഇസ്ലാം സ്വീകരിക്കുകയും മറ്റു പല കാരണങ്ങളാലും ശിർക്കൻ വിശ്വാസങ്ങളിലും പ്രവർത്തനങ്ങളിലും അകപ്പെട്ടു പോകുകയും ചെയ്ത ആളുകൾ ധാരാളമുണ്ട്. ശർഇന്റെ ഭാഷയിൽ അവരെ കുറിച്ച് വ്യവഹരിക്കുന്നത് അഹ്ലുൽ ഖിബ്ലഃ (أَهْلُ الْقِبْلَةِ) എന്നാണ്; കാഫിർ എന്നല്ല.

ഒരിക്കൽ അല്ലാഹുവിനെ അറിയുകയും ശഹാദത്ത് പ്രഖ്യാപിക്കുകയും ചെയ്തവൻ പിന്നീട് എന്ത് ചെയ്താലും ഇസ്ലാമിൽനിന്ന് പുറത്ത് പോകില്ല എന്നും, ഒരു പാപവും അവനു ദോഷം വരുത്തുകയില്ല എന്നും ഒരു വാദമുണ്ട്. അത് തീർത്തും തെറ്റായ ചിന്താഗതിയാണ്. അതൊരു നവീനമായ ആശയമോ പുതിയ വാദ

മുഖമോ അല്ല. അതാണ് മുൻകാലങ്ങളിൽ അറിയപ്പെട്ട ഇർജാഅ് എന്ന ബിദ്അത്ത്. ഈ വാദമുഖം അംഗീകരിച്ചവരെയാണ് പിഴച്ച കക്ഷിയായ മുർജിഅഃ എന്ന് വിളിക്കുന്നത്. ഇർജാഇനെ പൗരാണികരായ ഇമാമുകളും പണ്ഡിതന്മാരും വേണ്ടതു പോലെ കൈകാര്യം ചെയ്തിട്ടുള്ളതും ഇസ്ലാമിക വിശ്വാസ സംഹിത ക്രോഡീകരിച്ചിരിക്കുന്ന ഗ്രന്ഥങ്ങളിൽ അതിനെ കുറിച്ച് സമഗ്രമായി പ്രതിപാദിച്ചിട്ടുള്ളതുമാണ്. മുസ്ലിം സമുദായാംഗങ്ങളിൽ ശിർക്കും കുഫ്റും കടന്നുവരുമെന്നും, അവരിൽനിന്നുള്ള ചില വിഭാഗങ്ങൾ മുശ്രിക്കുകളോടൊപ്പം ചേരുമെന്നും, അന്തരാള കാലത്ത് ആരാധിക്കപ്പെട്ടിരുന്ന ലാത്ത-ഉസ്സാ വിഗ്രഹങ്ങൾ വീണ്ടും ആരാധിക്കപ്പെടുമെന്നും അതുവരെ അന്ത്യനാൾ സംഭവിക്കുകയില്ലെന്നും നബി ﷺ പറഞ്ഞത് സ്ഥിരപ്പെട്ട ഹദീസുകളിലുണ്ട്.

മുൻകാലത്തെന്ന പോലെ ആധുനിക കാലത്തും അർബുദം കണക്കെ മുസ്ലിം സമൂഹങ്ങളെ കാർന്നു തിന്നുകൊണ്ടിരിക്കുന്ന മാരകമായ മറ്റൊരു പ്രവണതയാണ് തക്ഫീർ. മതപരവും രാഷ്ട്രീയവുമായ കാരണങ്ങളാൽ ഉടലെടുത്ത അഭിപ്രായ വ്യത്യാസങ്ങളുടെ പേരിൽ ഒരു മുസ്ലിം മറ്റൊരു മുസ്ലിമിനെ കാഫിറാക്കുന്ന രീതി തുടങ്ങി വെച്ചത് ഖവാരിജുകളാണ്. വൻപാപം ചെയ്തവൻ കാഫിറാകുകയും, മതപരിത്യാഗം ചെയ്ത് ദീനിൽനിന്ന് പുറത്ത് പോകുകയും, പരലോകത്ത് നരകശിക്ഷയിൽ ശാശ്വതമായി കഴിച്ചു കൂട്ടേണ്ടി വരുകയും ചെയ്യുമെന്നതായിരുന്നു അവരുടെ വാദം. ഇത് മുഅ്തസിലികൾ പോലുള്ള മറ്റു കക്ഷികളെയും മജ്ജയോളം ആഴത്തിൽ സ്വാധീനിച്ചിട്ടുള്ളതാണ്.

ആധുനിക കാലത്ത് ഖുത്വ്ബ്-മൗദൂദി അച്ചുതണ്ടാണ് ഇതിന്റെ ഏറ്റവും വലിയ വക്താക്കളും പ്രയോക്താക്കളുമായി രംഗത്തു വന്നത്. തക്ഫീറിന്റെ അടുത്ത പടി ആയുധങ്ങളും രക്തപ്പുഴകളും സ്ഫോടന പരമ്പരകളുമാണെന്നത് ചരിത്രം മാത്രമല്ല, വർത്തമാനകാല യാഥാർത്ഥ്യം കൂടിയാണ്. ആദ്യം കാഫിറാക്കുക. പിന്നീട്

അവർക്കെതിരിൽ ആയുധം പ്രയോഗിക്കുക. ഈ രീതി ഇസ്ലാം എന്ന അടിസ്ഥാന ആശയത്തിനും അതിന്റെ മനോഹരമായ വിഭാവനകൾക്കും കടക വിരുദ്ധമാണ്. ഇഖ്വാനീ-മൗദൂദി അച്ചുതണ്ടിന്റെ ഉപോൽപന്നമായി രംഗത്തു വന്ന തക്ഫീർ-ഹിജ്റഃ പ്രസ്ഥാനങ്ങൾ (جَمَاعَةُ التَّكْفِيرِ وَالْهِجْرَةِ) അതിന്റെ ജീവിക്കുന്ന ഉദാഹരണങ്ങളാണെന്ന് ആർക്കാണറിയാത്തത്!

പത്തൊമ്പതാം നൂറ്റാണ്ടിൽ മുസ്ലിം ലോകത്തുണ്ടായ ഒരു സുപ്രധാന മാറ്റം മദ്ഹബീ പക്ഷപാതം അൽപം ക്ഷയിച്ചു എന്നുള്ളതാണ്. അതേസമയം, തൽസ്ഥാനത്ത് സംഘടനാ പക്ഷപാതവും കക്ഷിത്വവും കൂടുതൽ ശക്തമായി തിരിച്ചു വരുന്നതാണ് നാം കാണുന്നത്. തൽഫലമായി, കക്ഷിത്വത്തിന്റ പേരിൽ പല വിഭാഗങ്ങളും അഹ്ലുൽ ഖിബ്ലഃയിൽപെട്ട പ്രതിയോഗികളെ യാതൊരു ജാഗ്രതയും കൂടാതെ കാഫിറാക്കുന്ന സ്ഥിതി വിശേഷം സംജാതമായി. കൊല ചെയ്യുന്നവൻ കൊലയാളി, വ്യഭിചരിക്കുന്നവൻ വ്യഭിചാരി, മോഷ്ടിക്കുന്നവൻ കള്ളൻ.. എങ്കിൽ ശിർക്കൻ വിശ്വാസമോ പ്രവർത്തനമോ അനുവർത്തിക്കുന്നവൻ മുശ്രിക്കും കാഫിറും. ലളിതവും അപക്വവുമായ ഇത്തരം ഒരു താർക്കിക യുക്തിയുടെ അടിസ്ഥാനത്തിൽ ശഹാദത്ത് പ്രഖ്യാപിച്ച് മുസ്ലിമായി അറിയപ്പെട്ട, അഹ്ലുൽ ഖിബ്ലഃയിലുൾപ്പെടുന്ന ഒരു വ്യക്തിയെ ഏതൊരാൾക്കും എപ്പോൾ വേണമെങ്കിലും കാഫിറാക്കാം എന്നാണവർ വാദിക്കുന്നത്! മാത്രമല്ല, ആദർശപരമായ കണിശതയുടെയും വിശുദ്ധിയുടെയും മറ പിടിച്ചു കൊണ്ടാണ് ഈ കാഫിറാക്കൽ അരങ്ങേറുന്നതും!!

കേരളത്തിൽ പ്രബോധന രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളോ കൂട്ടായ്മകളോ വ്യക്തികളോ ആരുമാവട്ടെ, ഈ വ്യാളിയുടെ പിടുത്തത്തിലാണ് അവരിൽ അധിക പേരും. പ്രതിയോഗികളെ കാഫിറാക്കി മുദ്രയടിക്കുക, എന്നിട്ട് അവർക്കെതിരിൽ ആയുധം പ്രയോഗിക്കുക എന്നത് യഥാർത്ഥത്തിൽ ഖവാരിജുകളുടെ

അടിസ്ഥാന സ്വഭാവമാണ്. ഖവാരിജുകളുടെ സ്വാധീനമില്ലാത്ത ഒരു ബിദ്ഈ കക്ഷിയുമില്ലെന്നത് ഒരു യാഥാർത്ഥ്യമാണ്. ഖുറൂജിന്റെ ലാഞ്ഛനം ഒട്ടുമില്ലാത്ത ഒരു ബിദ്ഈ കക്ഷിയുമില്ലെന്ന് പണ്ഡിതന്മാർ സലക്ഷ്യം ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. പ്രബോധന പ്രസ്ഥാനങ്ങൾക്കിടയിൽ ഇന്ന് കണ്ടുവരുന്ന കാഫിറാക്കൽ പ്രവണത അതിന്റെ ഭാഗമാണെന്നു വേണം കരുതാൻ. പരസ്പരം കാഫിറാക്കാത്ത ഒരു കക്ഷിയോ വിഭാഗമോ കേരളത്തിലുള്ളതായി അറിവില്ല. അവരുടെ കൂട്ടത്തിൽ അപവാദമായി അല്ലാഹു അനുഗ്രഹിച്ച ചില വ്യക്തികളുണ്ടായിരിക്കാം. മതപരമായ ഭിന്നതകളുടെ പേരിൽ, കക്ഷി താൽപര്യത്തിനു വേണ്ടി, പരസ്പരം കാഫിറാക്കൽ നിർബാധം തുടർന്നു കൊണ്ടിരിക്കുകയാണ്.

ദീനിയായ അറിവില്ലായ്മ, പ്രമാണങ്ങളെ യുക്തിയും തർക്കവും ഉപയോഗിച്ച് മറികടക്കാനുള്ള പ്രവണത, കക്ഷിതാൽപര്യങ്ങൾ, പക്ഷപാത മനഃസ്ഥിതി, വൈകാരിക പരവശത, പ്രസംഗകരുടെ ആവേശത്തള്ളിച്ച.. ഇങ്ങനെയുള്ള പലതുമായിരിക്കാം അതിനുള്ള പ്രചോദനം. ഇത്തരക്കാരുടെ അപക്വമായ താർക്കിക യുക്തി വർദ്ധിത വീര്യത്തോടെ പ്രാസംഗികമായി അവതരിപ്പിക്കുമ്പോൾ പാമര ജനം അതിന്റെ മായാവലയത്തിൽ അകപ്പെട്ടു പോകുക സ്വാഭാവികം മാത്രം.

മാത്രമല്ല, ഇവിടെ കണ്ടുവരുന്നത് വളരെ വിചിത്രമായ തക്ഫീറാണെന്ന് പറയേണ്ടിയിരിക്കുന്നു. മതപരമായ അഭിപ്രായ വ്യത്യാസങ്ങളുടെ പേരിൽ തങ്ങളോട് വിയോജിക്കുന്നവരെ പരസ്പരം കൂട്ടമായി തക്ഫീർ ചെയ്യുന്ന രീതിയാണത്. എതിർ വിഭാഗത്തിന്റെ പള്ളികളിൽ പോകാൻ പാടില്ല, അവരെ തുടർന്നു നമസ്കരിക്കാൻ പാടില്ല, അവർ കാഫിറുകളാണ്, മുശ്രിക്കുകളാണ്.. വിദ്വേഷത്തിന്റെയും ധ്രുവീകരണത്തിന്റെയും ഈ ആർപ്പുവിളികൾക്കപ്പുറം അതിന്റെ അനന്തര ഫലങ്ങളെ കുറിച്ച് അവർക്ക് യാതൊരു നിശ്ചയവുമില്ല. ഹദ്ദാദികളുടെ രംഗപ്രവേശത്തോടെ അവർ അറു

ത്തത് ഭക്ഷിക്കാൻ പാടില്ല എന്നു കൂടി പറഞ്ഞു കേൾക്കുന്നുണ്ട്. മുസ്‌ലിമായി അറിയപ്പെട്ട ഒരു വ്യക്തിയെ ശർഅ് അനുശാസിക്കും വിധം കാഫിറാക്കേണ്ടി വന്നാൽ പിന്നെ അയാളെ തുടർന്ന് നമസ്കരിക്കാൻ പാടില്ല, അറുത്തത് ഭക്ഷിക്കാൻ പാടില്ല എന്നതിൽ പ്രശ്നം അവസാനിക്കുകയില്ല. ആ വ്യക്തിക്ക് ഭാര്യയുമായോ അല്ലെങ്കിൽ ഭർത്താവുമായോ ഉള്ള ബന്ധം അതോടെ വിച്ഛേദിക്കപ്പെടും. അയാൾക്ക് മുസ്‌ലിമായ പെൺകുട്ടികളുണ്ടെങ്കിൽ അവരുടെ രക്ഷാകർത്തൃത്ത്വം അസാധുവാക്കപ്പെടും. മുസ്‌ലിമായ തന്റെ മാതാപിതാക്കളുടെ അനന്തര സ്വത്ത് അയാൾക്ക് നൽകപ്പെടില്ല. മുസ്‌ലിമായ മക്കൾക്ക് അയാളെ അനന്തരമെടുക്കാനും പറ്റില്ല. മരിച്ചാൽ അയാളെ ഇസ്‌ലാമികാചാരമനുസരിച്ച് സംസ്കരിക്കാനോ മുസ്‌ലിം മഖ്ബറഃയിൽ മറവു ചെയ്യാനോ പാടില്ല. അയാൾ മുസ്‌ലിം സമുദായത്തിന്റെ സംരക്ഷണ ഭിത്തി തകർത്ത് പുറത്തു പോയിരിക്കുന്നു. അയാൾ ആത്മീയമായി അഭിശപ്തനും സാമൂഹികമായി നിഷ്കാസിതനുമാണ്. സാമൂഹികമായി അഭിസംബോധന ചെയ്യപ്പെടേണ്ട ഇതു പോലുള്ള ഒട്ടനവധി പ്രശ്നങ്ങളുണ്ട്. അവയെ കുറിച്ച് തക്ഫീർ നടത്തുന്ന ഈ കക്ഷികൾക്കൊന്നും യാതൊരു അറിവോ ആലോചനയോ ഇല്ലെന്നതാണ് സത്യം.

ചുരുക്കത്തിൽ, യാതൊരു സൂക്ഷ്മതയും കൂടാതെ കൈകാര്യം ചെയ്യാവുന്ന ഒന്നല്ല തക്ഫീർ എന്ന വജ്രായുധം. അത് മതത്തിലും സമൂഹത്തിലുമുണ്ടാക്കുന്ന ഭവിഷ്യത്തുകൾ വളരെ ഭയാനകമാണ്. കുഫ്റും ശിർക്കും മുസ്‌ലിംകളിൽ കടന്നുവരും, അത് അവരുടെ ദീൻ നശിപ്പിക്കും എന്നതു സത്യമാണ്. പക്ഷെ, അത്തരക്കാരെ ആർ എപ്പോഴാണ് കാഫിറാക്കി മുദ്രയടിക്കേണ്ടത്? തക്ഫീറിൽ പുലർത്തേണ്ട ജാഗ്രതയെന്താണ്? അതിൽ പാലിക്കേണ്ട വ്യവസ്ഥകളും മര്യാദകളും എന്തൊക്കെയാണ്? ഇതിനെ കുറിച്ചൊന്നും ആരും ആലോചിക്കുന്നില്ല. തനിക്ക് താൽപര്യമില്ലാത്തവനെതിരിൽ എപ്പോൾ വേണമെങ്കിലും ഉപയോഗിക്കാവുന്ന ഒരായുധമായി മാറിയിരിക്കുന്നു തക്ഫീർ. അതിനാൽ ഈ ലഘു കൃതി മു

സ്ലിം കൈരളിയുടെ മൊത്തം മനഃസാക്ഷിക്കു മുന്നിലാണ് അവതരിപ്പിക്കുന്നത്. അപകടകരമായ റാഡിക്കൽ മനോഭാവത്തിന് അടിമപ്പെടാത്തവർക്ക് അല്ലാഹു ഇത് ഉപകാരപ്രദമാക്കുമെന്ന് പ്രത്യാശിക്കുന്നു.

വിശുദ്ധ ഖുർആൻ വിവരണം: പരിഭാഷകളും വ്യാഖ്യാനങ്ങളും വായിക്കുന്നവർക്കുള്ള ഒരു മാർഗ്ഗരേഖ എന്ന ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേഖനമാണ് ഈ ലഘുകൃതിക്ക് അടിസ്ഥാനം. ഗ്രന്ഥകർത്താവിന്റെ അനുവാദത്തോടും നിർദ്ദേശത്തോടും കൂടി അതിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്. വിയോജിക്കുന്നവരെല്ലാം ഒറ്റയടിക്ക് ഇക്കാര്യം സ്വീകരിക്കുമെന്നൊരു മൗഢ്യവുമില്ല. സത്യത്തിന്റെ അതിരുകൾ സ്ഥാനചലനമില്ലാതെ കൃത്യതയോടെ അടയാളപ്പെടുത്തുക, ഇസ്വ്ലാഹിന്റെ കൈത്തിരി അണയാതെ സൂക്ഷിക്കുക, എന്നതിനാണ് ഇവിടെ പ്രഥമ പരിഗണന നൽകിയിരിക്കുന്നത്. അതിലൂടെ അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് രക്ഷ നേടുക എന്നതാണ് ലക്ഷ്യം. ജനങ്ങളുടെ സ്വീകാര തിരസ്കാരങ്ങൾ രണ്ടാമത്തെ കാര്യമാണ്. എല്ലാവരും ഇത് സ്വീകരിക്കും എന്ന ഉറപ്പിലല്ല; പറഞ്ഞേ പറ്റൂ എന്ന നിർബന്ധത്തിന്റെ പുറത്താണ് ഇത് എഴുതുന്നത്. രഹസ്യവും പരസ്യവും അറിയുന്ന അല്ലാഹു നമ്മുടെ സദുദ്ദേശ്യങ്ങളും സദുദ്യമങ്ങളും സ്വീകരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

അധ്യായം ഒന്ന്

# മൻഹജ്

## ചില പ്രാഥമിക പാഠങ്ങൾ

മതപരമായ വിഷയങ്ങളിൽ നടത്തുന്ന ഏതൊരു അന്വേഷണവും പഠനവും കൃത്യവും ആധികാരികവുമായ ഒരു ചട്ടക്കൂടിനകത്തു വെച്ചുകൊണ്ടായിരിക്കണം. വളയമില്ലാത്ത ചാട്ടങ്ങൾ ലക്ഷ്യമില്ലാത്ത അപഥ സഞ്ചാരമായിട്ടേ വിലയിരുത്താനാകൂ. നാം പിന്തുടരേണ്ട സവിശേഷമായ വ്യാവഹാരികക്രമം അറിയപ്പെടുന്നത് സലഫീ മൻഹജ് എന്ന പേരിലാണ്. അതിന്റെ വിശദാംശങ്ങൾ നേരത്തെ പ്രസിദ്ധീകരിച്ച രണ്ടു പുസ്തകങ്ങളിലും ആമുഖമായി കൊടുത്തിട്ടുണ്ട്. അത് ഇവിടെ ആവർത്തിക്കാൻ ഉദ്ദേശിക്കുന്നില്ല. സത്യാന്വേഷികളായ അനുവാചകർക്ക് 'മാസപ്പിറവി മൻഹജും മസ്അലഃയും' എന്ന പുസ്തകമോ, 'അരുത് കൂട്ടരേ, അത് ജിന്നുസേവയാണ്' എന്ന പുസ്തകമോ പരിശോധിക്കാവുന്നതാണ്. ഇവിടെ മൻഹുജമായി ബന്ധപ്പെട്ട് പ്രത്യേക പരാമർശമർഹിക്കുന്ന ഏതാനും ചില കാര്യങ്ങൾ മാത്രമേ ചൂണ്ടിക്കാണിക്കുന്നുള്ളു.

അല്ലാഹു മനുഷ്യനു നൽകിയ ഒരു ശക്തിവിശേഷമാണ് ബുദ്ധി (عَقْلٌ). അതിന്റെ പ്രയോഗത്തിലൂടെയാണ് യുക്തിചിന്തനം (رَأْيٌ)

സാധ്യമാകുന്നത്. ബുദ്ധി പ്രയോഗിക്കുമ്പോൾ പാലിക്കേണ്ട ചില വ്യവസ്ഥകളും മര്യാദകളുമുണ്ട്. അതിരുവിട്ട യുക്തിചിന്തനം മനുഷ്യനെ ആത്മനാശത്തിന്റെ പടുകുഴിയിലേക്കായിരിക്കും കൊണ്ടെത്തിക്കുക. ഓരോരുത്തരും അവരവരുടെ യുക്തിയുടെ മികവിൽ അഭിരമിക്കുകയും സ്വയം വഞ്ചിതരാവുകയും ചെയ്യുന്നത് ഒട്ടുമേ ഹിതകരമല്ല. അങ്ങനെ വന്നാൽ ഓരോരുത്തരും അവരവരുടെ അഭിപ്രായങ്ങൾക്കും അഭീഷ്ടങ്ങൾക്കും മുൻഗണന നൽകി മറ്റെല്ലാം നിഷേധിക്കുന്ന അഹങ്കാരികളായി മാറും. അഹങ്കാരത്തിന്റെയും ഔദ്ധത്യത്തിന്റെയും അന്ധത ബാധിക്കുമ്പോൾ സത്യവും മൂല്യവും നിസ്സങ്കോചം ചവിട്ടിമെതിക്കും. തൽഫലമായി പരസ്പര സംഘർഷങ്ങളും കുഴപ്പങ്ങളും ഉടലെടുക്കുകയും, ക്രമേണ അത് മാനവരാശിയെ സർവ്വനാശത്തിലേക്ക് തള്ളിവിടുകയും ചെയ്യും.

നന്മയും തിന്മയും പുണ്യവും പാപവും നിർണ്ണയിക്കുന്നത് അല്ലാഹുവാണ്. ഇഹപര ജീവിത വിജയത്തിനാധാരമായ മാർഗ്ഗദർശനങ്ങളും മൂല്യവ്യവസ്ഥകളും നാം ആവിഷ്കരിക്കുന്നവയല്ല; അല്ലാഹു അവതരിപ്പിക്കുന്നവയാണ്. ആത്യന്തികമായി നന്മ തിന്മകൾ നിശ്ചയിക്കാൻ മനുഷ്യബുദ്ധിക്കാവില്ല. മനുഷ്യനെയും മനുഷ്യബുദ്ധിയെയും സൃഷ്ടിച്ച, മനുഷ്യാസ്തിത്വത്തിന്റെ സകലമാന സാധ്യതകളും ബാധ്യതകളുമറിയുന്ന, സൂക്ഷ്മജ്ഞാനിയും പരമകാരുണികനുമായ അല്ലാഹുവിന് മാത്രമാണ് അത് നിശ്ചയിക്കാൻ സാധിക്കുക. അവയുടെ യുക്തിപരതയും ശാസ്ത്രീയതയും പ്രായോഗികതയും കാലികതയും സ്വീകാര തിരസ്കാരങ്ങളും ഒന്നും തന്നെ മനുഷ്യബുദ്ധി ഉപയോഗിച്ച് തീർച്ചപ്പെടുത്തേണ്ട കാര്യങ്ങളല്ല. ഈ രംഗത്ത് മനുഷ്യബുദ്ധിക്കും യുക്തിക്കും യാതൊരു സ്ഥാനവുമില്ല. മനുഷ്യബുദ്ധി കളങ്കരഹിതമാണെങ്കിൽ നന്മയെ നന്മയായും, തിന്മയെ തിന്മയായും മനസ്സിലാക്കാൻ അതിനു കഴിയും. അല്ലാഹു അവതരിപ്പിച്ച മാർഗ്ഗദർശനങ്ങൾ മനസ്സിലാക്കാനും അത് ജീവിതത്തിൽ പ്രയോഗിക്കാനും ബുദ്ധി ഉപയോഗിക്കേണ്ടതായും വരും. ഇതാണ് മതമൂല്യങ്ങളുടെ കാര്യത്തിൽ മനുഷ്യബുദ്ധിക്കുള്ള പങ്ക്.

ഇത്രയും വിശദീകരിച്ചത്, ചർച്ചയിലിരിക്കുന്ന തക്ഫീറോ സമാനമായ മറ്റു വിഷയങ്ങളോ തീരുമാനിക്കേണ്ടത് ബുദ്ധിയുടെയോ യുക്തിയുടെയോ അഭീഷ്ടത്തിന്റെയോ അടിസ്ഥാനത്തിലല്ല എന്നു പറയാനാണ്. മതപരമായ കാര്യങ്ങൾ തീർച്ചപ്പെടുത്തേണ്ടത് വഹ്‌യിലൂടെ ലഭിച്ച അറിവിന്റെയും പ്രമാണരേഖകളുടെയും അടിസ്ഥാനത്തിൽ മാത്രമായിരിക്കണം. നിഷ്പക്ഷമായും സത്യസന്ധമായും കാര്യങ്ങൾ വിലയിരുത്തുന്ന ഒരാൾക്കും മനുഷ്യബുദ്ധിയുടെ പരിമിതികളെ കുറിച്ചും, അതിന്റെ നിഷേധാത്മക ഭാവങ്ങളെ കുറിച്ചും കൂടുതൽ വിവരിച്ച് കൊടുക്കേണ്ട കാര്യമില്ല. ബുദ്ധിക്ക് അപ്രമാദിത്വവും ആധികാരികതയും കൽപിച്ചാൽ അത് ഉളവാക്കിയേക്കാവുന്ന അപകടങ്ങൾ ഭയാനകമായിരിക്കും. ശരിയായ വിധത്തിൽ കടിഞ്ഞാണിട്ട് നിയന്ത്രിച്ചില്ലെങ്കിൽ അനന്യത്ര കുഴപ്പങ്ങളിലേക്കും സർവ്വനാശങ്ങളിലേക്കുമായിരിക്കും അത് മാനവരാശിയെ കൊണ്ടെത്തിക്കുക.

സമൂഹത്തിൽ ഇന്ന് കാണുന്ന മുഴുവൻ തക്ഫീരീ ചിന്താഗതികളുടെയും അടിസ്ഥാനം അപക്വമായ യുക്തിബോധമാണ്. വ്യഭിചരിച്ചവൻ വ്യഭിചാരി, മോഷ്ടിച്ചവൻ കള്ളൻ, കൊല ചെയ്തവൻ കൊലയാളി.. എങ്കിൽ ശിർക്ക് ചെയ്തവൻ മുശ്‌രിക്കും കാഫിറും. അല്ലാതെ ശിർക്ക് ചെയ്തവനെ പിന്നെ മുസ്‌ലിം എന്നാണോ വിളിക്കേണ്ടത്? ചിന്താശേഷിയില്ലാത്ത അൽപബുദ്ധികളെ പിഴപ്പിക്കാൻ ഈ വികല യുക്തി മതിയാകും. പക്ഷെ കാര്യം മറിച്ചാണ്. അതു വഴിയെ വിശദീകരിക്കുന്നുണ്ട്.

ഇവിടെ നാം ജാഗ്രതയോടെ മുറുകെ പിടിക്കുകയും അചഞ്ചലമായി ഉറപ്പിച്ചു നിർത്തുകയും ചെയ്യേണ്ട ഇസ്‌ലാമിന്റെ സുപ്രധാനമായ ചില ആധാരങ്ങളുണ്ട്. അത് എന്തെന്നു വെച്ചാൽ മതപരമായ കാര്യങ്ങളിൽ ബുദ്ധി തെറ്റായ രീതിയിൽ പ്രയോഗിക്കുകയും യുക്തിയുടെയും തർക്കത്തിന്റെയും മാർഗ്ഗം അവലംബിക്കുകയും അഭീഷ്ടങ്ങൾ പിന്തുടരുകയും ചെയ്യുക എന്നത് ഒരു മുസ്‌ലിമിന്റെ മാർഗ്ഗമേ അല്ല. മറിച്ച്, വഹ്‌യിലൂടെ ലഭിച്ച അറിവും രേഖയും മാ

ത്രമാണ് മതകാര്യങ്ങളുടെ അവലംബം. ഖുർആനും ഹദീസും മൊത്തമായി തന്നെ ഈ അടിസ്ഥാന യാഥാർത്ഥ്യത്തെ സാധൂകരിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. അല്ലാഹു പറയുന്നത് കാണുക:

﴿اتَّبِعُوا مَا أُنْزِلَ إِلَيْكُمْ مِنْ رَبِّكُمْ وَلَا تَتَّبِعُوا مِنْ دُونِهِ أَوْلِيَاءَ قَلِيلًا مَا تَذَكَّرُونَ ۝٣﴾ (الأعراف)

[നിങ്ങളുടെ റബ്ബിൽനിന്ന് നിങ്ങൾക്ക് അവതരിച്ചത് നിങ്ങൾ പിന്തുടരണം. അതിനു പുറമെ മറ്റു ഔലിയാക്കൾ ആരെയും നിങ്ങൾ പിൻപറ്റിപ്പോകരുത്. കുറച്ചു മാത്രമല്ലേ നിങ്ങൾ ആലോചിക്കുന്നുള്ളു!] (അഅ്റാഫ് 3)

മറിച്ച്, മതപരമായ കാര്യങ്ങളിൽ ബുദ്ധിയുടെയും യുക്തിയുടെയും തർക്കത്തിന്റെയും അഭീഷ്ടങ്ങളുടെയും മാർഗ്ഗം അവലംബിച്ചാൽ അതിന്റെ ഫലം തിക്തമായിരിക്കും. അല്ലാഹു പറയുന്നു:

﴿وَلَوِ اتَّبَعَ الْحَقُّ أَهْوَاءَهُمْ لَفَسَدَتِ السَّمَاوَاتُ وَالْأَرْضُ وَمَنْ فِيهِنَّ بَلْ أَتَيْنَاهُمْ بِذِكْرِهِمْ فَهُمْ عَنْ ذِكْرِهِمْ مُعْرِضُونَ ۝٧١﴾ (المؤمنون)

[അവരുടെ അഭീഷ്ടങ്ങളെയായിരുന്നു സത്യം പിന്തുടർന്നിരുന്നത് എങ്കിൽ ആകാശഭൂമികളും അവയിലുള്ളവയുമെല്ലാം കുഴപ്പത്തിൽ അകപ്പെട്ടു കഴിഞ്ഞിട്ടുണ്ടാകുമായിരുന്നു. മറിച്ച്, അവർക്കുള്ള സന്ദേശം നാം തന്നെ എത്തിച്ചു കൊടുത്തിരിക്കുന്നു. എന്നിട്ടും അവർ തങ്ങൾക്കുള്ള സന്ദേശത്തിൽനിന്ന് തിരിഞ്ഞുകളയുകയാണല്ലോ!] (മുഅ്മിനൂൻ 71)

യുക്തിയും തർക്കവും വിശ്വാസികളുടെ മാർഗ്ഗമല്ല. മറിച്ച്, അല്ലാഹുവിന്റെയും റസൂലിന്റെയും കൽപനകൾക്ക് സർവ്വഥാ വഴിപ്പെടുക എന്നതു മാത്രമാണ് നമ്മുടെ മുന്നിലുള്ള വഴി. നബി ﷺ പറയുന്നത് കാണുക:

عن أبي هريرة ﷺ، قال رسول الله ﷺ: ذَرُونِي مَا تَرَكْتُكُمْ، فَإِنَّمَا هَلَكَ مَنْ كَانَ قَبْلَكُمْ بِكَثْرَةِ سُؤَالِهِمْ وَاخْتِلَافِهِمْ عَلَى أَنْبِيَائِهِمْ، فَإِذَا أَمَرْتُكُمْ بِشَيْءٍ فَأْتُوا مِنْهُ مَا اسْتَطَعْتُمْ، وَإِذَا نَهَيْتُكُمْ عَنْ شَيْءٍ فَدَعُوهُ. [مسلم في صحيحه]

[അബൂ ഹുറയ്റഃ ﷺ നിവേദനം. നബി ﷺ പറഞ്ഞു: ഞാൻ നിങ്ങൾക്ക് ഒഴിവാക്കിത്തന്ന കാര്യങ്ങളിൽ നിങ്ങൾ എന്നെ വിട്ടേക്കുക. നിങ്ങൾക്കു മുമ്പുള്ളവർ നശിച്ചത് അവരുടെ അനാവശ്യമായ ചോദ്യങ്ങളാലും അമ്പിയാക്കളോടുള്ള വിയോജി പ്പിനാലുമായിരുന്നു. ഞാൻ നിങ്ങളോട് ഒരു കാര്യം കൽപിച്ചാൽ കഴിയുന്നത്ര നിങ്ങളത് നിർവ്വഹിച്ചുകൊള്ളുക. ഞാൻ ഒരു കാര്യം വിലക്കിയാൽ അതു നിങ്ങൾ പരിവർജ്ജിക്കുകയും ചെയ്യുക.](മുസ്‌ലിം സ്വഹീഹിൽ ഉദ്ധരിച്ചത്)

സച്ചരിതരായ സലഫുകളും ഇക്കാര്യം വെട്ടിത്തുറന്ന് പ്രസ്താവിക്കുന്നുണ്ട്. മഹാനായ ഖലീഫഃ ഉമർ ﷺ നൽകുന്ന ഒരു ഉപദേശം കാണുക:

عن عبيد الله بن عمر أن عمر بن الخطاب ﷺ قال: اتقوا الرأي في دينكم. [ابن عبد البر في جامع بيان العلم وفضله]

[ഉബൈദുല്ലാഹ് ബിൻ ഉമർ ﷺ നിവേദനം. ഉമർ ﷺ പറഞ്ഞു: നിങ്ങളുടെ ദീനിൽ നിങ്ങൾ യുക്തി പ്രയോഗിക്കുന്നത് സൂക്ഷിക്കുക.] (ഇബ്നു അബ്ദിൽ ബർ, ജാമിഉ ബയാനിൽ ഇൽമി വ ഫള്ലിഹിയിൽ ഉദ്ധരിച്ചത്)

അദ്ദേഹത്തിന്റെ മറ്റൊരു വചനം കൂടി ഇവിടെ ഉദ്ധരിക്കുന്നത് ആനുഷംഗികമായിരിക്കും.

إياكم وأصحاب الرأي، فإنهم أعداء السنن، أعيتهم أحاديث الرسول ﷺ أن يحفظوها، فقالوا بالرأي فضلّوا وأضلّوا. [اللالكائي في شرح أصول اعتقاد أهل السنة والجماعة، وابن عبد البر في جامع بيان العلم وفضله]

[നിങ്ങൾ താർക്കികന്മാരെ സൂക്ഷിക്കുക! അവർ സുന്നത്തിന്റെ ശത്രുക്കളാണ്. നബി ﷺ യുടെ വചനങ്ങൾ ഹൃദിസ്ഥമാക്കുന്നത് അവരെ തളർത്തിക്കളഞ്ഞു. അപ്പോൾ അവർ യുക്തിയനുസരിച്ച് വാദിക്കാൻ തുടങ്ങി. അങ്ങനെ അവർ സ്വയം പിഴക്കുകയും മറ്റുള്ളവരെ പിഴപ്പിക്കുകയും ചെയ്തു.] (ലാലകാഈ, ശർഹു ഉസ്വൂലി ഇഅ്തിഖാദി അഹ്‌ലിസ്സുന്നത്തി വൽ ജമാഅഃയിലും, ഇബ്ന അബ്ദിൽ ബർ, ജാമിഉ ബയാനിൽ ഇൽമി വ ഫള്‌ലിഹിയിലും ഉദ്ധരിച്ചത്)

അതേപോലെ, നാലാം ഖലീഫഃ അലിയ്യു ബിൻ അബീ ത്വാലിബ് رضي الله عنه മതകാര്യങ്ങളിൽ യുക്തിക്ക് യാതൊരു സ്ഥാനവുമില്ലെന്ന് അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നത് നോക്കൂ:

عن علي رضي الله عنه قال: لو كان الدين بالرأي لكان أسفل الخف أولى بالمسح من أعلاه، وقد رأيت رسول الله يمسح على ظاهر خفيه. [أبو داود في سننه وصححه الألباني]

[അലി رضي الله عنه പറയുന്നു: മതം യുക്തിക്കനുസരിച്ചായിരുന്നു എങ്കിൽ (അംഗസ്നാനം ചെയ്യുമ്പോൾ) ബൂട്ടിന്റെ മുകൾഭാഗത്തെ അപേക്ഷിച്ച് താഴ്ഭാഗം തടവാനാണ് കൂടുതൽ തരപ്പെട്ടത്. എന്നാൽ നബി ﷺ തന്റെ രണ്ടു ബൂട്ടുകളുടെയും മുകൾഭാഗം തടവുന്നതാണ് ഞാൻ കണ്ടത്.] (അബൂദാവൂദ് സുനനിൽ ഉദ്ധരിച്ചത്)

കാര്യങ്ങൾ സാത്വികരായ പണ്ഡിതന്മാരുടെ നിയന്ത്രണത്തിലായിരിക്കുമ്പോൾ അവർ പ്രമാണരേഖകളുടെ അടിസ്ഥാനത്തിൽ ജനങ്ങളെ നേർവഴി നയിക്കും. അവരുടെ അഭാവത്തിലാണ് മതകാര്യങ്ങളിൽ ബുദ്ധിയും യുക്തിയും പ്രയോഗിക്കുന്ന സ്ഥിതി സംജാതമാകുന്നത്.

قَالَ عَبْدُ اللهِ بْنُ مَسْعُودٍ رضي الله عنه: قُرَّاؤُكُمْ وَعُلَمَاؤُكُمْ يَذْهَبُونَ، وَيَتَّخِذُ النَّاسُ رُءُوسًا جُهَّالًا يَقِيسُونَ الْأُمُورَ بِرَأْيِهِمْ. [ابن عبد البر في جامع بيان العلم وفضله]

[ഇബ്നു മസ്ഊദ് ﷺ പറയുന്നു: നിങ്ങളിൽപെട്ട ഖുർആൻ പണ്ഡിതന്മാരും വിവരമുള്ളവരും പോയിത്തീരും. അപ്പോൾ ജനം വിവരദോഷികളെ നേതാക്കളായി സ്വീകരിക്കും. അവർ മതകാര്യങ്ങൾ അവരുടെ യുക്തിയുടെ അടിസ്ഥാനത്തിൽ അനുമാനിക്കുകയാണ് ചെയ്യുക.] (ഇബ്നു അബ്ദിൽ ബർ, ജാമിഉ ബയാനിൽ ഇൽമി വ ഫള്‌ലി ഹിയിൽ ഉദ്ധരിച്ചത്)

ശാമിലെ അഹ്‌ലുസ്സുന്നഃയുടെ ഇമാമായിരുന്ന അബ്ദുറഹ്മാൻ ബിൻ അംറ് അൽഔസാഈ ﵀ യുടെ ഉപദേശം ശ്രദ്ധിക്കുക:

قال الأوزاعي ﵀: عليك بآثار من سلف، وإن رفضك الناس، وإياك وآراء الرجال، وإن زخرفوا لك بالقول. [الآجري في كتاب الشريعة]

[ഔസാഈ ﵀ പറയുന്നു: സച്ചരിതരായ മുൻഗാമികൾ കൈമാറിയ രേഖകൾ നീ മുറുകെ പിടിക്കുക; ജനങ്ങൾ നിന്നെ തള്ളിക്കളഞ്ഞാലും. വ്യക്തികളുടെ യുക്തിചിന്തകൾ നീ സൂക്ഷിക്കുക; അവർ എത്ര മനോഹരമായ വാക്കുകളിൽ നിന്നോട് സംവദിച്ചാലും.] (ആജുരി ശരീഅഃയിൽ ഉദ്ധരിച്ചത്)

അല്ലാഹു പറഞ്ഞത് ﴿فَاسْأَلُوا أَهْلَ الذِّكْرِ﴾ «ദിക്റിന്റെ ആളുകളോട് ചോദിക്കൂ» എന്നാണ്. അഥവാ അല്ലാഹു അവതരിപ്പിച്ച വഹ്‌യിനെ കുറിച്ച് ജ്ഞാനമുള്ള, അതിന്റെ യഥാർത്ഥ വാഹകരായ പണ്ഡിതന്മാരോട് ചോദിക്കണം. അർഹരല്ലാത്തവരോട് ചോദിക്കുന്നതും, അവർ മതവിധി നൽകുന്നതും അപകടകരമാണെന്ന് നിരവധി ഹദീസുകളിൽ വിശദീകരിക്കപ്പെട്ടിരിക്കുന്നു. അവയിൽ ഒന്ന് താഴെ കൊടുക്കാം:

عن جابر ﵁ قال: خرجنا في سفر، فأصاب رجلا منا حجر فشجه في رأسه، ثم احتلم، فسأل أصحابه فقال: هل تجدون لي رخصة في التيمم؟ فقالوا: ما نجد لك رخصة وأنت تقدر على الماء، فاغتسل فمات. فلما قدمنا على النبي

ﷺ أخبر بذلك، فقال: قتلوه قتلهم الله، ألا سألوا إذا لم يعلموا؟ فإنما شفاء العي السؤال. [أبو داود في سننه، وصححه الألباني]

[ജാബിർ ﵁ പറയുന്നു: ഞങ്ങൾ ഒരു യാത്ര പുറപ്പെട്ടു. കൂട്ടത്തിൽ ഒരാളുടെ തലയിൽ കല്ലുകൊണ്ട് ആഴത്തിൽ മുറിവേറ്റു. അദ്ദേഹത്തിന് പിന്നീട് സ്വപ്നസ്ഖലനം സംഭവിച്ചു. അങ്ങനെ തന്റെ കൂട്ടാളികളോട് അതിനെ കുറിച്ച് ചോദിച്ചു: എനിക്ക് തയമ്മും ചെയ്യാനുള്ള വല്ല ഇളവും നിങ്ങൾ കാണുന്നുണ്ടോ? അവർ പറഞ്ഞു: വെള്ളം ഉപയോഗിക്കാൻ കഴിയുന്നവനായിരിക്കെ നിനക്ക് ഒരിളവും ഞങ്ങൾ കാണുന്നില്ല. അങ്ങനെ അദ്ദേഹം കുളിച്ച് ശുദ്ധി വരുത്തി. അക്കാരണത്താൽ അദ്ദേഹം മരണപ്പെടുകയും ചെയ്തു. ഞങ്ങൾ നബി ﷺയുടെ അടുക്കൽ എത്തിയപ്പോൾ അക്കാര്യം അറിയിച്ചു. അപ്പോൾ അവിടുന്ന് പറഞ്ഞു: അവർ അദ്ദേഹത്തെ കൊലപ്പെടുത്തി. അവരുടെ മേൽ അല്ലാഹുവിന്റെ ശാപം! അവർക്ക് അറിയില്ലായിരുന്നുവെങ്കിൽ ചോദിക്കാമായിരുന്നില്ലേ? ഭോഷത്വത്തിനുള്ള പ്രതിവിധി ചോദിച്ചറിയൽ മാത്രമല്ലേയുള്ളൂ.] (അബൂദാവൂദ് സുനനിൽ ഉദ്ധരിച്ചത്)

ഗൗരവതരമായ പ്രശ്നങ്ങളുടെ വിധിയും അവക്കുള്ള പരിഹാരവും അന്വേഷിക്കേണ്ടത് أُولُو الْأَمْرِ എന്ന് അല്ലാഹു വിശേഷിപ്പിച്ച കൈകാര്യകർത്താക്കളോട് മാത്രമാണ്. അൽപം മാത്രം ഓതിപ്പഠിച്ച ആർക്കും കേറി അഭിപ്രായം പറയാവുന്ന മേഖലയല്ല അത്. അത്തരം വിഷയങ്ങളിൽ ആരോടെങ്കിലുമൊക്കെ ചോദിച്ച് അവർ നൽകുന്ന മറുപടിയും കേട്ട് നിലപാട് എടുക്കലല്ല സാധാരണക്കാർ ചെയ്യേണ്ടത്. അല്ലാഹു പറയുന്നു:

﴿وَإِذَا جَاءَهُمْ أَمْرٌ مِّنَ الْأَمْنِ أَوِ الْخَوْفِ أَذَاعُوا بِهِۦ وَلَوْ رَدُّوهُ إِلَى الرَّسُولِ وَإِلَىٰ أُولِي الْأَمْرِ مِنْهُمْ لَعَلِمَهُ الَّذِينَ يَسْتَنبِطُونَهُ مِنْهُمْ وَلَوْلَا فَضْلُ اللَّهِ عَلَيْكُمْ وَرَحْمَتُهُ لَاتَّبَعْتُمُ الشَّيْطَانَ إِلَّا قَلِيلًا ﴿٨٣﴾﴾ (النساء)

[സമാധാനവുമായോ (യുദ്ധ)ഭീതിയുമായോ ബന്ധപ്പെട്ട വല്ല വാർത്തയും അവർക്കെത്തിയാൽ അതവർ പ്രചരിപ്പിക്കുകയായി. റസൂലിനും അവരിലെ കൈകാര്യകർത്താക്കൾക്കും അത് വിട്ടിരുന്നുവെങ്കിൽ അവരുടെ കൂട്ടത്തിൽനിന്നും വസ്തുതകൾ നിർദ്ധാരണം ചെയ്യാൻ കഴിവുള്ളവർ അതിന്റെ യാഥാർത്ഥ്യം മനസ്സിലാക്കിയെടുക്കുമായിരുന്നു. നിങ്ങളുടെ മേൽ അല്ലാഹുവിന്റെ അനുഗ്രവും കാരുണ്യവും ഇല്ലായിരുന്നുവെങ്കിൽ അൽപം ചിലരൊഴികെ നിങ്ങളെല്ലാവരും പിശാചിനെ പിൻപറ്റിപ്പോകുമായിരുന്നു.] (നിസാഅ് 83)

മതപരമായ അറിവ് യോഗ്യരായ ഗുരുനാഥന്മാരിൽനിന്നു തന്നെ കേട്ടു പഠിക്കണം. കാരണം ഈ അറിവ് തന്നെയാണ് വിശ്വാസമായി രൂപപ്പെടുന്നത്. അതു തന്നെയാണ് നമ്മുടെ ദീൻ. അതുമായിട്ടാണ് നാളെ നാം അല്ലാഹുവിനെ കണ്ടുമുട്ടേണ്ടി വരിക. മഹാനായ താബിഈവര്യൻ മുഹമ്മദ് ബിൻ സീരീൻ ﵀ പറയുന്നത് കാണുക:

إِنَّ هَذَا الْعِلْمَ دِينٌ، فَانْظُرُوا عَمَّنْ تَأْخُذُونَ دِينَكُمْ. [مسلم في مقدمة صحيحه]

[നിശ്ചയമായും ഈ അറിവ് തന്നെയാണ് ദീൻ. അതിനാൽ നിങ്ങളുടെ ദീൻ ആരിൽ നിന്നാണ് നിങ്ങൾ സ്വീകരിക്കുന്നതെന്ന് നോക്കണം.] (മുസ്ലിം സ്വഹീഹിന്റെ മുഖവുരയിൽ ഉദ്ധരിച്ചത്)

ഇവ്വിഷയകമായി നബി ﷺ നൽകുന്ന ഏറെ മൗലികവും ഹൃദയസ്പർശിയുമായ ഒരു താക്കീത് ഇവിടെ ഉദ്ധരിക്കാതെ പോകുന്നത് ഉചിതമാവില്ല. അവിടുന്ന് പറയുന്നത് കാണുക:

عَنْ عَبْدِ اللَّهِ بْنِ عَمْرِو بْنِ العَاصِ قَالَ: سَمِعْتُ رَسُولَ اللهِ ﷺ يَقُولُ: إِنَّ اللهَ لَا يَقْبِضُ العِلْمَ انْتِزَاعًا يَنْتَزِعُهُ مِنَ العِبَادِ، وَلَكِنْ يَقْبِضُ العِلْمَ بِقَبْضِ العُلَمَاءِ، حَتَّى إِذَا لَمْ يُبْقِ عَالِمًا اتَّخَذَ النَّاسُ رُءُوسًا جُهَّالًا، فَسُئِلُوا فَأَفْتَوْا بِغَيْرِ عِلْمٍ، فَضَلُّوا وَأَضَلُّوا [البخاري في صحيحه]

[അബ്ദുല്ലാഹ് ബിൻ അംറ് ബിൻ അൽ ആസ്വ് ﷺ നിവേദനം. നബി ﷺ പറയുന്നു: അല്ലാഹു അറിവ് പിടിച്ചെടുക്കുന്നത് മനുഷ്യരിൽനിന്ന് അറിവ് ഊരിയെടുത്തുകൊണ്ടല്ല. മറിച്ച്, പണ്ഡിതന്മാരുടെ തിരോധാനത്തിലൂടെയാണ് അവൻ അറിവ് പിടിച്ചെടുക്കുന്നത്. അങ്ങനെ ഒരു പണ്ഡിതനെയും അവശേഷിപ്പിക്കാത്ത സ്ഥിതിയെത്തിയാൽ ജനങ്ങൾ നേതാക്കളായി സ്വീകരിക്കുക വിവരദോഷികളെയാണ്. അവർ ചോദിക്കപ്പെടുകയും, അറിവില്ലാതെ അവർ മതവിധി നൽകുകയും ചെയ്യും. അങ്ങനെ അവർ സ്വയം പിഴക്കുകയും മറ്റുള്ളവരെ പിഴപ്പിക്കുകയും ചെയ്യും.] (ബുഖാരി സ്വഹീഹിൽ ഉദ്ധരിച്ചത്)

ദീനിന്റെ തെളിവുകളിൽ കൃത്യവിലോപം കാണിച്ച് തങ്ങളുടെ ബിദ്അത്തുകൾക്ക് ന്യായം പറയുന്ന അധമന്മാരായ അൽപജ്ഞാനികളോടല്ല (الأَصَاغِرُ) മതകാര്യങ്ങളെ കുറിച്ച് അന്വേഷിക്കേണ്ടത്. സുന്നത്തിൽ അടിയുറച്ച, വിജ്ഞാനം കൊണ്ട് പക്വതയാർജ്ജിച്ച, വിവേകമതികളായ പണ്ഡിതന്മാരിൽനിന്നുമാണ് (الْأَكَابِرُ) ദീൻ പഠിക്കേണ്ടത്. വേഷഭൂഷാദികളിലും ബഹിർപ്രകടനങ്ങളിലും വഞ്ചിതരായി അൽപന്മാരിൽ നിന്ന് അറിവ് തേടുന്ന രീതി ഇന്ന് വ്യാപകമായിരിക്കുന്നു. ഇത് നബി ﷺ യുടെ വാക്കുകളുടെ പുലർച്ചയാണെന്ന് കരുതാനേ നിർവ്വാഹമുള്ളൂ. അവിടുന്ന് പറയുന്നു:

إن من أشراط الساعة أن يلتمس العلم عند الأصاغر. [ابن المبارك في الزهد واللالكائي في شرح أصول اعتقاد أهل السنة والجماعة، وصححه الألباني]

[അൽപന്മാരിൽനിന്ന് അറിവുതേടൽ അന്ത്യനാളിന്റെ അടയാളങ്ങളിൽപെട്ടതു തന്നെയാണ്.] (ഇബ്നുൽ മുബാറക്, ലാലകാഈ എന്നിവർ ഉദ്ധരിച്ചത്)

عن ابن عباس رضي الله عنهما أن النبي ﷺ قال: البركة مع أكابركم. [ابن حبان في صحيحه وصححه الألباني]

[ഇബ്ന അബ്ബാസ് ﵄ നിവേദനം. നബി ﷺ പറയുന്നു: ബറകത്ത് നിങ്ങളിലെ പക്വമതികളായ പണ്ഡിതന്മാരുടെ കൂടെയായിരിക്കും.] (ഇബ്ന ഹിബ്ബാൻ സ്വഹീഹിൽ ഉദ്ധരിച്ചത്)

قال عبد الله بن مسعود ﵁: لا يزال الناس بخير ما أتاهم العلم من قبل كبرائهم، فإذا أتاهم العلم من قبل أصاغرهم هلكوا. [اللالكائي في شرح أصول اعتقاد أهل السنة والجماعة]

[അബ്ദുല്ലാ ബിൻ മസ്ഊദ് ﵁ പറയുന്നു: ജനങ്ങൾ നന്മയിൽ തന്നെ അവശേഷിക്കും, അറിവ് അവരിലെ പക്വമതികളായ പണ്ഡിതന്മാരിൽനിന്ന് വന്നെത്തുന്ന കാലത്തോളം. അവരിലെ അൽപന്മാരിൽനിന്ന് വരാൻ തുടങ്ങിയാൽ അവർ നശിച്ചതു തന്നെ.] (ലാലകാഇൗ ഉദ്ധരിച്ചത്)

عن عبد الله بن عكيم قال: كان عمر ﵁ يقول: إن أصدق القيل قيل الله، ألا وإن أحسن الهدي هدي محمد ﷺ وشر الأمور محدثاتها، كل محدثة ضلالة، ألا وإن الناس بخير ما أخذوا العلم عن أكابرهم، ولم يقم الصغير على الكبير، فإذا قام الصغير على الكبير فقد. [اللالكائي في شرح أصول اعتقاد أهل السنة والجماعة]

[അബ്ദുല്ലാ ബിൻ ഉകൈം പറയുന്നു: ഉമർ ﵁ പറയാറുണ്ടായിരുന്നു: തീർച്ചയായും ഏറ്റവും സത്യമായ വചനം അല്ലാഹുവിന്റെ വചനമാണ്. അറിയുക! ഏറ്റവും നല്ല മാർഗ്ഗദർശനം മുഹമ്മദ് നബി ﷺ യുടെ മാർഗ്ഗദർശനമാണ്. കാര്യങ്ങളിൽ ഏറ്റവും മോശം പുത്തൻ നിർമ്മിതികളാണ്. എല്ലാ പുത്തൻ നിർമ്മിതികളും വഴികേടുകളാണ്. അറിയുക! ജനം നന്മയിൽ തന്നെ അവശേഷിക്കും, അവർ പക്വമതികളിൽനിന്ന് അറിവ് സ്വീകരിക്കുകയും അൽപന്മാർ പക്വമതികൾക്കു മീതെ നിൽക്കാതിരിക്കുകയും ചെയ്യുന്ന കാലത്തോളം.

അൽപന്മാർ പക്വമതികൾക്കു മീതെ വന്നാൽ തീർന്നതു തന്നെ.] (ലാലകാഇൗ, ശർഹു ഉസ്വൂലി ഇഅ്തികാദി അഹ്ലിസ്സുന്നത്തി വൽ ജമാഅഃയിൽ ഉദ്ധരിച്ചത്)

ആരാണ്'അകാബിറുകൾ' എന്നും ആരാണ്'അസ്വാഗിറുകൾ' എന്നും മേൽ ഉദ്ധരിച്ച രിവായത്തുകൾ വ്യക്തമാക്കുന്നു. സുന്നത്തിനെ കുറിച്ച് ശരിയായ അറിവും ഫിഖ്ഹും ഫഹ്മും തദനുസൃതമായ അമലും ഉള്ള പക്വമതികളായ പണ്ഡിതന്മാരാണ് അകാബിറുകൾ. ബിദ്അത്തുകാരും അധമന്മാരുമായ അൽപജ്ഞാനികളാണ് അസ്വാഗിറുകൾ.

قال ابن المبارك: الأصاغر من أهل البدع. [اللالكائي في شرح أصول اعتقاد أهل السنة والجماعة]

[ഇബ്നുൽ മുബാറക് ﵀ പറയുന്നു: ബിദ്അത്തിന്റെ ആളുകളിൽ പെട്ടവരാണ് അസ്വാഗിറുകൾ.] (ലാലകാഇൗ ശർഹു ഉസ്വൂലി ഇഅ്തികാദി അഹ്ലിസ്സുന്നത്തി വൽ ജമാഅഃയിൽ ഉദ്ധരിച്ചത്)

വരാനിരിക്കുന്ന കാലത്തെ കെട്ട അവസ്ഥയെ കുറിച്ച് നബി ﷺ വിശദമായി തന്നെ താക്കീത് നൽകിയിട്ടുണ്ട്. മൂല്യങ്ങളത്രയും കുഴാമറിഞ്ഞു പോകുകയും ദുഷ്ടന്മാർ വാഴുകയും അൽപന്മാർ വിലസുകയും ചെയ്യുന്ന ഒരു കാലത്തെ കുറിച്ച് അവിടുന്ന് പറയുന്നത് കാണുക:

وعن أبي هريرة رضي الله عنه قال، قال رسول الله صلى الله عليه وسلم: سيأتي على الناس سنوات خداعات يصدق فيها الكاذب ويكذب فيها الصادق ويؤتمن فيها الخائن ويخون فيها الأمين وينطق فيها الرويبضة. قيل: وما الرويبضة؟ قال: الرجل التافه يتكلم في أمر العامة. [أخرجه ابن ماجه والحاكم وأحمد، وصححه الألباني]

[അബൂ ഹുറയ്റഃ ﵁ നിവേദനം. നബി ﷺ പറയുന്നു: "ജനങ്ങളു

ടെ മേൽ വഞ്ചനാത്മകമായ കുറേ വർഷങ്ങൾ വരാനിരിക്കുന്നു. അന്ന് കള്ളനെയായിരിക്കും സത്യപ്പെടുത്തുക; സത്യവാൻ കളവാക്കപ്പെടുകയേയുള്ളു. അന്ന് ചതിയനെയായിരിക്കും വിശ്വസിക്കുക; സത്യസന്ധൻ വഞ്ചകനായി മുദ്രയടിക്കപ്പെടുകയേയുള്ളു. അന്ന് റുവൈബിളയായിരിക്കും സംസാരിക്കുക.» അപ്പോൾ ചോദിക്കപ്പെട്ടു: എന്താണ് ഈ റുവൈബിളഃ? നബി ﷺ പറഞ്ഞു: «പൊതുകാര്യത്തിൽ ഇടപെട്ടു സംസാരിക്കുന്ന അന്തസ്സാരശൂന്യനായ അല്പൻ തന്നെ!»] (ഇബ്ന മാജഃ, ഹാകിം, അഹ്മദ് എന്നിവർ ഉദ്ധരിച്ചത്, അൽബാനി സ്വഹീഹഃയിൽ ഉൾപ്പെടുത്തിയത്)

മേൽ വചനത്തിൽ പറഞ്ഞിരിക്കുന്ന വഞ്ചനാത്മകമായ വർഷങ്ങൾ പുലരുന്നത് പ്രസംഗകരുടെ നാവിലൂടെയാണെന്നു വേണം പറയാൻ. സമകാലീന മുസ്ലിം സമൂഹങ്ങൾ അനുഭവിക്കുന്ന ഏറ്റവും വലിയൊരു കെടുതിയാണ് ഇന്നു നാം കണ്ടുകൊണ്ടിരിക്കുന്ന പ്രസംഗകന്മാരുടെ തേരോട്ടം. പ്രസംഗം അനുഗൃഹീതമായ ഒരു കലയായിട്ടാണ് പലരും തെറ്റിദ്ധരിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ അതിന് ഒരു മറുവശമുണ്ട്. അത് നാം കാണാതെ പോയിക്കൂടാ. നബി ﷺ പറയുന്നത് കാണുക:

عن أبي ذر رضي الله عنه عن النبي ﷺ قال: إنكم اليوم في زمان كثير علماؤه قليل خطباؤه من ترك عشر ما يعرف فقد هوى، ويأتي من بعد زمان كثير خطباؤه قليل علماؤه من استمسك بعشر ما يعرف فقد نجا. [الهروي في ذم الكلام وصححه الألباني]

[അബൂദർ رضي الله عنه നിവേദനം. നബി ﷺ പറയുന്നു: «ഇന്ന് നിങ്ങളുള്ളത് പണ്ഡിതന്മാർ കൂടുതലും പ്രസംഗകർ കുറവുമുള്ള ഒരു കാലത്താണ്. തനിക്ക് അറിയാവുന്നതിന്റെ പത്തിലൊരംശം ഒരാൾ ഉപേക്ഷിച്ചാൽ അവൻ വീണതു തന്നെ. ഇനിയൊരു കാലം വരാനുണ്ട്; അന്ന് പ്രസംഗകർ കൂടുതലും പണ്ഡിതന്മാർ കുറവുമായിരിക്കും. അന്ന് തനിക്ക് അറിയാവുന്നതിന്റെ പത്തിലൊരംശമെങ്കിലും ഒരാൾ

മുറുകെ പിടിച്ചാൽ അവൻ രക്ഷപ്പെട്ടു!»] (ഹർവി തന്റെ ദമ്മുൽ കലാമി വ അഹ്ലിഹി എന്ന കൃതിയിൽ ഉദ്ധരിച്ചത്)

റുവൈബിളകളായ പ്രസംഗകർ വിലസുന്ന ഇക്കാലത്തിലേക്കു തന്നെയല്ലേ മേൽ വചനം വിരൽ ചൂണ്ടുന്നത്. ഇതു മാത്രമല്ല, പ്രസംഗകരുടെ പര്യവസാനത്തെ കുറിച്ചും നബി ﷺ വിശദീകരിച്ചിട്ടുണ്ട്. അതു കൂടി കാണുക:

رأيت ليلة أسري بي رجالا تقرض شفاههم بمقاريض من نار، فقلت: يا جبريل، من هؤلاء؟ قال: هؤلاء خطباء من أمتك، يأمرون الناس بالبر وينسون أنفسهم، وهم يتلون الكتاب، أفلا يعقلون. [أحمد في سننه والبغوي وحسنه الألباني]

[നിശാപ്രയാണ രാവിൽ അഗ്നിയാലുള്ള കത്രിക ഉപയോഗിച്ച് വായ കീറിമുറിക്കുന്ന ഒരു വിഭാഗത്തെ ഞാൻ കണ്ടു. ജിബ്രീലിനോട് ഞാൻ ചോദിച്ചു: ആരാണാവോ അവർ? അദ്ദേഹം പറഞ്ഞു: നിന്റെ സമുദായത്തിലെ പ്രസംഗകർ തന്നെ! അവർ ജനങ്ങളോട് നന്മ കൽപിക്കും; സ്വന്തം കാര്യം വിസ്മരിക്കും. അവർ ഗ്രന്ഥം വായിച്ചു കൊണ്ടിരിക്കുന്നവരാണു താനും. കാര്യം മനസ്സിലാകുന്നില്ലേ അവർക്ക്?] (അഹ്മദും ബഗവിയും ഉദ്ധരിച്ചത്)

ഇത്രയും കാര്യങ്ങൾ ഇവിടെ ആമുഖമായി സൂചിപ്പിച്ചത്, ഇന്ന് തക്ഫീർ നടത്തുന്നത് അറിവില്ലാത്ത അൽപന്മാരായ റുവൈബിളമാരാണെന്നു പറയാനാണ്. നാവ് മാത്രമാണ് അവരുടെ മൂലധനം. വൈകുന്നേരമായാൽ സ്റ്റേജിൽ കേറണം. കേറിയാൽ പ്രസംഗിക്കണം. പ്രസംഗിച്ചാൽ തലയാടണം. കൈയിൽ മൈക്കും മുന്നിൽ ഫാൻസും ആയിക്കഴിഞ്ഞാൽ പിന്നെ ആവേശത്തിമർപ്പിൽ വിയോജിക്കുന്നവരെയെല്ലാം കൂട്ടത്തക്ഫീർ നടത്തണം. ഇത് ഏറെ ഖേദകരവും പരിതാപകരവുമായ ഒരവസ്ഥയാണ്. ഇതിലൊട്ടും കാരുണ്യമോ ഗുണകാംക്ഷയോ ഇല്ല. ഈ ഹീനകൃത്യം ദഅ്വത്തല്ല, സമൂഹങ്ങളോട് നടത്തുന്ന കൊലവിളിയാണ്.

അധ്യായം രണ്ട്

# വിശ്വാസ സംഘട്ടനം

ഈ സൃഷ്ടിപ്രപഞ്ചത്തെ സക്രിയവും അർത്ഥപൂർണ്ണവുമാക്കുന്ന ചാലകശക്തി വിശ്വാസവും അവിശ്വാസവും തമ്മിലുള്ള പോരാട്ടമാണ്. സത്യത്തിനു വേണ്ടിയുള്ള പോരാട്ടത്തിലാണ് പ്രകൃതിയുടെ സമഗ്രമായ നൈതികതയും മനോഹാരിതയും കുടികൊള്ളുന്നത്. സത്യവിശ്വാസമാണ് എല്ലാ ധർമ്മങ്ങളുടെയും ന്യായങ്ങളുടെയും നന്മകളുടെയും വെളിച്ചങ്ങളുടെയും സൗന്ദര്യങ്ങളുടെയും ആധാരം. അവിശ്വാസമാണ് എല്ലാ അധർമ്മങ്ങൾക്കും അന്യായങ്ങൾക്കും തിന്മകൾക്കും ക്രമരാഹിത്യങ്ങൾക്കും വൈരൂപ്യങ്ങൾക്കും കാരണം. അതുകൊണ്ടു തന്നെ വിശ്വാസവും അവിശ്വാസവും തമ്മിലുള്ള സമീകരണം ഒരു നിലയിലും സാധ്യമല്ല. അല്ലാഹു പറയുന്നു:

﴿أَفَمَن كَانَ مُؤْمِنًا كَمَن كَانَ فَاسِقًا لَّا يَسْتَوُونَ ﴿١٨﴾﴾ (السجدة)

[അപ്പോൾ ഒരു വിശ്വാസി അധർമ്മകാരിയായ ഒരാളെപ്പോലെയാകുമോ? അവർ ഒരിക്കലും തുല്യരാവുകയില്ല.] (സജ്ദഃ 18)

ഇഹലോകത്തെന്നല്ല, പരലോകത്തും അവർ ഒരു നിലയിലും സമമാവുകയില്ല. അവർക്കിടയിലുള്ള അന്തരം ആത്യന്തികമായ

വിജയ പരാജയങ്ങളുടേതാണ്, അഥവാ സ്വർഗ്ഗ നരകങ്ങളുടേതാണ്. അല്ലാഹു പറയുന്നു:

﴿لَا يَسْتَوِي أَصْحَابُ النَّارِ وَأَصْحَابُ الْجَنَّةِ ۚ أَصْحَابُ الْجَنَّةِ هُمُ الْفَائِزُونَ ﴿٢٠﴾﴾ (الحشر)

[നരകാവകാശികളും സ്വർഗ്ഗാവകാശികളും സമമാവുകയില്ല. സ്വർഗ്ഗാവകാശികൾ, അവർ തന്നെയാണ് വിജയികൾ.] (ഹശ്ർ 20)

വിശ്വാസവും അവിശ്വാസവും തമ്മിലുള്ള അകലം വളരെ വലുതാണ്. അവ മനുഷ്യ ജീവിതത്തിന്റെ ആത്യന്തികമായ വിജയ പരാജയങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്. ഒന്ന് അല്ലാഹുവിന്റെ പ്രീതിയും സാമീപ്യവും നേടിത്തരുമ്പോൾ, മറ്റേത് അവന്റെ ശാപകോപങ്ങൾക്ക് വഴിമരുന്നിടുന്നു. ഒന്ന് സ്വർഗ്ഗത്തിലേക്ക് വഴി കാണിക്കുമ്പോൾ മറ്റേത് നരകത്തിലേക്ക് നയിക്കുന്നു.

അതിനാൽ അവിശ്വാസത്തെ അവിശ്വാസമായി തന്നെ കാണാൻ കഴിയണം. അവിശ്വാസിയെ അവിശ്വാസിയെന്ന് വിളിക്കാനുള്ള ആർജ്ജവം പുലർത്തുകയും വേണം. അല്ലാത്ത പക്ഷം അത് തന്റെ മതവിശ്വാസത്തെ തന്നെ ചോദ്യം ചെയ്യും. മുഹമ്മദ് ബിൻ അബ്ദിൽ വഹാബ് ﵀ പറയുന്നത് കാണുക:

من لم يكفر المشركين أو شك في كفرهم أو صحح مذهبهم كفر بالإجماع، والدليل قوله تعالى: ﴿ فمن يكفر بالطاغوت ويؤمن بالله فقد استمسك بالعروة الوثقى لا انفصام لها ﴿٢٥٦﴾﴾ (البقرة). [محمد بن عبد الوهاب في نواقض الإسلام]

[മുശ്രിക്കുകളെ അവിശ്വാസികളായി കാണാത്തവരും, അവർ കാഫിറാണെന്ന കാര്യത്തിൽ സംശയിക്കുന്നവരും, അവരുടെ പക്ഷം ശരിവെക്കുന്നവരും ഇജ്മാഅ് പ്രകാരം കാഫിറായിത്തീരും. അതിനുള്ള തെളിവ് അല്ലാഹുവിന്റെ വചനമാണ്: «ഏതൊരാൾ ത്വാഗൂ

ത്തുകളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വാസമർപ്പിക്കുകയും ചെയ്യുന്നുവോ തീർച്ചയായും അവൻ ഒരിക്കലും മുറിഞ്ഞു പോകാത്ത ബലിഷ്ഠമായ പാശമാണ് മുറുകെപ്പിടിച്ചിരിക്കുന്നത്.» (ബഖറഃ 256)] (മുഹമ്മദ് ബിൻ അബ്ദിൽ വഹാബ്, നവാഖിളുൽ ഇസ്‌ലാമിൽ രേഖപ്പെടുത്തിയത്)

ഒരു അവിശ്വാസിയെ അവിശ്വാസിയായി കാണാനും അവനെ അവിശ്വാസിയെന്ന് പറയാനുമുള്ള ആർജ്ജവം എല്ലാവരും കാണിക്കാറില്ല. അത് താൻ ഉയർത്തിപ്പിടിക്കുന്ന വിശ്വാസദാർഢ്യത്തിനും ധാർമ്മികമായ ആർജ്ജവത്തിനും അനുസരിച്ചിരിക്കും. മതം ത്യാഗമാണ്. ത്യാഗത്തിലൂടെയല്ലാതെ ആർക്കും സ്വർഗ്ഗം നേടാനാവില്ല. ആത്മബലമില്ലാത്ത ഷണ്ഡന്മാർക്ക് അനായാസം സ്വായത്തമാക്കാവുന്നതല്ല അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്ന മഹത്തായ പ്രതിഫലങ്ങൾ. ന്യായമായും അവിശ്വാസിയെന്നു പറയേണ്ട ഒരാളെ ശരിയായ മാർഗ്ഗങ്ങളിലൂടെ അവിശ്വാസിയെന്നു പ്രഖ്യാപിക്കുന്നത് പ്രതിഫലാർഹമായ കാര്യമാണ്.

وأما إن كان المكفر لأحد من هذه الأمة يستند في تكفيره له إلى نص وبرهان من كتاب الله وسنة نبيه، وقد رأى كفرا بواحا كالشرك بالله، وعبادة ما سواه، والاستهزاء به تعالى، أو بآياته، أو رسله، أو تكذيبهم، أو كراهة ما أنزل الله من الهدى ودين الحق، أو جحد صفات الله تعالى ونعوت جلاله ونحو ذلك، فالمكفر بهذا وأمثاله مصيب مأجور، مطيع لله ورسوله. [عبد اللطيف بن عبد الرحمن بن حسن آل الشيخ | الدرر السَّنية في الأجوبة النجدية]

[അല്ലാഹുവിൽ പങ്കുചേർക്കുക, അവനു പുറമെ മറ്റാർക്കെങ്കിലും ഇബാദത്ത് ചെയ്യുക, അല്ലാഹുവിനെയോ അവന്റെ വചനങ്ങളെയോ അവന്റെ ദൂതന്മാരെയോ പരിഹസിക്കുക, അവരെ കളവാക്കുക, അല്ലാഹു അവതരിപ്പിച്ച സാന്മാർഗ്ഗികദർശനങ്ങളെയോ

സത്യമതത്തെയോ വെറുക്കുക, അല്ലാഹുവിന്റെ ഗുണങ്ങളും വിശേഷണങ്ങളും നിഷേധിക്കുക പോലുള്ള സ്പഷ്ടമായ കുഫ്ർ ഈ സമുദായത്തിൽപെട്ട ഒരാളിൽ കാണുകയും, ഖുർആനിൽനിന്നോ നബിചര്യയിൽനിന്നോ ഉള്ള വ്യക്തമായ രേഖയും തെളിവും അവലംബമാക്കി അയാളെ യോഗ്യനായ ഒരു വ്യക്തി കാഫിറായി പ്രഖ്യാപിക്കുകയും ചെയ്യുന്നുവെങ്കിൽ തക്ഫീർ നടത്തുന്ന ആ വ്യക്തി ശരിയായ മാർഗ്ഗം അവലംബിച്ചവനും പ്രതിഫലത്തിന് അർഹനും അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിച്ചവനുമാകുന്നു.] (അബ്ദുല്ലതീഫ് ആലുശ്ശൈഖ്, അദ്ദുററുസ്സനിയ്യഃയിൽ രേഖപ്പെടുത്തിയത്)

ചുരുക്കത്തിൽ, ഒരു അവിശ്വാസിയെ അവിശ്വാസിയായി കാണുന്നതും അവിശ്വാസിയെന്നു വിളിക്കുന്നതും വിശ്വാസത്തിന്റെ താൽപര്യമാണ്. അങ്ങനെ ചെയ്യാതിരിക്കുന്നത് കടുത്ത പാതകവും വിശ്വാസരാഹിത്യവുമാണ്.

## മുസ്ലിമിനെ കാഫിറാക്കൽ ഖവാരിജുകളുടെ രീതി

മുകളിൽ പറഞ്ഞതിന് ഒരു മറുവശമുണ്ട്. ശഹാദത്ത് പ്രഖ്യാപിക്കുകയും, നമസ്കാരം നിലനിർത്തുകയും സകാത്ത് കൊടുക്കുകയും ചെയ്യുന്ന ഒരു മുസ്ലിമിനെ അവിശ്വാസിയായോ (كَافِرٌ) അല്ലാഹുവിന്റെ ശത്രുവായോ (عَدُوُّ اللهِ) കാണുകയും അഭിസംബോധന നടത്തുകയും ചെയ്യുക എന്നുള്ളതാണത്. അത് കടുത്ത പാതകവും കുഫ്റുമാണ്. കാഫിറിനെ കാഫിറായി കാണാതിരിക്കുന്നത് വിശ്വാസപരമായ ജീർണ്ണതയും ദൗർബ്ബല്യവുമാണെങ്കിൽ, വിശ്വാസിയെ മതഭ്രഷ്ടനായി മുദ്രകുത്തുന്നത് മതതീവ്രതയുടെയും രക്തദാഹത്തിന്റെയും അധികാരക്കൊതിയുടെയും ഭാഗമാണ്. ഇത് മാരകമായ ഒരു അഭീഷ്ടത്തിന്റെയും (هَوَى) നൂതന നിർമ്മിതിയുടെയും (بِدْعَة) ലക്ഷണമാണ്. ആദ്യകാലത്തു തന്നെ ഇസ്ലാമിൽനിന്ന് വ്യതിചലിച്ചുപോയ ഖവാരിജുകളുടെ സവിശേഷമായ അടയാള

മാണ് تَكْفِيرٌ അഥവാ മുസ്‌ലിമിനെ കാഫിറാക്കി ചാപ്പകുത്തൽ. തന്റെ അധികാര ഭ്രാന്തിനു കൂട്ടുനിൽക്കുന്നില്ലെന്ന കാരണത്താൽ നിരപരാധിയായ ഒരു വിശ്വാസിയെ തീർത്തുകളയുക എന്ന ദുഷ്ട മനോഭാവമാണ് അതിന് അവരെ പ്രേരിപ്പിക്കുന്നത്. ഒരു മുസ്‌ലിമിന്റെ പവിത്രമായ രക്തം ചൊരിയാനുള്ള ന്യായീകരണമായി ആദ്യം അവനിൽ ശിർക്ക് ആരോപിക്കുന്നു. പിന്നീട് അവനുമേൽ ഖഡ്ഗം പ്രയോഗിക്കുന്നു. ഇതാണ് ഖവാരിജുകളുടെ രീതി. നബി ﷺ പറയുന്നത് കാണുക:

عن حذيفة رضي الله عنه قال، قال رسول الله ﷺ: إن ما أتخوف عليكم؛ رجل قرأ القرآن حتى إذا رئيت بهجته عليه، وكان ردئا للإسلام، غيَّره إلى ما شاء الله، فانسلخ منه ونبذه وراء ظهره، وسعى على جاره بالسيف ورماه بالشرك، قال: قلت يا نبي الله! أيهما أولى بالشرك؛ المرمي أم الرامي؟ قال: بل الرامي. [أخرجه ابن حبان والبخاري في الكبير والبزار في مسنده، قال ابن كثير إسناده جيد، وحسنه الألباني في الصحيحة]

[ഹുദൈഫഃ رضي الله عنه നിവേദനം. നബി ﷺ പറയുന്നു: നിങ്ങളുടെ കാര്യത്തിൽ ഞാൻ ഏറ്റവുമധികം ഭയപ്പെടുന്നത് ഖുർആൻ പാരായണം ചെയ്യുന്ന ഒരു മനുഷ്യനെയാണ്. ഖുർആനിന്റെ ഓജസ്സ് അയാളിൽ കാണപ്പെടുകയും അയാൾ ഇസ്‌ലാമിന് ഒരു താങ്ങായി വർത്തിക്കുകയും ചെയ്തതിനു ശേഷം അയാളെ അല്ലാഹു അവൻ ഉദ്ദേശിച്ചതിലേക്ക് വഴിമാറ്റുന്നു. അങ്ങനെ അയാൾ അതിൽനിന്ന് (ഖുർആനിൽനിന്ന്) വഴുതിമാറുന്നു. അത് പിറകോട്ട് വലിച്ചെറിയുന്നു. തന്റെ അയൽവാസിക്കെതിരെ ഖഡ്ഗവുമായി പാഞ്ഞടുക്കുന്നു. അദ്ദേഹത്തിനെതിരെ ശിർക്ക് ആരോപിക്കുന്നു. ഹുദൈഫഃ رضي الله عنه പറയുന്നു: ഞാൻ ചോദിച്ചു, അല്ലാഹുവിന്റെ ദൂതരേ, അവർ രണ്ടു പേരിൽ, ആരോപകനോ ആരോപിതനോ, ആരാണ് ശിർക്കിൽ അകപ്പെടാൻ കൂടതൽ തരപ്പെട്ടവൻ. അവിടുന്ന് പറഞ്ഞു: മറിച്ച്, ആരോപിച്ചവൻ തന്നെ.] (ഇബ്നു ഹിബ്ബാൻ സ്വഹീഹിൽ ഉദ്ധരിച്ചത്)

നിരപരാധിയായ ഒരു മുസ്‌ലിമിനെ കാഫിറാക്കുക എന്നത് കടുത്ത പാതകവും കുഫ്റുമാണ്. ഒരു മുസ്‌ലിമിനെതിരിൽ കുഫ്ർ ആരോപിക്കുന്നവൻ ഓർക്കട്ടെ! അയാൾ കാഫിറല്ലെങ്കിൽ അത് തനിക്കെതിരിൽ തിരിച്ചടിക്കും. ആ പ്രവൃത്തി മൂലം താൻ തന്നെ കാഫിറായിത്തീരുകയും ചെയ്യും.

عن ابْن عُمَرَ ﵄، يَقُولُ: قَالَ رَسُولُ اللهِ ﷺ: أَيُّمَا امْرِئٍ قَالَ لِأَخِيهِ: يَا كَافِرُ، فَقَدْ بَاءَ بِهَا أَحَدُهُمَا، إِنْ كَانَ كَمَا قَالَ، وَإِلَّا رَجَعَتْ عَلَيْهِ. [مسلم في صحيحه]

[ഇബ്നു ഉമർ ﵄ നിവേദനം. നബി ﷺ പറയുന്നു: ഏതൊരാൾ തന്റെ സഹോദരനെ കാഫിർ എന്ന് അഭിസംബോധന ചെയ്യുന്നുവോ, അവരിലൊരാൾ കുഫ്റുമായി മടങ്ങേണ്ടിവരും തീർച്ച. അവൻ ആരോപിച്ചതു ശരിയാണെങ്കിൽ കാര്യം അങ്ങനെ പോകും. അല്ലാത്ത പക്ഷം അത് അവനിലേക്കു തന്നെ തിരിച്ചടിക്കും.] (മുസ്‌ലിം, സ്വഹീഹിൽ ഉദ്ധരിച്ചത്)

## മുഅ്തസിലികളുടെ തക്ഫീർ

വിയോജിക്കുന്നവനെ കാഫിറാക്കുന്ന അസഹിഷ്ണുതയും ചിന്താകുഴപ്പവും ഖവാരിജുകളിൽ ഒതുങ്ങി നിന്നില്ല. സത്യത്തിൽ നിന്ന് വ്യതിചലിച്ചുപോയ ഇതര കക്ഷികളിലേക്കു കൂടി അത് സംക്രമിച്ചു. മുഅ്തസിലികൾ അത് ഖവാരിജുകളിൽനിന്ന് ഏറ്റെടുത്തു. അതിന് സൈദ്ധാന്തികമായ മറ്റൊരു മുഖം നൽകി. അതിന്ന ഇടം നൽകാൻ ഇസ്‌ലാമിനും കുഫ്റിനും മധ്യേയുള്ള സ്ഥാനം (مَنْزِلَةٌ بَيْنَ الْمَنْزِلَتَيْنِ) എന്ന ഒരു ആധാരം തന്നെ അവർ ആവിഷ്കരിച്ചു. അത് തത്ത്വത്തിൽ ഖവാരിജുകൾ നടത്തുന്ന തക്ഫീറിന്ന തുല്യമാണ്. വൻപാപം ചെയ്യുന്ന വ്യക്തി മുസ്‌ലിമല്ല, എന്നാൽ അവനെ കാഫിറെന്ന് വിളിക്കാനും പറ്റില്ല. പ്രത്യുത, അവന്റെ സ്ഥാനം വിശ്വാസത്തിനും അവിശ്വാസത്തിനും മധ്യേയാണ്. എന്നാൽ പര

ലോകത്ത് അവൻ നരകത്തിൽ ശാശ്വതനായിരിക്കുകയും ചെയ്യും. ഇതത്രെ ഈ സങ്കൽപത്തിന്റെ ആകത്തുക. ഇത് തക്ഫീറിനു തുല്യമാണെന്നു പറയാൻ കാരണം വൻപാപം ചെയ്തവരും കാഫിറുകളും പരലോകത്ത് വരുമ്പോൾ ഒരു പോലെയാണ്. ഇരുകൂട്ടരും നരകത്തിൽ ശാശ്വതരാണ്. ആത്യന്തികമായി നോക്കേണ്ടത് പരലോകത്തെ സ്ഥിതിയാണല്ലോ.

വലിയ വിവരസ്ഥന്മാർ വരെ കാലിടറുകയും വൻമരങ്ങൾ കടപുഴകുകയും ചെയ്ത സങ്കീർണ്ണമായ വിഷയമാണ് മുസ്‌ലിമിനെ കാഫിറാക്കുക (تَكْفِيرٌ) എന്നത്. ഏതാണ്ട് എല്ലാ പിഴച്ച കക്ഷികളും തങ്ങളോട് വിയോജിക്കുന്നവർക്കെതിരിൽ വിവേചന രഹിതമായി പ്രയോഗിക്കുന്ന ആയുധമാണ് തക്ഫീർ. മുഅ്തസിലികൾക്കിടയിൽ ഏറെ പ്രശസ്തനും ആദരണീയനുമായ ബുദ്ധിജീവിയാണ് അംറു ബിൻ ഉബൈദ്. അദ്ദേഹവുമായി അബൂ അംറ് ബിൻ അലാഅ് നടത്തിയ സംവാദം പ്രസിദ്ധമാണ്. സംവാദ മധ്യെ തക്ഫീറിന്റെ വിഷയത്തിൽ അംറു ബിൻ ഉബൈദ് കാലിടറുന്നത് എപ്രകാരമാണെന്ന് നോക്കുക:

وقال عمرو بن العلاء لعمرو بن عبيد حين ناظر في مسألة خلود أهل الكبائر في النار: إن هذا وعد؛ والله لا يخلف وعده، فقال له ابن العلاء: من العجمة أُتيت، هذا وعيد، لا وعد. [عبد اللطيف بن عبد الرحمن بن حسن آل الشيخ في الدرر السَّنية في الأجوبة النجدية]

[വൻപാപം ചെയ്തവർ നരകത്തിൽ ശാശ്വതരാണ്, നിശ്ചയമായും അത് അല്ലാഹുവിന്റെ വാഗ്ദാനമാണ്, അല്ലാഹു അവന്റെ വാഗ്ദാനം ലംഘിക്കുകയില്ല എന്ന് അംറു ബിൻ ഉബൈദ് പറഞ്ഞപ്പോൾ അദ്ദേഹത്തോട് അബൂ അംറ് ബിൻ അലാഅ് പറഞ്ഞത് 'ഉജ്മത്ത്' മൂലമാണ് താങ്കൾക്ക് ഈ അബദ്ധം പിണഞ്ഞത്, ഇത് വാഗ്ദാനമല്ല, ഭീഷണിയാണ് എന്നായിരുന്നു.] (അബ്ദുല്ലത്വീഫ് ആലുശ്ശൈഖ്, അദ്ദുററു സ്സനിയ്യഃയിൽ രേഖപ്പെടുത്തിയത്)

തനി അറബികളല്ലാത്തവർ അറബിഭാഷ കൈകാര്യം ചെയ്യുമ്പോൾ ഭാഷക്കു സംഭവിക്കുന്ന അപചയവും കലർപ്പുമാണ് 'ഉജ്മത്ത്'. ഇസ്‌ലാം അറേബ്യയുടെ പുറത്തേക്ക് വ്യാപിക്കുന്നതോടെ അനറബികൾ ഇസ്‌ലാമിലേക്ക് ഒഴുകാൻ തുടങ്ങി. അവർ മതവും ഭാഷയും യഥേഷ്ടം കൈകാര്യം ചെയ്യുകയും 'ഉജ്മത്ത്' മുകളിൽ കണ്ടതുപോലെ പല പ്രമാദങ്ങൾക്കും കാരണമായിത്തീരുകയും ചെയ്തു എന്നത് ഒരു ചരിത്ര യാഥാർത്ഥ്യമാണ്.

മുഅ്തസിലികളുടെ ഇമാമായ അംറു ബിൻ ഉബൈദിന് 'ഉജ്മത്ത്' കാരണം വാഗ്ദാനവും ഭീഷണിയും തമ്മിൽ കൃത്യമായി വേർതിരിക്കാനായില്ല. അതിൽ അദ്ദേഹം ആശയക്കുഴപ്പത്തിലായി. ഇത്തരം ആശയക്കുഴപ്പങ്ങളായിരിക്കാം അവരെ വഴികേടിലേക്ക് നയിക്കാൻ കാരണമായത്.

## വാഗ്ദാനവും താക്കീതും

ഇനി, വാഗ്ദാനവും താക്കീതും തമ്മിലുള്ള വ്യത്യാസമെന്താണെന്നു നോക്കാം. അല്ലാഹുവിന്റെ നല്ലവരായ ദാസന്മാർ ചെയ്യുന്ന സുകൃതങ്ങൾക്ക് അവൻ മഹത്തായ പ്രതിഫലങ്ങൾ വാഗ്ദാനം ചെയ്തിരിക്കുന്നു. അതിനാണ് وَعْدٌ (വഅ്ദ്) എന്ന് പറയുന്നത്. അങ്ങനെ അല്ലാഹു നൽകിയ ഒരു വാഗ്ദാനവും അവൻ ലംഘിക്കുകയില്ല. അല്ലാഹു പറയുന്നു:

﴿إِنَّ اللَّهَ لَا يُخْلِفُ الْمِيعَادَ ۝٩﴾ (آل عمران)

[നിശ്ചയമായും അല്ലാഹു വാഗ്ദാനം ലംഘിക്കുകയില്ല.] (ആലു ഇംറാൻ 9)

മനുഷ്യർ ചെയ്യുന്ന തെറ്റു കുറ്റങ്ങൾക്ക് നൽകപ്പെടുന്ന ശിക്ഷകളെ കുറിച്ചുള്ള ഭീഷണിക്കും താക്കീതിനുമാണ് وَعِيد (വഈദ്) എന്ന് പറയുന്നത്. ഭീഷണികൾ വാഗ്ദാനം പോലെയല്ല. താക്കീതു ചെയ്ത പല ശിക്ഷകളും നടപ്പിലാക്കാതെ വിട്ടുവീഴ്ച ചെയ്യുന്നവനാണ് അല്ലാഹു. അവൻ പറയുന്നത് കാണുക:

﴿وَمَا أَصَابَكُم مِّن مُّصِيبَةٍ فَبِمَا كَسَبَتْ أَيْدِيكُمْ وَيَعْفُوا عَن كَثِيرٍ ۝٣٠﴾ (الشورى)

[നിങ്ങൾക്ക് ഏതൊരു ആപത്ത് ബാധിച്ചിട്ടുണ്ടെങ്കിലും അത് നിങ്ങളുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായിട്ടുതന്നെയാണ്. അധികവും അവൻ മാപ്പാക്കുകയാണ് ചെയ്യുന്നത്.] (ശൂറാ 30)

അല്ലാഹുവിന്റെ വാഗ്ദാനവും ഭീഷണിയും തമ്മിലുള്ള വ്യത്യാസം ഇതാണ്: വാഗ്ദാനം അവൻ ലംഘിക്കുകയില്ല. വാഗ്ദാനം ലംഘിക്കാതിരിക്കുക എന്നത് പൂർണ്ണതയും സൗന്ദര്യവുമാണ്. അത് ലംഘിക്കുന്നത് ന്യൂനതയും വൈരൂപ്യവുമാണ്. എന്നാൽ ഭീഷണികളും താക്കീതുകളും വിട്ടുവീഴ്ച ചെയ്യുന്നതാണ് പൂർണ്ണത.

ഭീഷണികളെ വാഗ്ദാനമായി കാണുന്നവരാണ് മുഅ്തസിലികൾ. വൻപാപങ്ങൾ ചെയ്യുന്നവർക്ക് മാപ്പില്ല, അവർ നരകത്തിൽ ശാശ്വതരാണ് എന്ന് വിശ്വസിക്കുന്നവരാണ് ഖവാരിജുകൾ.

## ഇസ്‌ലാമിസ്റ്റുകളുടെ തക്ഫീർ

രാഷ്ട്രീയ ഇസ്‌ലാമിന്റെ വക്താക്കളാണ് ആധുനികകാലത്ത് ഖുറൂജ് എന്ന ബിദ്അത്ത് അതിന്റെ രൗദ്രഭാവത്തിൽ ഉയർത്തിപ്പിടിക്കുന്നത്. ഇഖ്‌വാനുൽ മുസ്‌ലിമൂനും ജമാഅത്തെ ഇസ്‌ലാമിയുമാണ് അതിനു നേതൃത്വം നൽകുന്നത്. പക്ഷെ, അവർക്ക് ഇന്ന് അറിയപ്പെട്ടതും അല്ലാത്തതുമായ നിരവധി ശാഖകൾ വേറെയുണ്ട്. ഖുത്ബികൾ, സുറൂരികൾ, ജമാഅത്തുൽ ഹിജ്റത്തി വത്തക്ഫീർ, ജബ്ഹതുന്നുസ്വ്റഃ, അൽഖാഇദഃ, ഇസ്‌ലാമിക് സ്റ്റേറ്റ്, ദാഇശ്, മുതലായവ അവയിൽ ചിലതു മാത്രമാണ്. അവയുടെയെല്ലാം ഒളിഞ്ഞും തെളിഞ്ഞുമുള്ള പ്രവർത്തനങ്ങൾ മുസ്‌ലിം സമുദായത്തിന്റെ മത-സാമൂഹിക–രാഷ്ട്രീയ മേഖലകളെ എത്രത്തോളം ദുഷിപ്പിച്ചു എന്നത് കൃത്യമായി വർണ്ണിക്കുക സാധ്യമല്ല. അവയുടെയെല്ലാം പൊതുവായ പ്രവർത്തന ശൈലി ഇങ്ങനെ സംഗ്രഹിക്കാം:

1. മുസ്‌ലിം ഭരണാധികാരികളെ മതഭ്രഷ്ടരും ത്വാഗൂത്തുകളുമായി പ്രഖ്യാപിക്കുക
2. നിലവിലുള്ള ഇസ്‌ലാമിക സമൂഹങ്ങളെ കാഫിറാക്കുകയും ജാഹിലീ സമൂഹങ്ങളായി മുദ്രയടിക്കുകയും ചെയ്യുക
3. ഇസ്‌ലാമിക രാഷ്ട്രം സ്ഥാപിക്കുക എന്ന ലക്ഷ്യത്തിനു കൂട്ടുനിൽക്കാത്തവരെയെല്ലാം മുശ്‌രിക്കുകളും കാഫിറുകളുമാക്കുക
4. അനിസ്‌ലാമിക വ്യവസ്ഥിതിക്കു കീഴിൽ ജീവിക്കുന്നത് ശിർക്കും കുഫ്‌റുമാണെന്ന് ആരോപിക്കുക
5. നിലവിലുള്ള ഭരണകൂടങ്ങളെ അട്ടിമറിച്ച് ഇസ്‌ലാമിക രാഷ്ട്രം സ്ഥാപിക്കാൻ കലാപങ്ങളും വിപ്ലവങ്ങളും ഉണ്ടാക്കുക
6. ഇസ്‌ലാമികഭരണം സ്ഥാപിക്കാൻ വേണ്ടി രഹസ്യസംഘടനകൾ സ്ഥാപിക്കുക, ആക്ടിവിസ്റ്റുകളെയും കാറ്റലിസ്റ്റുകളെയും വിന്യസിക്കുക.
7. ഈ ലക്ഷ്യങ്ങൾക്കായി ഇസ്‌ലാമിക മൂല്യങ്ങളെയും പ്രമാണവാക്യങ്ങളെയും ദുർവ്യാഖ്യാനിക്കുക

അപ്രകാരം അവർ ദുർവ്യാഖ്യാനിച്ച ഇസ്‌ലാമിന്റെ മൗലികമായ ആശയാവലികളിൽ ഒന്ന് 'അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് വിധിക്കാതിരിക്കൽ' എന്നുള്ളതാണ്. അതിനായി അവർ മാഇദഃ 44, 45, 47, നിസാഅ് 60 എന്നീ സൂക്തങ്ങളാണ് ദുരുപയോഗിക്കാറുള്ളത്. അതുകൊണ്ടു തന്നെ അവയുടെ ശരിയായ വ്യാഖ്യാനം കൂടി പരിശോധിക്കുന്നത് ഉചിതമായിരിക്കും.

﴿إِنَّا أَنزَلْنَا التَّوْرَاةَ فِيهَا هُدًى وَنُورٌ ۚ يَحْكُمُ بِهَا النَّبِيُّونَ الَّذِينَ أَسْلَمُوا لِلَّذِينَ هَادُوا وَالرَّبَّانِيُّونَ وَالْأَحْبَارُ بِمَا اسْتُحْفِظُوا مِن كِتَابِ اللَّهِ وَكَانُوا عَلَيْهِ شُهَدَاءَ ۚ فَلَا تَخْشَوُا النَّاسَ وَاخْشَوْنِ وَلَا تَشْتَرُوا بِآيَاتِي ثَمَنًا قَلِيلًا ۚ وَمَن لَّمْ يَحْكُم بِمَا أَنزَلَ اللَّهُ فَأُولَٰئِكَ هُمُ الْكَافِرُونَ ﴿٤٤﴾ وَكَتَبْنَا عَلَيْهِمْ فِيهَا أَنَّ النَّفْسَ بِالنَّفْسِ

وَالْعَيْنَ بِالْعَيْنِ وَالْأَنفَ بِالْأَنفِ وَالْأُذُنَ بِالْأُذُنِ وَالسِّنَّ بِالسِّنِّ وَالْجُرُوحَ
قِصَاصٌ فَمَن تَصَدَّقَ بِهِ فَهُوَ كَفَّارَةٌ لَّهُ ۚ وَمَن لَّمْ يَحْكُم بِمَا أَنزَلَ اللَّهُ فَأُولَٰئِكَ
هُمُ الظَّالِمُونَ ﴿٤٥﴾ وَقَفَّيْنَا عَلَىٰ آثَارِهِم بِعِيسَى ابْنِ مَرْيَمَ مُصَدِّقًا لِّمَا بَيْنَ يَدَيْهِ
مِنَ التَّوْرَاةِ ۖ وَآتَيْنَاهُ الْإِنجِيلَ فِيهِ هُدًى وَنُورٌ وَمُصَدِّقًا لِّمَا بَيْنَ يَدَيْهِ مِنَ التَّوْرَاةِ
وَهُدًى وَمَوْعِظَةً لِّلْمُتَّقِينَ ﴿٤٦﴾ وَلْيَحْكُمْ أَهْلُ الْإِنجِيلِ بِمَا أَنزَلَ اللَّهُ فِيهِ ۚ وَمَن
لَّمْ يَحْكُم بِمَا أَنزَلَ اللَّهُ فَأُولَٰئِكَ هُمُ الْفَاسِقُونَ ﴿٤٧﴾ (المائدة)

44. [തീർച്ചയായും നാമാണ് തൗറാത്ത് അവതരിപ്പിച്ചിരിക്കുന്നത്. അതിലുള്ളത് സന്മാർഗ്ഗദർശനവും വെളിച്ചവുമാണ്. അതനുസരിച്ചാണ് അല്ലാഹുവിന് സർവഥാ സമർപ്പിച്ച നബിമാർ യഹൂദർക്ക് വിധിനൽകിയിരുന്നത്. അതുപോലെ തന്നെയായിരുന്നു റബ്ബാനികളായ ഗുരുഭൂതന്മാരും പണ്ഡിതൻമാരും ചെയ്തിരുന്നത്. കാരണം അല്ലാഹുവിന്റെ ഗ്രന്ഥത്തിന്റെ സംരക്ഷണം അവരെയാണ് ഏൽപിക്കപ്പെട്ടിരുന്നത്. അവരതിന് സാക്ഷികളുമായിരുന്നു. അതിനാൽ നിങ്ങൾ ജനങ്ങളെ പേടിക്കാതെ എന്നെ മാത്രം ഭയപ്പെടുക. എന്റെ വചനങ്ങൾ നിങ്ങൾ തുഛമായ വിലക്ക് വിൽക്കാതിരിക്കുക. അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് ആർ വിധിക്കുന്നില്ലയോ അവർ തന്നെയാകുന്നു കാഫിറുകൾ.

45. അതിൽ അവർക്കു നാം നിയമമാക്കിയിരുന്നത് ജീവനു ജീവൻ, കണ്ണിനു കണ്ണ്, മൂക്കിനു മൂക്ക്, ചെവിക്കു ചെവി, പല്ലിനു പല്ല്, മുറിവുകൾക്ക് തത്തുല്യമായ പ്രതിക്രിയ എന്നിങ്ങനെയാണ്. വല്ലവനും മാപ്പുനൽകി ധർമ്മം ചെയ്യുന്നപക്ഷം അത് അവന് പ്രായശ്ചിത്തമായിരിക്കും. അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് ആർ വിധിക്കുന്നില്ലയോ അവർ തന്നെയാണ് അക്രമികൾ.

46. അവരുടെ കാൽപാടുകളിൽ, അവരുടെ തുടർച്ചയായി, മർയമിന്റെ മകൻ ഈസായെ തന്റെ മുമ്പിലുള്ള തൗറാത്തിനെ ശരി

വെക്കുന്നവനായിക്കൊണ്ട് നാം നിയോഗിച്ചു. സന്മാർഗദർശനവും സത്യപ്രകാശവും അടങ്ങിയ ഇൻജീൽ അദ്ദേഹത്തിനു നാം നൽകുകയും ചെയ്തു. അതിന്റെ മുമ്പിലുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്നതും, സൂക്ഷ്മത പാലിക്കുന്നവർക്കുള്ള സദുപദേശവുമത്രെ അത്.

47. ഇൻജീലിന്റെ അനുയായികൾ, അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് വിധികൽപിക്കട്ടെ. അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് ആർ വിധിക്കുന്നില്ലയോ അവർ തന്നെയാകുന്നു അധർമ്മകാരികൾ.]

സൂറത്തുൽ മാഇദഃയിലെ മൂന്ന് സൂക്തങ്ങളും അവസാനിപ്പിക്കുന്നത് ഇപ്രകാരമാണ്:

44. അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് ആർ വിധിക്കുന്നില്ലയോ അവർ തന്നെയാകുന്നു കാഫിറുകൾ.

45. അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് ആർ വിധിക്കുന്നില്ലയോ അവർ തന്നെയാകുന്നു അക്രമികൾ.

47. അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് ആർ വിധിക്കുന്നില്ലയോ അവർ തന്നെയാകുന്നു അധർമ്മകാരികൾ.

## വലിയ കുഫ്റും ചെറിയ കുഫ്റും

«അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് ആർ വിധിക്കുന്നില്ലയോ അവൻ കാഫിറാണ്» എന്ന വചനം മുൻനിർത്തി രാഷ്ട്രീയ ഇസ്ലാമിന്റെ വക്താക്കൾ നിലവിലുള്ള ഭരണാധികാരികളെ മുഴുക്കെ കാഫിറുകളും മതഭ്രഷ്ടരുമായി ചിത്രീകരിക്കുന്നു. അവരുടെ കീഴിൽ ജീവിക്കുന്ന പ്രജകൾ അവർക്ക് ഇബാദത്ത് ചെയ്യുന്നവരും മുശ്രിക്കുകളുമാണെന്ന് ആരോപിക്കുന്നു. അതിനാൽ മുസ്ലിമായി ജീവിക്കണമെങ്കിൽ അവരെ അട്ടിമറിച്ച് ഇസ്ലാമിക ഭരണം സ്ഥാപിക്കണമെന്നും, അതാണ് ഏതൊരു മുസ്ലിമിന്റെയും പ്രാഥമികമായ കടമ എന്നും അവർ വാദിക്കുന്നു.

**സ്വഹാബികളിലെ ഏറ്റവും പ്രഗത്ഭനായ ഖുർആൻ വ്യാഖ്യാതാവും പണ്ഡിതന്മാരിൽ അഗ്രേസരനുമായ ഇബ്‌നു അബ്ബാസ് ﵄ മേൽ സൂക്തത്തിനു നൽകിയ വ്യാഖ്യാനം കാണുക.**

عن طاؤوس قال: قال ابن عباس ﵄: إنه ليس بالكفر الذي يذهبون إليه، إنه ليس كفرا ينقل عن الملة، ﴿وَمَن لَّمْ يَحْكُم بِمَا أَنزَلَ اللَّهُ فَأُولَٰئِكَ هُمُ الْكَافِرُونَ ﴿٤٤﴾﴾ (المائدة) كفر دون كفر. [أخرجه الحاكم في المستدرك وقال: هذا حديث صحيح الإسناد ولم يخرجاه، وصححه الذهبي في التلخيص]

**[ത്വാഊസ് ﵀ നിവേദനം. ഇബ്‌നു അബ്ബാസ് ﵄ പറയുന്നു: തീർച്ചയായും അത് അവർ വിവക്ഷിക്കുന്ന കുഫ്ർ അല്ല. അഥവാ അത് മതത്തിൽനിന്ന് പുറത്തുപോകാൻ കാരണമാകുന്ന കുഫ്റല്ല. «അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് ആർ വിധിക്കുന്നില്ലയോ അവർ തന്നെയാകുന്നു കാഫിറുകൾ» (മാഇദഃ 44) അത് വലിയ കുഫ്റിനു താഴെയുള്ള ചെറിയ കുഫ്റാണ്.] (ഹാകിം മുസ്തദ്റകിൽ ഉദ്ധരിച്ചത്)**

**മുകളിൽ കൊടുത്ത വ്യാഖ്യാനത്തിൽ ഇബ്‌നു അബ്ബാസ് ﵄ മൂന്ന് കാര്യങ്ങളാണ് അടിവരയിടുന്നത്:**

1. **അതിൽ പറയുന്നത് അവർ വിവക്ഷിക്കുന്ന കുഫ്ർ അല്ല**
2. **അതിലുള്ള കുഫ്ർ മതഭ്രഷ്ടിനു കാരണമാകുകയില്ല**
3. **അത് വലിയ കുഫ്റിനു താഴെയുള്ള ചെറിയ കുഫ്റാണ്**

**മേൽ വ്യാഖ്യാനത്തിലൂടെ അദ്ദേഹം വ്യക്തമാക്കുന്നത്, അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് വിധിക്കാത്തവരെല്ലാം മതഭ്രഷ്ടരല്ല. കാരണം പരാമൃഷ്ട സൂക്തത്തിൽ പറഞ്ഞ കുഫ്ർ വലിയ കുഫ്റിനു താഴെയുള്ള ചെറിയ കുഫ്ർ മാത്രമാണ് എന്ന വസ്തുതയത്രെ.**

യഥാർത്ഥത്തിൽ കുഫ്ർ രണ്ടു തരമുണ്ട്; വലിയ കുഫ്റും ചെറിയ കുഫ്റും. മതത്തിൽനിന്ന് പുറത്തു പോകുന്നതും ശാശ്വതമായ നരകശിക്ഷ ലഭിക്കുന്നതുമായ വൻപാപമാണ് വലിയ കുഫ്ർ. അല്ലാഹുവിൽ പങ്കുചേർക്കുക, അവനുപുറമെ മറ്റാരെയെങ്കിലും ആരാധിക്കുക, അവന്റെ നാമ ഗുണവിശേഷങ്ങളിൽ കൃത്യവിലോപം കാണിക്കുക, അവന്റെ വചനങ്ങളെയും ദൂതന്മാരെയും കളവാക്കുകയും പരിഹസിക്കുകയും ചെയ്യുക പോലുള്ളവ വലിയ കുഫ്റിനുള്ള ഉദാഹരണങ്ങളാണ്.

മതത്തിൽനിന്ന് പുറത്തുപോകാത്തതും ശാശ്വതമായ നരകശിക്ഷക്ക് കാരണമാകാത്തതുമായ വൻപാപമാണ് ചെറിയ കുഫ്ർ. ഒരു മുസ്ലിമിനോട് യുദ്ധം ചെയ്യുക, ജനങ്ങളെ തറവാടുപരമായും വംശീയമായും അധിക്ഷേപിക്കുക, സ്വന്തം പിതാവിലേക്കല്ലാതെ മറ്റൊരാളിലേക്ക് ചേർത്തു വിളിക്കുക പോലുള്ളവ ചെറിയ കുഫ്റിനുള്ള ഉദാഹരണങ്ങളാണ്.

അഹ്ലുസ്സുന്നഃ കാര്യങ്ങൾ വ്യവഛേദിച്ചു വിശകലനം ചെയ്യുന്നവരും, ഓരോന്നിനും അതിന്റെ തോതനുസരിച്ച് ശർഇൽ പറഞ്ഞതു പ്രകാരമുള്ള ഗൗരവം കൽപിക്കുന്നവരുമാണ്. കുഫ്റിനെയെല്ലാം അവർ ഒന്നായി കാണുകയില്ല. ഓരോ തരം കുഫ്റിനും അതിന്റേതായ വിവക്ഷയും പരിഗണനയുമാണ് അവർ നൽകുക.

ഭർത്താവിനോട് കാണിക്കുന്ന കുഫ്ർ (كفران العشير), അനുഗ്രഹങ്ങളോടുള്ള കുഫ്ർ (كفران النعمة), വലിയ കുഫ്റിനു താഴെയുള്ള ചെറിയ കുഫ്ർ (كفر دون كفر) പോലുള്ള പ്രയോഗങ്ങൾ ഈ പരിപ്രേക്ഷ്യത്തിൽ വേണം മനസ്സിലാക്കാൻ. ഇതേ പ്രകാരം, ശിർക്ക് (شِرْكٌ), അധർമ്മം (فِسْقٌ), അക്രമം (ظُلْمٌ) എന്നിവയെയും ചെറുതും വലുതുമാക്കി വേർതിരിക്കാറുണ്ട്.

## മതനിയമങ്ങൾ മാറ്റിമറിക്കൽ

ഒരാൾ അല്ലാഹു അവതരിപ്പിച്ച മതനിയമങ്ങൾ നിഷേധിക്കുകയോ അവയിൽ ഭേദഗതിവരുത്തുകയോ ചെയ്യുന്നില്ല. ഭൗതിക

മായ നേട്ടങ്ങൾക്കു വേണ്ടിയോ, സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ടോ മറ്റോ അയാൾ അല്ലാഹു അവതരിപ്പിച്ചതു പ്രകാരമല്ലാതെ വിധിക്കുകയും ചെയ്യുന്നു. എങ്കിൽ അയാൾ ചെറിയ കുഫ്റിൽ മാത്രമേ അകപ്പെടുകയുള്ളു.

അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് വിധിക്കാതിരിക്കുന്ന ഒരാൾ അതിനെ മതാനുസാരമായി (اِسْتِحْلَالٌ) കാണുമ്പോഴാണ് വലിയ കുഫ്റിൽ അകപ്പെടുന്നത്. മേൽ സൂക്തത്തിന് ത്വബരി ﵀ നൽകിയ വിവരണം ശ്രദ്ധിക്കുക:

وَكَذَلِكَ الْقَوْلُ فِي كُلِّ مَنْ لَمْ يَحْكُمْ بِمَا أَنْزَلَ اللهُ جَاحِدًا بِهِ هُوَ بِاللهِ كَافِرٌ، كَمَا قَالَ ابْنُ عَبَّاسٍ، لِأَنَّهُ بِجُحُودِهِ حُكْمَ اللهِ بَعْدَ عِلْمِهِ أَنَّهُ أَنْزَلَهُ فِي كِتَابِهِ نَظِيرَ جُحُودِهِ نُبُوَّةَ نَبِيِّهِ بَعْدَ عِلْمِهِ أَنَّهُ نَبِيّ. [الطبري في جامع البيان]

[ഇബ്നു അബ്ബാസ് ﵄ പറഞ്ഞതുപോലെ, അല്ലാഹു അവതരിപ്പിച്ചതിനെ നിഷേധിച്ചുകൊണ്ട് (جُحُودٌ) അതനുസരിച്ചു വിധിക്കാത്തവൻ അല്ലാഹുവിൽ അവിശ്വസിച്ചവനാണ്. അല്ലാഹു അവന്റെ കിതാബിൽ അവതരിപ്പിച്ചതാണെന്ന് അറിവുണ്ടായിട്ടും അവന്റെ വിധികളെ നിഷേധിക്കുന്നത് നബി ﷺ നബിയാണെന്ന് അറിഞ്ഞിട്ടും അവിടുത്തെ നുബുവ്വത്ത് നിഷേധിക്കുന്നിനു തുല്യമാണ്.] (ത്വബരി തന്റെ തഫ്സീറിൽ രേഖപ്പെടുത്തിയത്)

വൻപാപങ്ങൾ ഇസ്തിഹ്ലാൽ ചെയ്യാത്തിടത്തോളം അതിനെ വലിയ കുഫ്ർ എന്ന് പറയുകയില്ല. എന്നാൽ കുഫ്റാണെന്ന് ശർഇൽ പറഞ്ഞ കാര്യങ്ങൾ ഇസ്തിഹ്ലാൽ ചെയ്യാതെ തന്നെ കുഫ്റാവുകയും ചെയ്യും.

ഇസ്തിഹ്ലാൽ എന്നാൽ ഏതെങ്കിലും ഒരു മതനിയമം ഭേദഗതി വരുത്താമെന്ന് വെക്കലാണ്. ഉദാഹരണമായി ഇസ്ലാമിക ശരീഅത്ത് പ്രകാരം മദ്യപാനം ഹറാമാണ്. ഒരു മദ്യപാനി അത് നിഷിദ്ധമാണെന്ന് വിശ്വസിക്കുകയും, ദേഹേഛക്കു വഴങ്ങി മദ്യപി

ക്കുക എന്ന തെറ്റ് ചെയ്യുകയുമാണെങ്കിൽ അത് കുഫ്ർ ആവുകയില്ല, പാപം (مَعْصِيَةٌ) മാത്രമേ ആവുകയുള്ളു. മറിച്ച്, മദ്യപാനം നിഷിദ്ധമാണെന്ന നിയമം അയാൾ മാറ്റിമറിക്കുകയും നിയമാനുസാരമാണ് താൻ മദ്യപിക്കുന്നതെന്ന് കരുതുകയും ചെയ്യുന്നുവെങ്കിൽ അയാൾ ഇസ്തിഹ്ലാൽ ചെയ്യുന്നു. അപ്പോൾ അത് വലിയ കുഫ്ർ ആയിത്തീരുകയും ചെയ്യും. അത് വെറുമൊരു പാപം (مَعْصِيَةٌ) മാത്രമായിരിക്കുകയില്ല.

ഇസ്തിഹ്ലാൽ ഒരു മനോവ്യാപാരമാണ്. അതിനു ഹൃദയവും വിശ്വാസവുമായിട്ടാണ് ബന്ധം. അല്ലാഹു അവതരിപ്പിച്ച മതനിയമങ്ങളെ മാറ്റിമറിക്കുന്നത് അനുവദനീയവും നിയമാനുസാരവും ആണെന്ന് വിശ്വസിക്കലാണ് ഇസ്തിഹ്ലാൽ. കുഫ്ർ ആവാൻ ആ വിശ്വാസം തന്നെ മതിയാകും, അയാൾ അക്കാര്യം പ്രവൃത്തിപഥത്തിൽ കൊണ്ടുവരണമെന്നില്ല.

അധ്യായം മൂന്ന്

# തക്ഫീറിന്റെ ആധാരങ്ങൾ

തക്ഫീറുമായി ബന്ധപ്പെട്ട് അനിവാര്യമായി നാം മനസ്സിലാക്കിയിരിക്കേണ്ട അടിസ്ഥാനപരമായ ചില വസ്തുതകളുണ്ട്. അവയുടെ ഒരു സംക്ഷേപമാണ് ചുവടെ ചേർക്കുന്നത്.

1. തക്ഫീർ അല്ലാഹുവിന്റെ അധികാരാവകാശങ്ങളിൽപെട്ടതാണ്; സൃഷ്ടികളുടെ അധികാര പരിധിയിൽപെട്ടതല്ല. ഒരു വ്യക്തിയെ തക്ഫീർ ചെയ്യേണ്ടത് സംശയരഹിതമായി തെളിയിക്കപ്പെട്ട തെറ്റുകൊണ്ടായിരിക്കണം. ആ തെറ്റ് കുഫ്റാണെന്ന കാര്യം ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നുമുള്ള വ്യക്തമായ രേഖയുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെട്ടതുമായിരിക്കണം. കൂടാതെ യോഗ്യനായ ഒരു വ്യക്തിക്ക് മാത്രമേ തക്ഫീർ ചെയ്യാൻ അനുവാദമുള്ളൂ. അല്ലാതെ അല്ലാഹുവിനെയും അവന്റെ റസൂലിനെയും മറികടന്നു കൊണ്ട് ഓരോരുത്തർക്കും തന്റെ അഭീഷ്ടമനുസരിച്ച് കൈകാര്യം ചെയ്യാവുന്ന വിഷയമല്ല തക്ഫീർ. അല്ലാഹു പറയുന്നു:

﴿يَا أَيُّهَا الَّذِينَ آمَنُوا لَا تُقَدِّمُوا بَيْنَ يَدَيِ اللهِ وَرَسُولِهِ وَاتَّقُوا اللهَ إِنَّ اللهَ سَمِيعٌ عَلِيمٌ ۝١﴾ (الحجرات)

[വിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെയും അവന്റെ റസൂലിനെയും മറികടക്കരുത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കണം. നിശ്ചയം അല്ലാഹു എല്ലാം കേൾക്കുന്നവനും സർവ്വജ്ഞനുമാകുന്നു.] (ഹുജുറാത്ത് 1)

2. വിശ്വാസവും ദൃഢബോധ്യവും (يَقِين) കൊണ്ട് ഇസ്‌ലാമിൽ വന്ന ഒരാളെ സംശയാസ്പദമായ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ കാഫിറാക്കാനാവില്ല. ദൃഢബോധ്യം (يَقِين) കൊണ്ട് സ്ഥിരപ്പെട്ട ഒരു കാര്യവും സംശയം (شَكّ) കൊണ്ട് നീങ്ങുകയില്ല എന്നത് ദീനിൽ സർവ്വാംഗീകൃതമായ തത്ത്വമാണ്. ഒരാൾ മുസ്‌ലിമാകണമെങ്കിൽ സാക്ഷ്യവചനം വിശ്വാസത്തോടും ദൃഢബോധ്യത്തോടും കൂടി പ്രഖ്യാപിക്കണം. അങ്ങനെ മുസ്‌ലിമായ ഒരാൾ ഖണ്ഡിതമായ വസ്തുതകളുടെയും കാരണങ്ങളുടെയും അടിസ്ഥാനത്തിലല്ലാതെ, സംശയാസ്പദമായ കാരണങ്ങൾ കൊണ്ട് ഇസ്‌ലാമിൽനിന്ന് പുറത്തു പോവുകയുമില്ല.

3. വിശ്വാസം, വാക്ക്, പ്രവൃത്തി, സംശയം എന്നിവ കൊണ്ടെല്ലാം വലിയ കുഫ്ർ സംഭവിക്കാം. വിശ്വാസത്തിൽ പിഴച്ചാൽ കുഫ്റിനു കാരണമാകും. കുഫ്റിന്റെ വാക്ക് ഉച്ചരിക്കുന്നതും കുഫ്റിന്റെ പ്രവൃത്തി ചെയ്യുന്നതും അതുപോലെ തന്നെയാണ്. മാത്രമല്ല, ചില സംശയങ്ങൾ പോലും കുഫ്റിനു കാരണമാകും. ഖുർആൻ അല്ലാഹു അവതരിപ്പിച്ചതു തന്നെയാണോ എന്ന് സംശയിക്കുക, മുശ്‌രിക്കായ ഒരു വ്യക്തി കാഫിറാണോ എന്ന് സംശയിക്കുക പോലുള്ളവ ഉദാഹരണം. അല്ലാഹു പറയുന്നത് കാണുക:

﴿وَلَئِن سَأَلْتَهُمْ لَيَقُولُنَّ إِنَّمَا كُنَّا نَخُوضُ وَنَلْعَبُ قُلْ أَبِاللَّهِ وَآيَاتِهِ وَرَسُولِهِ كُنتُمْ تَسْتَهْزِئُونَ ﴿٦٥﴾ لَا تَعْتَذِرُوا قَدْ كَفَرْتُم بَعْدَ إِيمَانِكُمْ إِن نَّعْفُ عَن طَائِفَةٍ مِّنكُمْ نُعَذِّبْ طَائِفَةً بِأَنَّهُمْ كَانُوا مُجْرِمِينَ ﴿٦٦﴾﴾ (التوبة)

[താങ്കൾ അവരോട് ചോദിച്ചാൽ അവർ പറയും: ഞങ്ങൾ കളി

തമാശകളിൽ മുഴുകുക മാത്രമായിരുന്നു. പറയുക: അല്ലാഹുവി നെയും അവന്റെ വചനങ്ങളെയും അവന്റെ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചു കൊണ്ടിരിക്കുന്നത്? നിങ്ങൾ ഒഴികഴി വുകളൊന്നും പറയേണ്ടതില്ല. വിശ്വസിച്ചതിനു ശേഷം നിങ്ങ ൾ അവിശ്വാസത്തിലേക്കു തന്നെ പോയിക്കഴിഞ്ഞിരിക്കുന്നു. നിങ്ങളിൽ ഒരു വിഭാഗത്തിന് നാം മാപ്പുനൽകുകയാണെങ്കിൽ തന്നെ മറ്റൊരു വിഭാഗത്തെ നാം ശിക്ഷിക്കും. കാരണം അവർ അപരാധികൾ തന്നെയാണ്.] (തൗബഃ 65-66)

## തക്ഫീർ രണ്ടു തരം
## 1. പൊതുവായ തക്ഫീർ

കാഫിറാക്കൽ രണ്ടു തരമാണ്: ഒരു കുഫ്റിന്റെ പ്രവർത്ത നത്തെ കുറിച്ച് പറയുന്ന നിരുപാധികമായ തക്ഫീറും (التكفير المطلق), ഒരു വ്യക്തിയെ നിർണ്ണയിച്ച് പറയുന്ന വ്യക്തിയധിഷ്ഠിത മായ തക്ഫീറും (تكفير المعين).

i) ഇന്ന വ്യക്തിയെന്നു നിർണ്ണയിക്കാതെ ഒരു നടപടി കുഫ്ർ ആണെന്നു മാത്രം പറയുന്നതാണ് التكفير المطلق അഥവാ നിരു പാധികമായ തക്ഫീർ.

ii) ഒരു വ്യക്തിയെ നിർണ്ണയിച്ച് അയാളെ കാഫിറായി പ്രഖ്യാപിക്കു ന്നതാണ് تكفير المعين വ്യക്തിയധിഷ്ഠിതമായ തക്ഫീർ

ഇവ രണ്ടും വ്യവഛേദിച്ചു മനസ്സിലാക്കേണ്ടത് അനിവാര്യമാ ണ്. ഒരു നടപടി കുഫ്ർ ആണെന്നു പറയാൻ അതിനു ഖുർആനി ലോ സുന്നത്തിലോ ഖണ്ഡിതമായ തെളിവുണ്ടോ എന്നു മാത്രമാ ണ് നോക്കേണ്ടത്. വ്യാഖ്യാന സാധ്യതകളുള്ള വിവാദപരവും സംശയാസ്പദവുമായ തെളിവുകൾ മതിയാവില്ലെന്ന കാര്യം പ്ര ത്യേകം ഓർക്കേണ്ടതാണ്. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമി യ്യഃ ﷺ പറയുന്നു:

التكفير العام كالوعيد العام يجب القول بإطلاقه وعمومه، وأما الحكم

على المعين بأنه كافر أو مشهود له بالنار، فهذا يقف على الدليل المعين، فإن الحكم يقف على ثبوت شروطه وانتفاء موانعه. [ابن تيمية في مجموع فتاويه]

[ഒരു നടപടിയെ കുറിച്ച് പറയുന്ന പൊതുവായ തക്ഫീർ, ശിക്ഷയെ കുറിച്ചുള്ള പൊതുവായ താക്കീത് പോലെ തന്നെയാണ്. അവ രണ്ടും നിരുപാധികമായും പൊതുവായ നിലയിലും മാത്രമേ പറയാവതുള്ളൂ. എന്നാൽ ഒരു വ്യക്തിയെ നിർണ്ണയിച്ച് കാഫിർ എന്നോ അല്ലെങ്കിൽ അയാൾക്ക് നരകം സുനിശ്ചിതമാണെന്നോ പറയണമെങ്കിൽ അങ്ങനെ നിർണ്ണയിച്ചു പറയാനുള്ള പ്രത്യേകമായ തെളിവുതന്നെ വേണം. അത്തരം ഒരു വിധി പ്രസ്താവം നടത്തുക എന്നത് നിബന്ധനകൾ പൂർത്തീകരിക്കുകയും തടസ്സങ്ങൾ ഇല്ലാതാവുകയും ചെയ്യുന്നതിനെ ആശ്രയിച്ചു നിൽക്കുന്നു.] (ഇബ്നു തൈമിയ്യഃ, ഫതാവായിൽ രേഖപ്പെടുത്തിയത്)

## 2. വ്യക്തിയധിഷ്ഠിതമായ തക്ഫീർ

ഒരു വ്യക്തിയെ കാഫിറായി പ്രഖ്യാപിക്കാൻ ഒന്നിലധികം കാര്യങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുണ്ട്.

1. അയാൾ പാപം ചെയ്തിട്ടുണ്ടോ, ഉണ്ടെങ്കിൽ ഏതു തരത്തിലുള്ളതാണ്?
2. ആ പാപം കുഫ്റാണെന്ന് ഖണ്ഡിതമായ തെളിവുകളാൽ സ്ഥിരപ്പെട്ടിട്ടുണ്ടോ?
3. ഒരു വ്യക്തിയെ നിർണ്ണയിച്ച് കാഫിറായി പ്രഖ്യാപിക്കാനുള്ള നിബന്ധനകൾ അയാളിൽ പൂർത്തീകരിച്ചിട്ടുണ്ടോ?
4. ഒരു വ്യക്തിയെ കാഫിറായി പ്രഖ്യാപിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ വല്ലതും നിലനിൽക്കുന്നുണ്ടോ?
5. കാഫിറാക്കാനുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ?

ഇബ്നു ഉഥൈമീൻ ﷺ ഇക്കാര്യങ്ങൾ സംഗ്രഹിക്കുന്നത് കാണുക:

الواجب قبل الحكم بالتكفير أن ينظر في أمرين؛ الأمر الأول: دلالة الكتاب والسنة على أن هذا مكفر لئلا يفتري على الله الكذب، والأمر الثاني: فانطباق الحكم على الشخص المعين بحيث تتم شروط التكفير في حقه وتنتفي الموانع. [مجموع فتاوى ورسائل ابن عثيمين]

[കാഫിർ എന്ന് വിധിക്കും മുമ്പ് രണ്ടു കാര്യങ്ങൾ പരിശോധിക്കേണ്ടത് അനിവാര്യമാണ്.

ഒന്നാമത്തെ കാര്യം: അക്കാര്യം കാഫിറാക്കുന്ന വിഷയമാണെന്ന് ഖുർആനും സുന്നത്തും അറിയിച്ചിട്ടുണ്ടോ? അല്ലാത്ത പക്ഷം അത് അല്ലാഹുവിനെ കുറിച്ച് കളവ് ചമച്ചുണ്ടാക്കലായിത്തീരും.

രണ്ടാമത്തെ കാര്യം: ആ വിധി, ആ നിർണ്ണിത വ്യക്തിക്ക് ബാധകമാകുമോ? കാഫിറെന്ന് വിധിക്കാനുള്ള നിബന്ധനകൾ അയാളിൽ പൂർത്തീകരിക്കപ്പെടുകയും തടസ്സങ്ങൾ ഒന്നും ഇല്ലാതിരിക്കുകയും ചെയ്തിട്ടുണ്ടോ?] (ഇബ്നു ഉഥൈമീൻ, ഫതാവാ വ റസാഇലിൽ രേഖപ്പെടുത്തിയത്)

ഒരു വാക്കോ പ്രവൃത്തിയോ കുഫ്റാണെന്ന് വിധിക്കാൻ (تَكْفِيرٌ مُطْلَقٌ) ഖുർആനിൽനിന്നോ സുന്നത്തിൽനിന്നോ ഉള്ള രേഖാപരമായ തെളിവുമതി. എന്നാൽ, ഒരു പ്രവൃത്തി കുഫ്ർ ആണെന്നു പറയുന്നതു പോലെയല്ല ഒരു വ്യക്തി കാഫിറാണെന്ന് പറയുന്നത്. വ്യക്തിയെ കാഫിർ എന്ന് വിധിക്കണമെങ്കിൽ മറ്റുചില കാര്യങ്ങൾകൂടി സ്ഥിരീകരിക്കപ്പെടേണ്ടതും നടപടികൾ പൂർത്തീകരിക്കേണ്ടതുമുണ്ട്.

## കുറ്റവും കുറ്റവാളിയും

പലരും കാലിടറി അബദ്ധത്തിൽ വീണുപോകുന്ന ഒരു മേഖലയാണിത്. അബദ്ധത്തിനു കാരണം മറ്റൊന്നുമല്ല, അവരുടെ സാ

മാന്യയുക്തിയുടെ പ്രയോഗം തന്നെ. ഒരു വാക്ക് കുഫ്ര്‍ ആണോ എങ്കിൽ ആ വാക്ക് പറഞ്ഞവൻ കാഫിറാണ്. അതേ പോലെ, ഒരു പ്രവർത്തി കുഫ്ര്‍ ആണോ എങ്കിൽ ആ പ്രവൃത്തി ചെയ്തവൻ കാഫിറുമാണ്. ലളിതമായ ഈ യുക്തി പ്രത്യക്ഷത്തിൽ ശരിയല്ലേ എന്നു തോന്നാം. യഥാർത്ഥത്തിൽ കാര്യം അങ്ങനെയല്ല. അത് തീർത്തും അപക്വമാണ്. ഒരു വ്യക്തിയെ നിർണ്ണയിച്ച് അയാൾ കാഫിർ എന്ന് പറയണമെങ്കിൽ അതിലപ്പുറം ചില നിബന്ധനകൾ കൂടി പൂർത്തീകരിക്കേണ്ടതും നടപടിക്രമങ്ങൾ പാലിക്കേണ്ടതുമുണ്ട്.

അതുകൊണ്ടാണ്, അഹ്ലുസ്സുന്നഃയെ കുറിച്ച് അവർ ഒരു തെറ്റിനെയും (مُخَالَفَةٌ), അതു ചെയ്യുന്ന കുറ്റവാളിയെയും (مُخَالِفٌ) തമ്മിൽ വേർതിരിക്കുന്നവരാണ് എന്ന് പറയാറുള്ളത്. കുറ്റം വേറെ, കുറ്റവാളി വേറെ. പരിഗണനീയമായ മറ്റു കാര്യങ്ങളൊന്നും നോക്കാതെ അവ തമ്മിൽ ബന്ധിപ്പിക്കാവതല്ല. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃ ﵀ പറയുന്നത് കാണുക:

فإن نصوص الوعيد التي في الكتاب والسنة، ونصوص الأئمة بالتكفير والتفسيق ونحو ذلك لا يستلزم ثبوت موجبها في حق المعين إلا إذا وُجدت الشروط وانتفت الموانع. [ابن تيمية في مجموع فتاويه]

[പ്രമാണരേഖകളിൽ കുഫ്റാണെന്ന് താക്കീത് ചെയ്യപ്പെട്ടതോ, കുഫ്റും (كُفْرٌ) അധർമ്മവും (فِسْقٌ) ആണെന്ന് ഇമാമുകൾ പറഞ്ഞിട്ടുള്ളതോ, അതുപോലുള്ള മറ്റു കാര്യങ്ങളോ ഒരാളിൽനിന്ന് സംഭവിച്ചു എന്നിരിക്കട്ടെ, അതുകൊണ്ടു മാത്രം ആ വ്യക്തിയെ കാഫിറാണെന്നു വിധിക്കാനാവില്ല. മറിച്ച് വ്യക്തിയെ നിർണ്ണയിച്ച് കാഫിറായി പ്രഖ്യാപിക്കാനുള്ള നിബന്ധനകൾ പൂർത്തീകരിക്കപ്പെടുകയും തടസ്സങ്ങൾ ഇല്ലാതാവുകയും ചെയ്യണം.] (ഇബ്നു തൈമിയ്യഃ, ഫതാവായിൽ രേഖപ്പെടുത്തിയത്)

കുറ്റവും കുറ്റവാളിയും വേറെയാണ്. കുഫ്റും കാഫിറും വേറെയാണ്. അധർമ്മവും അധർമ്മകാരിയും വേറെയാണ്. മറ്റു പരിഗ

ണനകൾ ഒന്നും നോക്കാതെ അവയെ തമ്മിൽ ബന്ധിപ്പിക്കുന്നത് അന്യായമാണ്. പ്രവൃത്തികളെ കുറിച്ച് പറയുമ്പോൾ അത് ഏത് ഇനത്തിൽപെട്ടതാണെന്ന് പറയാൻ പ്രമാണങ്ങളിൽനിന്നുള്ള രേഖാപരമായ തെളിവുമതി. മറിച്ച്, ഒരു വ്യക്തിയെ നിർണ്ണയിച്ച് കാഫിർ (അവിശ്വാസി), ഫാസിഖ് (അധർമ്മകാരി) എന്നൊക്കെ വിധിക്കണമെങ്കിൽ മറ്റു ചില നിബന്ധനകൾ കൂടി പൂർത്തീകരിക്കേണ്ടതുണ്ട്, സാങ്കേതികമായ തടസ്സങ്ങൾ ഇല്ലാതാവേണ്ടതുമുണ്ട്, നടപടിക്രമങ്ങൾ പാലിക്കേണ്ടതുമുണ്ട്. ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യഃ ﵀ പറയുന്നത് കാണുക:

لكن تكفير الواحد المعين منهم والحكم بتخليده في النار موقوف على ثبوت شروط التكفير وانتفاء موانعه، فإنا نطلق القول بنصوص الوعيد والتكفير والتفسيق، ولا نحكم للمعين بدخوله في ذلك العام حتى يقوم المقتضي الذي لا معارض له. [ابن تيمية في مجموع فتاويه]

[ഒരു വ്യക്തിയെ നിർണ്ണയിച്ച് അയാൾ കാഫിറാണെന്ന് പ്രഖ്യാപിക്കുന്നതും അയാൾ ശാശ്വതമായി നരകത്തിലാണെന്ന് വിധിക്കുന്നതും, അതിനുള്ള നിബന്ധനകൾ പൂർത്തീകരിക്കുന്നതിനെയും തടസ്സങ്ങൾ നീങ്ങുന്നതിനെയും ആശ്രയിച്ചു നിൽക്കുന്നു. ഒരു കാര്യം കുഫ്റാണ്, അധർമ്മമാണ്, ശാശ്വതമായ നരകശിക്ഷക്കു കാരണമാണ് എന്നൊക്കെ പ്രമാണരേഖകൾ വെച്ച് നമുക്ക് പൊതുവായി പറയാം. എന്നാൽ, പ്രതിബന്ധങ്ങൾ ഒന്നുമില്ലാതെ അവശ്യമായ വ്യവസ്ഥകൾ പൂർത്തീകരിക്കുന്നതു വരെ, പൊതുവായി പറഞ്ഞ അക്കാര്യത്തിൽ ഒരു വ്യക്തിയെ നിർണ്ണയിച്ച് അയാൾ ഉൾപ്പെടുമെന്ന് നമുക്ക് വിധിക്കാൻ പറ്റില്ല.] (ഇബ്നു തൈമിയ്യഃ, ഫതാവായിൽ രേഖപ്പെടുത്തിയത്)

ഒരു ഉദാഹരണത്തിലൂടെ കാര്യം വ്യക്തമാക്കാം. അല്ലാഹു അല്ലാത്തവരോട് ദുആ ചെയ്യുന്നത് ശിർക്കാണ്. മുഹ്യുദ്ദീൻ ശൈഖേ കാക്കണേ, ബദ്രീങ്ങളേ രക്ഷിക്കണേ എന്നിങ്ങനെ പ്രാർത്ഥിക്കുന്നവർ മുശ്രിക്കുകളാണ്. അവർക്ക് പരലോകത്ത് ശാശ്വ

തമായ നരക ശിക്ഷയാണ് ലഭിക്കുക. ഇത് പൊതുവായ ഒരു വിധിയാണ്. അത് പറയാൻ പ്രമാണങ്ങളിൽ നിന്നുള്ള രേഖാപരമായ തെളിവു മതി.

പക്ഷെ, ഒരു നിർണ്ണിത വ്യക്തിയെ കുറിച്ച് അയാൾ അങ്ങനെ ദുആ ചെയ്യുന്നവനാണ്. അതിനാൽ അയാൾ മുശ്‌രിക്കായിരിക്കുന്നു. അയാൾക്ക് ശാശ്വതമായ നരകശിക്ഷയാണ് ലഭിക്കുക എന്ന് വിധിക്കാൻ നമുക്ക് പറ്റില്ല. അങ്ങനെ വിധിക്കണമെങ്കിൽ അതിനു പറയപ്പെട്ട നിബന്ധനകൾ പൂർത്തീകരിക്കണം, തടസ്സങ്ങൾ ഇല്ലാതാവണം, നടപടിക്രമങ്ങൾ പാലിക്കണം.

## ന്യായം സ്ഥാപിക്കൽ

മതപരമായ ശാസനകൾ സ്പഷ്ടവും സംശയരഹിതവുമായ രീതിയിൽ ബോധിപ്പിക്കപ്പെടാതെ ഒരു വ്യക്തിയെയും കാഫിറായി മുദ്രയടിക്കാൻ പാടില്ല. തെളിവും ന്യായപ്രമാണവും സ്ഥാപിക്കുക (إقامة الحجة) എന്നത് ഏതൊരാളുടെയും മൗലികമായ അവകാശമാണ്. അജ്ഞത അല്ലാഹുവിങ്കൽ വകവെച്ചു കിട്ടുന്ന ഒരു ഒഴികഴിവുമാണ്. ശൈഖുൽ ഇസ്‌ലാം ഇബ്‌നു തൈമിയ്യഃ ﷀ ഇവ്വിഷയകമായി പറഞ്ഞത് താഴെ കൊടുക്കാം:

وأيضًا فإن تكفير الشخص المعين وجواز قتله موقوف على أن تبلغه الحجة النبوية التي يكفر من خالفها، وإلا فليس كل من جهل شيئاً من الدين يكفر، ولهذا لما استحل طائفة من الصحابة والتابعين كقدامة بن مظعون وأصحابه شرب الخمر، وظنوا أنها تباح لمن عمل صالحاً، على ما فهموه من آية المائدة؛ اتفق علماء الصحابة كعمر وعلي وغيرهما على أنهم يستتابون، فإن أصروا على الاستحلال كفروا، وإن أقروا به جلدوا، فلم يكفروهم ابتداء لأجل الشبهة التي عرضت لهم، حتى يتبين لهم الحق. [ابن تيمية في الرد على البكري]

[ഒരു നിർണ്ണിത വ്യക്തിയെ കാഫിറാക്കണമെങ്കിലും അയാളെ വധിച്ചുകളയൽ അനുവദിക്കപ്പെടണമെങ്കിലും, മതപരമായ ഏതെല്ലാം കൽപനകൾ ലംഘിച്ചാലാണ് കാഫിറാവുക എന്ന കാര്യം അയാൾക്ക് ബോധിപ്പിക്കപ്പെട്ടിരുന്നുവോ എന്നു നോക്കണം. മതകാര്യങ്ങളെ കുറിച്ച് അജ്ഞനായ ഒരാളെയും കാഫിറായി പ്രഖ്യാപിക്കാവതല്ല. ഖുദാമതു ബിൻ മള്ഊനിനെയും കൂട്ടാളികളെയും പോലെ സ്വഹാബത്തിലും താബിഉകളിലും പെട്ട ഒരു വിഭാഗമാളുകൾ മദ്യപാനം നിയമാനുസൃതമാക്കി. സൽകർമ്മങ്ങൾ അനുഷ്ഠിക്കുന്നവർക്ക് മദ്യപാനം അനുവദനീയമാണ് എന്നാണ് സൂറത്തുൽ മാഇദഃയിലെ ആയത്തിൽനിന്ന് അവർ മനസ്സിലാക്കിയത്. അപ്പോൾ സ്വഹാബത്തിലെ പണ്ഡിതന്മാരായ ഉമർ, അലി പോലുള്ളവർ ﷺ അവരുടെ കാര്യത്തിൽ ഏകോപിച്ചെടുത്ത തീരുമാനം ഇപ്രകാരമാണ്: ആദ്യം അവർക്ക് കാര്യങ്ങൾ വ്യക്തമാക്കി കൊടുത്ത് പശ്ചാത്തപിക്കാൻ ആവശ്യപ്പെടണം. എന്നിട്ടും അത് മതാനുസാരമാണെന്ന നിലപാടിൽ ഉറച്ചുനിൽക്കുന്ന പക്ഷം അവരെ കാഫിറായി കാണേണ്ടിവരും. മറിച്ച് തെറ്റു സമ്മതിക്കുന്ന പക്ഷം മദ്യപിച്ചതിനുള്ള ശിക്ഷ നൽകുകയും വേണം. അവർ സംശയത്തിൽ അകപ്പെട്ടപ്പോൾ തുടക്കത്തിൽ തന്നെ, അഥവാ സത്യം ബോധിപ്പിക്കും വരെ, അവരെ കാഫിറാക്കുകയുണ്ടായില്ല.] (ഇബ്നു തൈമിയ്യഃ, അർറദ്ദു അലൽ ബക്രിയിൽ രേഖപ്പെടുത്തിയത്)

സലഫുകൾ അജ്ഞത ഒരു ഒഴികഴിവായി കണക്കിലെടുത്താണ് ജഹ്മികളോട് പോലും പെരുമാറിയിരുന്നത്. അവരുടെ ഭാഗത്തുനിന്നുള്ള പരീക്ഷണം രൂക്ഷമായ സന്ദർഭങ്ങളിൽ പോലും അവർ ചെയ്യുന്നത് കുഫ്റാണെന്നു അറിയാത്തവരെ അത് ബോധിപ്പിക്കും മുമ്പ് കാഫിറായി കണക്കാക്കിയിരുന്നില്ല. ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യഃ ﵀ പറയുന്നത് താഴെ കൊടുക്കാം:

ولهذا كنت أقول للجهمية من الحلولية والنفاة الذين نفوا أن الله تعالى فوق العرش لما وقعت محنتهم: أنا لو وافقتكم كنت كافرا، لأني أعلم أن قولكم

كفر، وأنتم عندي لا تكفرون لأنكم جهال، وكان هذا خطابا لعلمائهم وقضاتهم وشيوخهم وأمرائهم. [ابن تيمية في كتاب الاستغاثة في الرد على البكري]

[അല്ലാഹു സൃഷ്ടികളിൽ അവതരിക്കുന്നു എന്ന് വാദിക്കുന്ന അവതാരവാദികളും, അല്ലാഹു അർശിനും ഉപരിയിലാണ് എന്നതുപോലുള്ള ഗുണവിശേഷങ്ങൾ അംഗീകരിക്കാത്ത സ്വിഫാത് നിഷേധികളുമാണ് ജഹ്മികൾ. അവരുടെ ഭാഗത്തു നിന്ന് കടുത്ത പരീക്ഷണങ്ങളുണ്ടായ സന്ദർഭങ്ങളിൽ പോലും ഞാൻ പറഞ്ഞിരുന്നത്, നിങ്ങളോട് യോജിക്കുന്നപക്ഷം ഞാൻ കാഫിറാകും, കാരണം നിങ്ങളുടെ വാദം കുഫ്റാണെന്ന അറിവ് എനിക്കുണ്ട്. എന്നാൽ എന്റെ വീക്ഷണത്തിൽ നിങ്ങൾ കാഫിറാവുകയില്ല താനും. കാരണം ഇക്കാര്യങ്ങളെ കുറിച്ച് നിങ്ങൾ അജ്ഞരാണ്. ഇത് അവരുടെ പണ്ഡിതന്മാരോടും ന്യായാധിപന്മാരോടും മുഖ്യന്മാരോടും നേതാക്കളോടുമുള്ള അഭിസംബോധനയായിരുന്നു.] (ഇബ്ന തൈമിയ്യഃ, അൽ ഇസ്തിഗാസഃയിൽ രേഖപ്പെടുത്തിയത്)

## തെളിവുകളുടെ വ്യക്തത

അനിഷേധ്യവും അവിതർക്കിതവുമായ പ്രമാണരേഖകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിലല്ലാതെ, സാധ്യതകളുടെയും സാഹചര്യങ്ങളുടെയും മറപിടിച്ചുകൊണ്ട് ഒരാളെയും കാഫിർ എന്നു പറയാൻ പാടില്ല. കുഫ്ർ ആവാനും ആവാതിരിക്കാനും സാധ്യതയുള്ള കാര്യമാണെങ്കിൽ സാധ്യത വെച്ച് കുഫ്ർ വിധിക്കാവതുമല്ല. ഒരാൾ ചെയ്തത് കുഫ്ർ തന്നെയാണ് എന്ന ഉറപ്പിലും വ്യക്തതയിലും മാത്രമേ കുഫ്ർ വിധിക്കാവൂ. ഇക്കാര്യത്തിലേക്ക് മതിയായ വെളിച്ചം വീശുന്ന ഒരു സംഭവം താഴെ ഉദ്ധരിക്കാം:

عَنْ عَلِيٍّ ﵁، قَالَ: بَعَثَنِي رَسُولُ اللهِ ﷺ وَالزُّبَيْرَ بْنَ العَوَّامِ وَأَبَا مَرْثَدٍ الغَنَوِيَّ، وَكُلُّنَا فَارِسٌ، فَقَالَ: انْطَلِقُوا حَتَّى تَأْتُوا رَوْضَةَ خَاخٍ، فَإِنَّ بِهَا امْرَأَةً

مِنَ الْمُشْرِكِينَ، مَعَهَا صَحِيفَةٌ مِنْ حَاطِبِ بْنِ أَبِي بَلْتَعَةَ إِلَى الْمُشْرِكِينَ، قَالَ: فَأَدْرَكْنَاهَا تَسِيرُ عَلَى جَمَلٍ لَهَا حَيْثُ قَالَ لَنَا رَسُولُ اللهِ ﷺ، قَالَ: قُلْنَا أَيْنَ الكِتَابُ الَّذِي مَعَكِ؟ قَالَتْ: مَا مَعِي كِتَابٌ، فَأَنَخْنَا بِهَا، فَابْتَغَيْنَا فِي رَحْلِهَا فَمَا وَجَدْنَا شَيْئًا، قَالَ صَاحِبَايَ: مَا نَرَى كِتَابًا، قَالَ: قُلْتُ لَقَدْ عَلِمْتُ مَا كَذَبَ رَسُولُ اللهِ ﷺ، وَالَّذِي يُحْلَفُ بِهِ، لَتُخْرِجِنَّ الكِتَابَ أَوْ لَأُجَرِّدَنَّكِ، قَالَ: فَلَمَّا رَأَتِ الجِدَّ مِنِّي أَهْوَتْ بِيَدِهَا إِلَى حُجْزَتِهَا، وَهِيَ مُحْتَجِزَةٌ بِكِسَاءٍ، فَأَخْرَجَتِ الكِتَابَ، قَالَ: فَانْطَلَقْنَا بِهِ إِلَى رَسُولِ اللهِ ﷺ، فَقَالَ: مَا حَمَلَكَ يَا حَاطِبُ عَلَى مَا صَنَعْتَ؟ قَالَ: مَا بِي إِلَّا أَنْ أَكُونَ مُؤْمِنًا بِاللهِ وَرَسُولِهِ، وَمَا غَيَّرْتُ وَلاَ بَدَّلْتُ، أَرَدْتُ أَنْ تَكُونَ لِي عِنْدَ القَوْمِ يَدٌ يَدْفَعُ اللهُ بِهَا عَنْ أَهْلِي وَمَالِي، وَلَيْسَ مِنْ أَصْحَابِكَ هُنَاكَ إِلَّا وَلَهُ مَنْ يَدْفَعُ اللهُ بِهِ عَنْ أَهْلِهِ وَمَالِهِ، قَالَ: صَدَقَ، فَلاَ تَقُولُوا لَهُ إِلَّا خَيْرًا، قَالَ: فَقَالَ عُمَرُ بْنُ الخَطَّابِ: إِنَّهُ قَدْ خَانَ اللهَ وَرَسُولَهُ وَالمُؤْمِنِينَ، فَدَعْنِي فَأَضْرِبَ عُنُقَهُ، قَالَ: فَقَالَ: يَا عُمَرُ، وَمَا يُدْرِيكَ لَعَلَّ اللهَ قَدِ اطَّلَعَ عَلَى أَهْلِ بَدْرٍ فَقَالَ: اعْمَلُوا مَا شِئْتُمْ، فَقَدْ وَجَبَتْ لَكُمُ الجَنَّةُ، قَالَ: فَدَمَعَتْ عَيْنَا عُمَرَ وَقَالَ: اللهُ وَرَسُولُهُ أَعْلَمُ. [البخاري في صحيحه]

**[അലി ؓ നിവേദനം. അദ്ദേഹം പറയുന്നു: എന്നെയും സുബൈർ ബിൻ അവ്വാം, അബൂ മർഥദ് അൽഗനവി എന്നിവരെയും നബി ﷺ ഒരു ദൗത്യ നിർവ്വഹണത്തിനായി നിയോഗിച്ചു – ഞങ്ങൾ മൂവരും അശ്വഭടൻമാരായിരുന്നു. നബി ﷺ പറഞ്ഞു: നിങ്ങൾ റൗളതുഖാഖ് വരെ പോവുക. അവിടെ മുശ്‌രിക്കുകളിൽപ്പെട്ട ഒരു സ്ത്രീയുണ്ടായിരിക്കും. അവളുടെ കൈവശം ഹാത്വിബ് ബിൻ അബീ ബൽതഅഃ മക്കാ മുശ്‌രിക്കുകൾക്ക് എഴുതി അയക്കുന്ന ഒരു കത്തുണ്ട്. അലി ؓ പറയുന്നു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞ അതേ സ്ഥലത്ത് വെച്ച് അവളെ ഒട്ടകപ്പുറത്ത് സഞ്ചരിക്കു**

ന്നതായി ഞങ്ങൾ കണ്ടു. ഞങ്ങൾ ചോദിച്ചു: നിന്റെ കൈവശമുള്ള ആ കത്തെവിടെ? അവൾ പറഞ്ഞു: എന്റെ കൈയിലൊരു കത്തുമില്ല. അവളുടെ വാഹനത്തെ മുട്ടുകുത്തിച്ച് ഞങ്ങൾ അവളുടെ ഒട്ടകക്കട്ടിൽ പരിശോധിച്ചു. പക്ഷെ ഒന്നും കണ്ടെത്താനായില്ല. എന്റെ കൂട്ടാളികൾ പറഞ്ഞു: നമുക്കൊരു പത്രവും കിട്ടിയില്ലല്ലോ. ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞത് കളവാകില്ലെന്ന് എനിക്ക് ഉറച്ച ബോധ്യമുണ്ട്. യാതൊരുവനെ മുൻനിർത്തിയാണോ ശപഥം ചെയ്യുക അവൻ തന്നെ സത്യം! ആ പത്രം നീ പുറത്തെടുക്കുക തന്നെ വേണം. അല്ലെങ്കിൽ നിന്നെ ഞാൻ വിവസ്ത്രയാക്കും. എന്റെ ഗൗരവം കണ്ടപ്പോൾ, തുണികൊണ്ട് കച്ചകെട്ടിയിരുന്ന അവൾ തന്റെ അരക്കച്ചയിൽ കൈയിട്ട് ആ കത്ത് പുറത്തെടുത്തു. അങ്ങനെ ഞങ്ങൾ ആ പത്രവുമായി റസൂൽ ﷺ യുടെ അടുക്കലേക്ക് പുറപ്പെട്ടു.

അനന്തരം നബി ﷺ ഹാത്വിബ് رضي الله عنه നോട് ചോദിച്ചു: താങ്കളെ ഇങ്ങനെ ചെയ്യാൻ പ്രേരിപ്പിച്ചതെന്താണ്?

അദ്ദേഹം പറഞ്ഞു: ഞാൻ അല്ലാഹുവിലും റസൂലിലും വിശ്വസിക്കുന്ന ഒരാളല്ലാതെ മറ്റാരുമല്ല. എന്റെ നിലപാടുകളിൽ ഞാൻ ഒരു മാറ്റവും വരുത്തിയിട്ടില്ല. ഖുറൈശികളുടെ അടുക്കൽ എനിക്കൊരു സ്വാധീനമുണ്ടാകട്ടെ എന്നും, അതുമുഖേന അല്ലാഹു എന്റെ സ്വത്തിനും സന്താനങ്ങൾക്കും സംരക്ഷണം നൽകട്ടെ എന്നും മാത്രമേ ഞാനുദ്ദേശിച്ചുള്ളൂ. താങ്കളുടെ മറ്റു അനുചരന്മാർക്കെല്ലാം അവരുടെ സ്വത്തിനും സന്താനങ്ങൾക്കും അല്ലാഹു സംരക്ഷണം നൽകാവുന്ന വിധത്തിൽ ആരെങ്കിലുമൊക്കെ അവിടെയുണ്ടല്ലോ. നബി ﷺ പറഞ്ഞു: അദ്ദേഹം പറഞ്ഞത് സത്യം. നല്ലതല്ലാതെ മറ്റൊന്നും അദ്ദേഹത്തോട് നിങ്ങൾ പറയാതിരിക്കൂ.

അലി رضي الله عنه പറയുന്നു, അപ്പോൾ ഉമർ പറഞ്ഞു: അയാൾ അല്ലാഹുവിനെയും അവന്റെ ദൂതനെയും വിശ്വാസികളെയും വഞ്ചിച്ചിരിക്കുകയാണ്. അയാളുടെ പിരടി വെട്ടാൻ എന്നെ അനുവദിക്കൂ.

അപ്പോൾ നബി ﷺ പറഞ്ഞു: അല്ലയോ ഉമർ, നിനക്ക് എന്തറിയാം! ബദ്രീങ്ങളെ കുറിച്ച് അല്ലാഹുവിന് അറിവുള്ളതു കൊണ്ടാണല്ലോ അവൻ അവരോട് പറഞ്ഞത്: «നിങ്ങൾ ഉദ്ദേശിക്കുന്നതു ചെയ്തുകൊള്ളുക, നിങ്ങൾക്ക് സ്വർഗ്ഗം സുനിശ്ചിതമായിരിക്കുന്നു» എന്ന്. അപ്പോൾ നിറകണ്ണുകളുമായി ഉമർ رضي الله عنه പറഞ്ഞു: അല്ലാഹുവും അവന്റെ ദൂതനുമാണ് നന്നായി അറിയുന്നത്.] (ബുഖാരി സ്വഹീഹിൽ ഉദ്ധരിച്ചത്)

മക്ക വിജയിച്ചടക്കാനായി നബി ﷺ സൈന്യവുമായി അങ്ങോട്ട് നീങ്ങാൻ പോകുന്ന വിവരമാണ് ആ കത്തിലുള്ളത്. അവിടുത്തെ സൈനികനീക്കത്തെ കുറിച്ച് എതിരാളികളായ ഖുറൈശികൾക്ക് മുൻകൂട്ടി വിവരം നൽകുക എന്നത് എത്ര ഗുരുതരമാണെന്ന് പറയേണ്ടതില്ലല്ലോ. പക്ഷെ, അത് അവിശ്വാസമായി നബി ﷺ കണ്ടില്ല. അദ്ദേഹം അക്കാര്യം ചെയ്തത് എന്തടിസ്ഥാനത്തിലാണെന്ന് വിലയിരുത്തുകയും അദ്ദേഹത്തിന്റെ മുൻകാല നന്മകൾ പരിഗണിക്കുകയും ചെയ്തുകൊണ്ടാണ് അക്കാര്യത്തിൽ തീരുമാനമെടുത്തത്.

## കൈകാര്യകർത്താക്കൾക്ക് വിടുക

എല്ലാവർക്കും കൈകാര്യം ചെയ്യാവുന്ന ലളിതമായ വിഷയമല്ല തക്ഫീർ. അത് കൈകാര്യ കർത്താക്കൾക്ക് (أُولُو الْأَمْرِ) വിടേണ്ട വിഷയമാണ്. ഭരണാധികാരികളും അവർ നിശ്ചയിക്കുന്ന ന്യായാധിപന്മാർ, മുതിർന്ന പണ്ഡിതന്മാർ ഇവരൊക്കെയാണ് തക്ഫീർ വിഷയം കൈകാര്യം ചെയ്യാൻ അർഹതപ്പെട്ടവർ. അറിവുള്ളവർക്ക് ചെയ്യാവുന്നത് പൊതുവായ തക്ഫീറാണ്. പ്രമാണരേഖകളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഒരു വാക്കോ പ്രവൃത്തിയോ നടപടിയോ കുഫ്ർ ആണെന്ന് പറയാൻ അവർക്ക് സാധിക്കും. എന്നാൽ ഒരു വ്യക്തിയെ നിർണ്ണയിച്ച് തക്ഫീർ ചെയ്യേണ്ടത് ഭരണാധികാരികൾ, അവർ നിശ്ചയിക്കുന്ന ന്യായാധിപന്മാർ, മുതിർന്ന പണ്ഡിതന്മാർ എന്നിവരാണ്. സാധാരണക്കാർ ഇത്തരം വിഷയങ്ങൾ കൈകാര്യകർത്താക്കളിലേക്ക് മടക്കുകയാണ് വേണ്ട

ത്. അവർ തങ്ങൾക്ക് അനിഷ്ടം തോന്നുന്നവരെയും തങ്ങളോട് വിയോജിക്കുന്നവരെയും കാഫിറാക്കി മുദ്രയടിക്കാൻ മുതിരരുത്. അത് ഖവാരിജുകളുടെ രീതിയാണെന്ന് നടേ വിശദീകരിച്ചുവല്ലോ. അല്ലാഹു പറയുന്നു:

﴿وَإِذَا جَاءَهُمْ أَمْرٌ مِّنَ الْأَمْنِ أَوِ الْخَوْفِ أَذَاعُوا بِهِ ۖ وَلَوْ رَدُّوهُ إِلَى الرَّسُولِ وَإِلَىٰ أُولِي الْأَمْرِ مِنْهُمْ لَعَلِمَهُ الَّذِينَ يَسْتَنبِطُونَهُ مِنْهُمْ ۗ وَلَوْلَا فَضْلُ اللَّهِ عَلَيْكُمْ وَرَحْمَتُهُ لَاتَّبَعْتُمُ الشَّيْطَانَ إِلَّا قَلِيلًا ﴿٨٣﴾﴾ (النساء)

[സമാധാനവുമായോ (യുദ്ധ) ഭീതിയുമായോ ബന്ധപ്പെട്ട വല്ല വാർത്തയും അവർക്കെത്തിയാൽ അത് അവർ പ്രചരിപ്പിക്കുകയായി. റസൂലിനും അവരിലെ കൈകാര്യകർത്താക്കൾക്കും അത് വിട്ടിരുന്നുവെങ്കിൽ അവരുടെ കൂട്ടത്തിൽനിന്നും വസ്തുതകൾ നിർദ്ധാരണം ചെയ്യാൻ കഴിവുള്ളവർ അതിന്റെ യാഥാർത്ഥ്യം മനസ്സിലാക്കിയെടുക്കുമായിരുന്നു. നിങ്ങളുടെ മേൽ അല്ലാഹുവിന്റെ ഔദാര്യവും കാരുണ്യവും ഇല്ലായിരുന്നുവെങ്കിൽ അൽപം ചിലരൊഴികെ എല്ലാവരും പിശാചിനെ പിൻപറ്റിപ്പോകുമായിരുന്നു.] (നിസാഅ് 83)

എപ്പോഴും ബാഹ്യമായ കാര്യങ്ങൾ നോക്കിയാണ് വിധിക്കേണ്ടത്. ആന്തരികമായ അവസ്ഥ അറിയുന്നവൻ അല്ലാഹുവാണ്. അത് അവനെ ഏൽപിക്കാനേ നിർവ്വാഹമുള്ളു. ഒരാളുടെ ഉള്ളിലിരുപ്പിനെ കുറിച്ച് അനുമാനിക്കാനും തദടിസ്ഥാനത്തിൽ അയാൾക്കെതിരിൽ കുഫ്റോ ഫിസ്ഖോ വിധിക്കാനും പാടില്ല. ഇതുമായി ബന്ധപ്പെട്ട ഒരു സംഭവം താഴെ ഉദ്ധരിക്കാം.

عَنْ أُسَامَةَ بْنِ زَيْدٍ قَالَ: بَعَثَنَا رَسُولُ اللهِ ﷺ إِلَى الْحُرُقَاتِ مِنْ جُهَيْنَةَ، فَصَبَّحْنَاهُمْ وَقَدْ نُذِرُوا بِنَا فخرَجْنا في آثَارِهِمْ فَأَدْرَكْتُ مِنْهُمْ رَجُلًا فَجَعَلَ إِذَا لَحِقْتُهُ قَالَ: لَا إِلَهَ إِلَّا اللهُ فَظَنَنْتُ أَنَّهُ يَقُولُهَا فَرَقًا مِنَ السِّلَاحِ فَحَمَلْتُ عَلَيْهِ فَقَتَلْتُهُ فَعَرَضَ فِي نَفْسِي مِنْ قَتْلِهِ شَيْءٌ، فَأَتَيْتُ النَّبِيَّ ﷺ، قَالَ لِي: أَقَالَ لَا

إِلَهَ إِلَّا اللهُ ثُمَّ قَتَلْتَهُ؟ قُلْتُ: إِنَّهُ لَمْ يَقُلْهَا مِنْ قِبَلِ نَفْسِهِ، إِنَّمَا قَالَهَا فَرَقًا مِنَ السِّلَاحِ قَالَ لِي: أَقَالَ لَا إِلَهَ إِلَّا اللهُ ثُمَّ قَتَلْتَهُ فَهَلَّا شَقَقْتَ عَنْ قَلْبِهِ حَتَّى تَعْلَمَ أَنَّهُ إِنَّمَا قَالَهَا فَرَقًا مِنَ السِّلَاحِ؟ قَالَ أُسَامَةُ: فَمَا زَالَ يُكَرِّرُهَا عَلَيَّ: أَقَالَ لَا إِلَهَ إِلَّا اللهُ ثُمَّ قَتَلْتَهُ، حَتَّى وَدِدْتُ أَنِّي لَمْ أَكُنْ أَسْلَمْتُ إِلَّا يَوْمَئِذٍ. [مسلم في صحيحه والنسائي في سننه واللفظ له]

[ഉസാമതു ബിൻ സൈദ് ﵄ നിവേദനം. അദ്ദേഹം പറയുന്നു: നബി ﷺ ഞങ്ങളെ ജുഹൈനഃയിൽപെട്ട ഹുറഖാത് ഗോത്രക്കാരിലേക്ക് യുദ്ധത്തിന് നിയോഗിച്ചു. ഒരു പുലർകാലത്താണ് ഞങ്ങൾ അവരുടെ അടുക്കൽ എത്തുന്നത്. ഞങ്ങളെ കുറിച്ച് അവർക്ക് മുൻകൂട്ടി വിവരം ലഭിച്ചിരുന്നു. അവർ ഓടി രക്ഷപ്പെടാൻ ശ്രമിച്ചപ്പോൾ ഞങ്ങൾ അവരെ പിന്തുടർന്നു. അവരിൽ ഒരാളെ എനിക്ക് കിട്ടി. അദ്ദേഹത്തെ ഞാൻ പിടികൂടാൻ ശ്രമിക്കുമ്പോൾ അദ്ദേഹം 'ലാ ഇലാഹ ഇല്ലല്ലാഹു' എന്ന സത്യസാക്ഷ്യം പ്രഖ്യാപിച്ചു. ആയുധം പേടിച്ചാണ് അങ്ങനെ പറഞ്ഞതെന്നു കരുതി ഞാൻ അദ്ദേഹത്തെ ആക്രമിച്ചു കൊലപ്പെടുത്തി. അദ്ദേഹത്തെ കൊലപ്പെടുത്തിയതിൽ ഒരു വല്ലായ്മ എന്റെ മനസ്സിലുണ്ടായി. പിന്നീട് ഞാൻ നബി ﷺ യെ സമീപിച്ചു. അവിടുന്ന് എന്നോട് ചോദിച്ചു: «അദ്ദേഹം ലാ ഇലാഹ ഇല്ലല്ലാഹു എന്നു പറഞ്ഞിട്ടും താങ്കൾ അദ്ദേഹത്തെ കൊലപ്പെടുത്തിയോ?» ഞാൻ പറഞ്ഞു: അദ്ദേഹം അത് സ്വമനസ്സാലെ പറഞ്ഞതല്ല, മറിച്ച് ആയുധം ഭയന്നാണ് അങ്ങനെ പറഞ്ഞത്. അവിടുന്ന് എന്നോട് പറഞ്ഞു: «അദ്ദേഹം ലാ ഇലാഹ ഇല്ലല്ലാഹു എന്നു പറഞ്ഞിട്ടും താങ്കൾ അദ്ദേഹത്തെ കൊലപ്പെടുത്തിയോ? ആയുധ ഭയം കൊണ്ടാണ് അദ്ദേഹം അങ്ങനെ പറഞ്ഞതെന്ന് മനസ്സിലാക്കാൻ താങ്കൾ അദ്ദേഹത്തിന്റെ ഹൃദയം പിളർത്തി നോക്കിയിരുന്നോ?» അനന്തരം നബി ﷺ അതു തന്നെ എന്നോട് ആവർത്തിച്ചു കൊണ്ടിരുന്നു: «അദ്ദേഹം ലാ ഇലാഹ ഇല്ലല്ലാഹു എന്നു പറഞ്ഞിട്ടും താങ്കൾ അദ്ദേഹത്തെ കൊലപ്പെടുത്തിയോ?» അന്നേ ദിവസമല്ലാതെ

അതിനു മുമ്പ് ഞാൻ ഇസ്‌ലാം സ്വീകരിച്ചിട്ടില്ലായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു എന്നു ഞാൻ കൊതിച്ചു പോയി.] (മുസ്‌ലിം, സ്വഹീഹിലും നസാഈ, സുനനിലും ഉദ്ധരിച്ചത്)

നബി ﷺക്ക് പോലും പ്രത്യക്ഷമായ കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തി മാത്രമേ വിധിക്കാൻ നിർവ്വാഹമുണ്ടായിരുന്നുള്ളൂ. അത് അവിടുന്ന് തുറന്നു പറഞ്ഞതാണ് താനും.

عَنْ أُمِّ سَلَمَةَ، زَوْجِ النَّبِيِّ ﷺ، أَنَّ رَسُولَ اللهِ ﷺ سَمِعَ جَلَبَةَ خَصْمٍ بِبَابِ حُجْرَتِهِ، فَخَرَجَ إِلَيْهِمْ، فَقَالَ: إِنَّمَا أَنَا بَشَرٌ، وَإِنَّهُ يَأْتِينِي الْخَصْمُ، فَلَعَلَّ بَعْضَهُمْ أَنْ يَكُونَ أَبْلَغَ مِنْ بَعْضٍ، فَأَحْسِبُ أَنَّهُ صَادِقٌ، فَأَقْضِي لَهُ، فَمَنْ قَضَيْتُ لَهُ بِحَقِّ مُسْلِمٍ، فَإِنَّمَا هِيَ قِطْعَةٌ مِنَ النَّارِ، فَلْيَحْمِلْهَا أَوْ يَذَرْهَا. (مسلم في صحيحه)

[നബി ﷺയുടെ പത്നി ഉമ്മു സലമഃ رضي الله عنها നിവേദനം. അല്ലാഹുവിന്റെ റസൂൽ ﷺ ഒരിക്കൽ തന്റെ വീട്ടുവാതിൽക്കൽ വെച്ച് കക്ഷികൾ തമ്മിൽ ബഹളം വെക്കുന്നത് കേട്ട് അവരുടെയടുക്കലേക്ക് ചെന്നു. എന്നിട്ട് ഇപ്രകാരം പറഞ്ഞു: «ഞാൻ ഒരു മനുഷ്യൻ മാത്രമാണ്. കക്ഷികൾ എന്റെയടുക്കൽ വരും, അവരിൽ ചിലർ മറ്റുചിലരെക്കാൾ വാഗ്‌വൈഭവം കൂടിയവരായിരിക്കും. അപ്പോൾ സത്യവാനാണെന്ന് കരുതി അവന് അനുകൂലമായി ഞാൻ വിധിച്ചെന്നു വരാം. മറ്റൊരു മുസ്‌ലിമിന്റെ അവകാശം ആർക്കെങ്കിലും ഞാൻ പതിച്ചു നൽകിയാൽ അത് നരകത്തിന്റെ ഒരു കഷ്ണം മാത്രമായിരിക്കും. അവനത് എടുത്തു കൊള്ളട്ടെ അല്ലെങ്കിൽ വേണ്ടെന്നുവെക്കട്ടെ.»] (മുസ്‌ലിം, സ്വഹീഹിൽ ഉദ്ധരിച്ചത്)

ഒരു നിർണ്ണിത വ്യക്തിയെ കാഫിറായി പ്രഖ്യാപിക്കണമെങ്കിൽ അയാൾക്ക് പ്രബോധനം എത്തിക്കണം, തെളിവും ന്യായവും ബോധിപ്പിക്കുകയും വേണം. അല്ലാഹു പറയുന്നു:

﴿رُّسُلًا مُّبَشِّرِينَ وَمُنذِرِينَ لِئَلَّا يَكُونَ لِلنَّاسِ عَلَى اللهِ حُجَّةٌ بَعْدَ الرُّسُلِ وَكَانَ اللهُ عَزِيزًا حَكِيمًا ﴿١٦٥﴾﴾ (النساء)

**[സുവിശേഷം അറിയിക്കുന്നവരും താക്കീത് നൽകുന്നവരുമായ ദൂതൻമാരായിട്ടാണ് അവരെ (നാം നിയോഗിച്ചത്). അവർക്കു ശേഷം ജനങ്ങൾക്ക് അല്ലാഹുവിനെതിരിൽ ഒരു ന്യായവും ഇല്ലാതിരിക്കാൻ വേണ്ടിയാണത്. അല്ലാഹു പ്രതാപവാനും ജ്ഞാനിയായ അധികാരസ്ഥനുമാകുന്നു.] (നിസാഅ് 165)**

## അധ്യായം നാല്

### തക്ഫീറിന്റെ നിബന്ധനകളും പ്രതിബന്ധങ്ങളും

ഒരു വ്യക്തിയെ നിർണ്ണയിച്ച് തക്ഫീർ നടത്തണമെങ്കിൽ അയാളെ കാഫിറായി പ്രഖ്യാപിക്കുന്നതിനുള്ള എല്ലാ പ്രതിബന്ധങ്ങളും നീങ്ങണം. മറ്റു സാഹചര്യങ്ങളെല്ലാം ഒത്തുവന്നാലും സാങ്കേതികമായ പ്രതിബന്ധങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിൽ അയാളെ കാഫിറാക്കാൻ പറ്റില്ല. ഇക്കാര്യം പണ്ഡിതന്മാർ വിശദീകരിക്കുന്നത് കാണുക:

وأما إلحاق الوعيد المرتب على بعض الذنوب والكبائر، فقد يمنع منه مانع في حق المعين، كحب الله ورسوله والجهاد في سبيله، ورجحان الحسنات، ومغفرة الله ورحمته، وشفاعة المؤمنين، والمصائب المكفرة في الدور الثلاثة. [عبد اللطيف آل الشيخ في أصول وضوابط التكفير]

[സാങ്കേതികമായ വല്ല പ്രതിബന്ധവും നിലനിൽക്കുന്നുണ്ടെങ്കിൽ, അത് ചില കുറ്റകൃത്യങ്ങളും വൻപാപങ്ങളുമായി ബന്ധപ്പെട്ട ശിക്ഷാഭീഷണി ഒരു നിർണ്ണിത വ്യക്തിയുടെമേൽ ചുമത്തുന്നതിനെ തടുക്കും. അത്തരം പ്രതിബന്ധങ്ങൾക്കുള്ള ഉദാഹരണമാണ് അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം, അവന്റെ മാർ

ഗ്ഗത്തിലുള്ള ജിഹാദ്, നന്മകളുടെ മുൻതൂക്കം, അല്ലാഹുവിന്റെ പാപമോചനവും കാരുണ്യവും, വിശ്വാസികളുടെ ശിപാർശ, ഇഹലോകം–ബർസഖ്–പരലോകം എന്നീ മൂന്നു ഘട്ടങ്ങളിലായി അനുഭവിക്കേണ്ടിവരുന്ന ആപത്തുകൾ പോലുള്ളവ.] (അബ്ദുല്ലത്വീഫ് ആലുശ്ശൈഖ്, ഉസ്വൂൽ വ ളവാബിതുത്തക്ഫീറിൽ രേഖപ്പെടുത്തിയത്)

പ്രായോഗികമായ മറ്റൊരു ഉദാഹരണത്തിലൂടെ കാര്യം ഒന്നുകൂടെ വ്യക്തമാക്കാം.

عَنْ عُمَرَ بْنِ الخَطَّابِ، أَنَّ رَجُلًا عَلَى عَهْدِ النَّبِيِّ ﷺ كَانَ اسْمُهُ عَبْدَ اللهِ، وَكَانَ يُلَقَّبُ حِمَارًا، وَكَانَ يُضْحِكُ رَسُولَ اللهِ ﷺ، وَكَانَ النَّبِيُّ ﷺ، قَدْ جَلَدَهُ فِي الشَّرَابِ، فَأُتِيَ بِهِ يَوْمًا فَأَمَرَ بِهِ فَجُلِدَ، فَقَالَ رَجُلٌ مِنَ القَوْمِ: اللَّهُمَّ العَنْهُ، مَا أَكْثَرَ مَا يُؤْتَى بِهِ؟ فَقَالَ النَّبِيُّ ﷺ: لاَ تَلْعَنُوهُ، فَوَاللهِ مَا عَلِمْتُ إِنَّهُ يُحِبُّ اللهَ وَرَسُولَهُ. [البخاري في صحيحه]

[ഉമർ رضي الله عنه നിവേദനം. അദ്ദേഹം പറയുന്നു: നബി ﷺയുടെ കാലത്ത് അബ്ദുല്ലാ എന്നു പേരുള്ള ഒരു വ്യക്തി – അദ്ദേഹത്തിന്റെ വിളിപ്പേര് ഹിമാർ എന്നായിരുന്നു – നബി ﷺയെ ചിരിപ്പിക്കാറുണ്ടായിരുന്നു. മദ്യപാനം നടത്തിയതിന്റെ പേരിൽ അദ്ദേഹത്തെ അവിടുന്ന് ചമ്മട്ടി കൊണ്ട് അടിക്കുകയുണ്ടായിട്ടുണ്ട്. മദ്യപാനത്തിന്റെ പേരിൽ തന്നെ മറ്റൊരിക്കൽ അദ്ദേഹത്തെ ഹാജരാക്കുകയും അവിടുന്ന് കൽപന നൽകിയതു പ്രകാരം ചാട്ടവാർ കൊണ്ട് അടിക്കുകയും ചെയ്യുകയുണ്ടായി. അപ്പോൾ ജനങ്ങളിലൊരാൾ പറഞ്ഞു: അല്ലാഹുവേ, നീ അയാളെ ശപിക്കണേ. എത്ര തവണയാണ് അയാൾ ഇങ്ങനെ ഹാജരാക്കപ്പെടുന്നത്!? അപ്പോൾ നബി ﷺ പറഞ്ഞു: അദ്ദേഹത്തെ നിങ്ങൾ ശപിക്കരുത്. അല്ലാഹു തന്നെ സത്യം, അദ്ദേഹം അല്ലാഹുവിനെയും അവന്റെ റസൂലിനെയും സ്നേഹിക്കുന്നു എന്നതാണ് എനിക്ക് അദ്ദേഹത്തെ കുറിച്ച് അറിയാവുന്നത്.] (ബുഖാരി, സ്വഹീഹിൽ ഉദ്ധരിച്ചത്)

ഇവിടെ, നിർണ്ണിതമായ ഒരു വ്യക്തിക്കെതിരിൽ അല്ലാഹുവിന്റെ ശാപകോപത്തെ കുറിച്ചുള്ള ഭീഷണി മുഴക്കുകയാണ്. പക്ഷെ, നബി ﷺ ആ ഭീഷണി അദ്ദേഹത്തിനെതിരിൽ ഉയർത്താൻ അനുവദിച്ചില്ല. ആ ശാപകോപങ്ങൾ അദ്ദേഹത്തിനുമേൽ പതിക്കുന്നതിനെ തടുക്കുന്ന ഒരു പ്രതിബന്ധം അവിടെ നിലനിൽക്കുന്നുണ്ടായിരുന്നു. അത് എന്തെന്നുവെച്ചാൽ അയാൾ അല്ലാഹുവിനെയും റസൂലിനെയും അത്രമേൽ സ്നേഹിച്ചിരുന്നു എന്നുള്ളതാണ്.

കൂടാതെ, ഹാത്വിബ് ബിൻ അബീ ബൽതഅഃ رضي الله عنه യുടെ സംഭവം നടേ വിവരിച്ചുവല്ലോ. ഖുറൈശികൾക്ക് നബി ﷺ യുടെ സൈനിക നീക്കത്തെ കുറിച്ച് കത്തെഴുതിയിട്ടും അതിനുള്ള ശിക്ഷാഭീഷണി അദ്ദേഹത്തിനെതിരിൽ ഉയർത്തപ്പെട്ടില്ല. അദ്ദേഹം ബദ്റിൽ പങ്കെടുത്തു എന്നതാണ് അതിനുള്ള പ്രതിബന്ധമായി നബി ﷺ ചൂണ്ടിക്കാണിച്ചത്.

## തക്ഫീറിന്റെ നിബന്ധനകൾ
## ഒന്ന്: കുഫ്റാണെന്ന അറിവുണ്ടായിരിക്കുക

ഒരു വ്യക്തിയെ നിർണ്ണയിച്ച് കാഫിറായി പ്രഖ്യാപിക്കാൻ ചില നിബന്ധനകൾ പൂർത്തീകരിക്കേണ്ടതുണ്ട്. അതിനു വിഘാതമായി നിൽക്കുന്ന പ്രതിബന്ധങ്ങൾ നീങ്ങേണ്ടതുമുണ്ട് എന്നു പറഞ്ഞുവല്ലോ. അത്തരം നിബന്ധനകളെയും പ്രതിബന്ധങ്ങളെയും സംബന്ധിച്ചുള്ള ഒരു ലഘുവിവരണം താഴെ കൊടുക്കാം.

താൻ ചെയ്യുന്നത് കാഫിറായിത്തീരുന്ന പ്രവൃത്തിയാണെന്ന കൃത്യമായ അറിവ് അയാൾക്കുണ്ടായിരിക്കണം. ഒരാൾ അജ്ഞത മൂലം കുഫ്റാകുന്ന പ്രവൃത്തി ചെയ്താൽ അതുവെച്ച് അയാളെ കാഫിറാക്കാനാവില്ല. വ്യക്തമായ അറിവ് നൽകിയിട്ടല്ലാതെ അല്ലാഹു ആരെയും ശിക്ഷിക്കുകയില്ല. അവൻ പറയുന്നത് കാണുക:

﴿مَنِ اهْتَدَىٰ فَإِنَّمَا يَهْتَدِي لِنَفْسِهِ وَمَن ضَلَّ فَإِنَّمَا يَضِلُّ عَلَيْهَا وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ وَمَا كُنَّا مُعَذِّبِينَ حَتَّىٰ نَبْعَثَ رَسُولًا ۝١٥﴾ (الإسراء)

[വല്ലവനും നേർമാർഗ്ഗം സ്വീകരിക്കുന്ന പക്ഷം അവന്റെ വേണ്ടി തന്നെയാണ് അവൻ നേർമാർഗ്ഗം സ്വീകരിക്കുന്നത്. വല്ലവനും പിഴച്ചുപോകുന്ന പക്ഷം സ്വന്തത്തിനെതിരായി തന്നെയാണ് അവൻ പിഴച്ചുപോകുന്നത്. പാപഭാരം ചുമക്കുന്ന യാതൊരാളും മറ്റൊരാളുടെ പാപഭാരം ചുമക്കുകയില്ല. ഒരു ദൂതനെ അയക്കാതെ നാം ആരെയും ശിക്ഷിക്കുന്നതല്ല.] (ഇസ്റാഅ് 15)

മേൽ നിബന്ധന പൂർത്തീകരിക്കുന്നതിന് വിഘാതം നിൽക്കുന്ന ചില പ്രതിബന്ധങ്ങളുണ്ട് അവ ഏതാണെന്ന് കൂടി പരിശോധിക്കാം.

### മേൽ നിബന്ധന പൂർത്തീകരിക്കാനുള്ള തടസ്സങ്ങൾ

## i) അറിവിനെ നിരാകരിക്കുന്ന അജ്ഞത

## (الجهل المنافي للعلم)

ഒരാൾ കുഫ്റായിത്തീരുന്ന പ്രവൃത്തികളെ കുറിച്ച് അറിവു നേടിയിട്ടില്ല. അയാൾ അജ്ഞതയിൽ തന്നെ അവശേഷിക്കുന്നു. എങ്കിൽ അത് ഒന്നാമത്തെ നിബന്ധന പൂർത്തീകരിക്കുന്നതിനുള്ള പ്രതിബന്ധമാണ്. ഈ പ്രതിബന്ധം നിലനിൽക്കുമ്പോൾ അയാളെ കാഫിറായി മുദ്രകുത്താനാവില്ല. ഉദാഹരണമായി ഒരു സംഭവം കാണുക:

عَنْ أَبِي وَاقِدٍ اللَّيْثِيِّ، أَنَّ رَسُولَ اللهِ ﷺ لَمَّا خَرَجَ إِلَى حُنَيْنٍ مَرَّ بِشَجَرَةٍ لِلْمُشْرِكِينَ يُقَالُ لَهَا ذَاتُ أَنْوَاطٍ يُعَلِّقُونَ عَلَيْهَا أَسْلِحَتَهُمْ، فَقَالُوا: يَا رَسُولَ اللهِ، اجْعَلْ لَنَا ذَاتَ أَنْوَاطٍ كَمَا لَهُمْ ذَاتُ أَنْوَاطٍ، فَقَالَ النَّبِيُّ ﷺ: سُبْحَانَ اللهِ! هَذَا كَمَا قَالَ قَوْمُ مُوسَى: ﴿اجْعَلْ لَنَا إِلَٰهًا كَمَا لَهُمْ آلِهَةٌ ﴿١٣٨﴾﴾ (الأعراف)، وَالَّذِي نَفْسِي بِيَدِهِ لَتَرْكَبُنَّ سُنَّةَ مَنْ كَانَ قَبْلَكُمْ. [الترمذي في سننه وصححه الألباني]

[അബൂ വാഖിദ് അല്ലൈഥീ ؓ നിവേദനം. നബി ﷺ ഹുനൈനിലേ

ക്ക് പോകുമ്പോൾ ദാത്തു അൻവാത്വ് എന്ന് വിളിക്കുന്ന മുശ്രിക്കുകളുടെ ഒരു പുണ്യമരത്തിനരികിലൂടെ കടന്നുപോകാനിടയായി. യുദ്ധവിജയത്തിനായി അതിന്മേലാണ് അവർ അവരുടെ ആയുധങ്ങൾ തൂക്കിയിടാറുണ്ടായിരുന്നത്. അത് കണ്ടപ്പോൾ അവർ നബി ﷺയോട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, അവർക്ക് ദാത്തു അൻവാത്വ് ഉള്ളതുപോലെ, ഞങ്ങൾക്കും ഒരു ദാത്തു അൻവാത്വ് നിശ്ചയിച്ചു തരൂ. അപ്പോൾ നബി ﷺ പറഞ്ഞു: «സുബ്ഹാനല്ലാഹ്! നിങ്ങൾ ഈ പറഞ്ഞത് മൂസാ ﷺയുടെ ജനത പറഞ്ഞതിനു സമമാണ്: «അവർക്ക് ദൈവങ്ങളുള്ളതു പോലെ പോലെ ഞങ്ങൾക്കും ഒരു ദൈവത്തെ നിശ്ചയിച്ചു തരൂ.» (അഅ്റാഫ് 138) എന്റെ ആത്മാവ് യാതൊരുവന്റെ കൈയിലാണോ അവൻ തന്നെ സത്യം! നിങ്ങളുടെ പൂർവികരുടെ ജീർണ്ണിച്ചചര്യകൾ നിങ്ങളും പിന്തുടരും, തീർച്ച.»] (തിർമുദി, സുനനിൽ ഉദ്ധരിച്ചത്)

നബി ﷺയുടെ കൂടെ ഹുനൈൻ യുദ്ധത്തിന് പോയവരിൽ അടുത്തിടെ ഇസ്ലാമിലേക്ക് വന്ന ധാരാളം പേരുണ്ടായിരുന്നു. ത്വബറാനിയുടെ രിവായത്തിൽ وَنَحْنُ حُدَثَاءُ عَهْدٍ بِكُفْرٍ (ഞങ്ങൾ വളരെ അടുത്തുവരെ കുഫ്റുമായി ബന്ധമുള്ളവരായിരുന്നു) എന്നു തന്നെ പറഞ്ഞിട്ടുണ്ട്. അത് അർത്ഥമാക്കുന്നത് ഇസ്ലാമിക വിശ്വാസങ്ങളെയും മൂല്യങ്ങളെയും സംബന്ധിച്ച് അവർ അപ്പോൾ അജ്ഞരായിരുന്നു എന്നാണ്. അത്തരം ഒരു ഘട്ടത്തിൽ ശിർക്കിന്റെയും കുഫ്റിന്റെയും അവശേഷിപ്പുകൾ അവരുടെ മനോഭാവത്തിൽ തങ്ങിനിൽക്കുക സ്വാഭാവികമാണ്. അതുകൊണ്ടാണ് മുശ്രിക്കുകൾക്ക് അനുഗ്രഹം തേടാൻ പുണ്യവൃക്ഷമുള്ളതു പോലെ ഞങ്ങൾക്കും അനുഗ്രഹം തേടാൻ ഒരു പുണ്യവൃക്ഷം നിശ്ചയിച്ചു തരൂ എന്നവർ ആവശ്യപ്പെട്ടത്. മൂസാ ﷺയോട് ഇസ്റാഈല്യർ അവർക്ക് ഒരു കൺകാണുന്ന ദൈവത്തെ നിശ്ചയിച്ചു കൊടുക്കാൻ ആവശ്യപ്പെട്ടതുപോലെയുള്ള ശിർക്കൻ നടപടിയായിട്ടാണ് നബി ﷺ അതിനെ വിശേഷിപ്പിച്ചത്. പക്ഷെ, അത് ചെയ്ത വ്യക്തികളെ അവിടുന്ന് കാഫിറാക്കുകയോ, കുഫ്റിനുള്ള ശിക്ഷാ ഭീഷണി അവർക്കെതിരിൽ

ഉയർത്തുകയോ ചെയ്തില്ല. കാരണം, അവർ ചെയ്ത പ്രവൃത്തി കുഫ്റാണെന്ന അറിവ് അവർക്കുണ്ടായിരുന്നില്ല. ആ അറിവിനെ നിരാകരിക്കുന്ന അജ്ഞതയിലാണ് അപ്പോൾ അവരുണ്ടായിരുന്നത്. ഇത് നടേ പറഞ്ഞ നിബന്ധന പൂർത്തീകരിക്കുന്നതിനു വിഘാതം നിൽക്കുന്ന ഒരു പ്രതിബന്ധമാണ്. ഇതു നീങ്ങാതെ അവരെ കാഫിറാക്കാൻ പറ്റില്ല. നബി ﷺ യോ അനുചരന്മാരോ അവരെ കാഫിറാക്കിയതുമില്ല. എന്താ അവരുടെ ആ നടപടി കുഫ്ർ അല്ലേ? കുഫ്ർ ചെയ്തവർ കാഫിറല്ലേ? വിവേകരഹിതമായ യുക്തി അസ്ഥാനത്താണെന്ന് ഇതിൽപരം മറ്റെന്തു തെളിവാണ് വേണ്ടത്?

അജ്ഞത അല്ലാഹുവിന്റെ താക്കീതും ശിക്ഷയും നടപ്പിലാക്കുന്നതിനെ തടയുന്ന ഒരു പ്രതിബന്ധമാണ്. അതിനുള്ള ഒരു തെളിവു കൂടി ഉദ്ധരിക്കാം.

عَنْ أَبِي هُرَيْرَةَ رضي الله عنه، عَنِ النَّبِيِّ ﷺ، قَالَ: كَانَ رَجُلٌ يُسْرِفُ عَلَى نَفْسِهِ فَلَمَّا حَضَرَهُ الْمَوْتُ قَالَ لِبَنِيهِ: إِذَا أَنَا مُتُّ فَأَحْرِقُونِي، ثُمَّ اطْحَنُونِي، ثُمَّ ذَرُّونِي فِي الرِّيحِ، فَوَ اللهِ لَئِنْ قَدَرَ عَلَيَّ رَبِّي لَيُعَذِّبَنِّي عَذَابًا مَا عَذَّبَهُ أَحَدًا، فَلَمَّا مَاتَ فُعِلَ بِهِ ذَلِكَ، فَأَمَرَ اللهُ الأَرْضَ فَقَالَ: اجْمَعِي مَا فِيكِ مِنْهُ، فَفَعَلَتْ، فَإِذَا هُوَ قَائِمٌ، فَقَالَ: مَا حَمَلَكَ عَلَى مَا صَنَعْتَ؟ قَالَ: يَا رَبِّ خَشْيَتُكَ، فَغَفَرَ لَهُ.

[البخاري في صحيحه]

[അബൂ ഹുറയ്റഃ رضي الله عنه നിവേദനം. നബി ﷺ പറയുന്നു: സ്വന്തത്തോട് യാതൊരു പരിധിയുമില്ലാതെ അതിക്രമം കാണിക്കുന്ന ഒരാൾ മുൻകാലക്കാരിലുണ്ടായിരുന്നു. മരണം ആസന്നമായപ്പോൾ അയാൾ മക്കളോട് പറഞ്ഞു: ഞാൻ മരിച്ചു കഴിഞ്ഞാൽ നിങ്ങൾ എന്നെ കരിക്കുകയും പിന്നീട് ഭസ്മമാക്കി അത് കാറ്റിൽ വിതറുകയും ചെയ്യുവീൻ. അല്ലാഹു തന്നെ സത്യം! എന്റെ റബ്ബിന് എന്നെ പിടികൂടാൻ കഴിയുകയാണെങ്കിൽ മറ്റാരെയും ശിക്ഷിച്ചിട്ടില്ലാത്ത വിധം അവൻ എന്നെ ശിക്ഷിക്കുക തന്നെ ചെയ്യും. അങ്ങനെ അയാൾ

മരണപ്പെട്ടപ്പോൾ അയാളെ, അയാൾ പറഞ്ഞ പ്രകാരം തന്നെ ചെയ്യുകയുമുണ്ടായി. അപ്പോൾ അല്ലാഹു ഭൂമിയോട് ആജ്ഞാപിച്ചു: നിന്നിൽ അയാളുടേതായി എന്തെല്ലാമുണ്ടോ അതെല്ലാം സംയോജിപ്പിക്കുക. അങ്ങനെ ഭൂമി അതു ചെയ്തു. അപ്പോൾ അയാൾ അതാ എഴുന്നേറ്റു നിൽക്കുന്നു. അല്ലാഹു അയാളോട് ചോദിച്ചു: നീ ഈ ചെയ്തതിനു നിന്നെ പ്രേരിപ്പിച്ചതെന്താണ്? അയാൾ പറഞ്ഞു: എന്റെ റബ്ബേ, നിന്നോടുള്ള പേടി തന്നെ. അപ്പോൾ അദ്ദേഹത്തിന് അവൻ പൊറുത്ത് കൊടുത്തു.] (ബുഖാരി, സ്വഹീഹിൽ ഉദ്ധരിച്ചത്)

മേൽ വ്യക്തിയുടെ വിശ്വാസമെന്തായിരുന്നു? ജഡം കരിച്ച് ഭസ്മമാക്കി കാറ്റിൽ വിതറിയാൽ അല്ലാഹുവിന് അയാളെ പിടികൂടാനാവില്ല. അതുകൊണ്ടാണ് അങ്ങനെ ചെയ്യാൻ അയാൾ മക്കളോട് കൽപിച്ചത്. അക്കാര്യം അയാളുടെ വാക്കുകളിൽ വ്യക്തവുമാണ്: "എന്റെ റബ്ബിന് എന്നെ പിടികൂടാൻ കഴിയുകയാണെങ്കിൽ മറ്റാരെയും ശിക്ഷിച്ചിട്ടില്ലാത്ത വിധം അവൻ എന്നെ ശിക്ഷിക്കുക തന്നെ ചെയ്യും". ഈ വിശ്വാസവും ഈ വാക്കും അതനുസരിച്ച് മക്കൾക്കു നൽകിയ കൽപനയും കുഫ്റാണ്, തന്നോടു തന്നെ ചെയ്ത ഒരു പരിധിയുമില്ലാത്ത അതിക്രമമാണ്.

അദ്ദേഹം അടിസ്ഥാനപരമായി അല്ലാഹുവിൽ വിശ്വസിക്കുന്നവനും അവന്റെ ശിക്ഷയെ കുറിച്ച് അത്യധികം ഭയപ്പെടുന്നവനുമായിരുന്നു. പക്ഷെ, അദ്ദേഹത്തിന്റെ പ്രവൃത്തി അല്ലാഹുവിന്റെ കഴിവിനെ നിഷേധിക്കുന്ന തരത്തിലായിപ്പോയി. എന്നാൽ തന്റെ വിശ്വാസവും വാക്കും പ്രവൃത്തിയും കുഫ്റാണെന്ന കൃത്യമായ അറിവ് അദ്ദേഹത്തിനുണ്ടായിരുന്നില്ല. ആ അറിവിനെ നിരാകരിക്കുന്ന അജ്ഞതയും വിവരദോഷവുമാണ് അദ്ദേഹത്തെ ഭരിച്ചിരുന്നത്. ഇതൊരു പ്രതിബന്ധമാണ്. ഈ പ്രതിബന്ധം നിലനിൽക്കുമ്പോൾ അയാളെ കാഫിറാക്കാനാവില്ല. ആ പ്രതിബന്ധം മൂലം അല്ലാഹു അവന്റെ ശിക്ഷ തടയുകയും അദ്ദേഹത്തോട് അല്ലാഹു പൊറുക്കുകയുമാണ് ചെയ്തത്.

മുകളിൽ ഉദ്ധരിച്ചത് രണ്ടു ഹദീസുകളാണ്; സ്വീകാര്യതയുടെ കാര്യത്തിൽ ഒരു തർക്കവുമില്ലാത്ത ഹദീസ്. അവയാണ് തെളിവായി ഉദ്ധരിക്കുന്നത്. അല്ലാതെ പണ്ഡിതന്മാരുടെ അഭിപ്രായങ്ങളല്ല ഇവിടെ തെളിവായി ഉദ്ധരിക്കുന്നത്. പണ്ഡിതന്മാരുടെ വാക്കുകൾ ഇതു പോലുള്ള തെളിവുകൾ കൂടുതൽ വ്യക്തതയോടും കൃത്യതയോടും കൂടി വിവരിച്ചു തരാൻ മാത്രമാണ് ഉദ്ധരിക്കുന്നത്. അനുവാചകർ ശുബുഹാത്തിന്റെ ചാക്കുമായി നടക്കുന്നവരുടെ ചതിയിൽ വീഴാതിരിക്കാൻ വേണ്ടി ഉണർത്തിയെന്നു മാത്രം.

## ii) അറിവിനെ നിരാകരിക്കുന്ന തെറ്റായ വ്യാഖ്യാനം (التأويل المانع من العلم)

ഒരു വിഷയത്തിന്റെ യാഥാർത്ഥ്യവും നിജസ്ഥിതിയും ഗ്രഹിക്കണമെങ്കിൽ അക്കാര്യം നേരാംവണ്ണം വായിക്കാനും വിലയിരുത്താനും വ്യാഖ്യാനിക്കാനും സാധിക്കണം. മതിയായ പക്വതയുണ്ടെങ്കിലേ ഒരാൾക്ക് അതിനു സാധിക്കുകയുള്ളൂ. «അല്ലാഹു ഏതൊരാൾക്ക് നന്മ ഉദ്ദേശിക്കുന്നുവോ അയാൾക്ക് മതപരമായ കാര്യങ്ങളിൽ അറിവ് നൽകും» എന്ന നബിവചനത്തിൽ അറിവിന്റെ ഉന്നത തലമായ ഈ പക്വത കൂടി ഉൾപ്പെടുന്നു. തെറ്റായ വ്യാഖ്യാനങ്ങൾ വരുന്നത് മിക്കപ്പോഴും പക്വതയില്ലായ്മയിൽ നിന്നാണ്. അല്ലാഹുവിന്റെ തൗഫീഖ് നഷ്ടപ്പെടുന്നതു കൊണ്ടാണ് അറിവും പക്വതയും നിഷേധിക്കപ്പെടുന്നത്. തെറ്റായ വ്യാഖ്യാനങ്ങൾ ശരിയായ അറിവിനെ നിഷേധിക്കുന്ന പ്രതിബന്ധമാണ്. അങ്ങനെ ഒരു വിശ്വാസി തെറ്റായ വ്യാഖ്യാനത്തിൽ അകപ്പെട്ട് ഒരു കുഫ്ർ ചെയ്താൽ തന്നെ അയാളെ കാഫിറാക്കാൻ പറ്റില്ല. അയാളെ കാഫിറാക്കണമെങ്കിൽ ആ പ്രതിബന്ധം നീക്കി അയാൾ ചെയ്തത് കുഫ്ർ ആണെന്ന അറിവ് ബോധിപ്പിക്കണം. ഒരു ഉദാഹരണത്തിലൂടെ കാര്യം വ്യക്തമാക്കാം.

عَنِ الزُّهْرِيِّ عَنْ سَالِمٍ عَنْ أَبِيهِ، قَالَ: بَعَثَ النَّبِيُّ ﷺ خَالِدَ بْنَ الوَلِيدِ إِلَى

بَنِي جَذِيمَةَ، فَدَعَاهُمْ إِلَى الإِسْلاَمِ فَلَمْ يُحْسِنُوا أَنْ يَقُولُوا: أَسْلَمْنَا، فَجَعَلُوا يَقُولُونَ: صَبَأْنَا صَبَأْنَا، فَجَعَلَ خَالِدٌ يَقْتُلُ مِنْهُمْ وَيَأْسِرُ، وَدَفَعَ إِلَى كُلِّ رَجُلٍ مِنَّا أَسِيرَهُ، حَتَّى إِذَا كَانَ يَوْمٌ أَمَرَ خَالِدٌ أَنْ يَقْتُلَ كُلُّ رَجُلٍ مِنَّا أَسِيرَهُ، فَقُلْتُ: وَاللهِ، لاَ أَقْتُلُ أَسِيرِي، وَلاَ يَقْتُلُ رَجُلٌ مِنْ أَصْحَابِي أَسِيرَهُ، حَتَّى قَدِمْنَا عَلَى النَّبِيِّ ﷺ فَذَكَرْنَاهُ، فَرَفَعَ النَّبِيُّ ﷺ يَدَهُ فَقَالَ: اللَّهُمَّ إِنِّي أَبْرَأُ إِلَيْكَ مِمَّا صَنَعَ خَالِدٌ مَرَّتَيْنِ. [البخاري في صحيحه]

[ഇബ്നു ഉമർ ﷺ നിവേദനം. അദ്ദേഹം പറയുന്നു: നബി ﷺ ഖാലിദ് ബിൻ വലീദ് ﷺനെ ബനൂ ജദീമഃ ഗോത്രത്തിലേക്ക് നിയോഗിച്ചു. ആദ്യം, അദ്ദേഹം അവരെ ഇസ്ലാമിലേക്ക് ക്ഷണിച്ചു. അപ്പോൾ ഞങ്ങൾ ഇസ്ലാം സ്വീകരിച്ചിരിക്കുന്നു എന്ന ആശയം വ്യക്തമായി പ്രകാശിപ്പിക്കാൻ അവർക്ക് കഴിഞ്ഞില്ല. അവർ പറഞ്ഞത്, صَبَأْنَا (ഞങ്ങൾ മതം പരിത്യജിച്ചിരിക്കുന്നു) എന്നാണ്. അതോടുകൂടി ഖാലിദ് ﷺ അവരെ ബന്ദികളാക്കാനും വധിക്കാനും തുടങ്ങി. ഓരോരുത്തരും ബന്ദികളാക്കി പിടിച്ചവരുടെ കാര്യം അവരവരെ തന്നെ ഏൽപിച്ചു. അങ്ങനെ ഒരു ദിവസം എല്ലാവരോടും അവരുടെ കീഴിലുള്ള തടവുകാരെ വധിച്ചു കളയാൻ ഖാലിദ് ﷺ ഉത്തരവിട്ടു. നിവേദകനായ ഇബ്നു ഉമർ ﷺ പറയുന്നു, അപ്പോൾ ഞാൻ പറഞ്ഞു: "അല്ലാഹു തന്നെ സത്യം! എന്റെ കൈവശമുള്ള ബന്ദിയെ ഞാൻ വധിക്കില്ല. എന്റെ കൂട്ടാളികളിൽപെട്ട ഒരാളും തന്റെ കൈവശമുള്ള ബന്ദികളെ വധിക്കാൻ പോകുന്നുമില്ല." അങ്ങനെ ഞങ്ങൾ നബി ﷺയെ സമീപിച്ച് ഇക്കാര്യം ഉണർത്തി. അവിടുന്ന് തന്റെ കൈ ഉയർത്തി രണ്ടുതവണ ഇപ്രകാരം പറഞ്ഞു: «അല്ലാഹുവേ, ഖാലിദിന്റെ ചെയ്തിയിൽനിന്ന് ഞാൻ തീർത്തും ഒഴിവാണെന്ന കാര്യം നിന്നെ ബോധിപ്പിക്കുന്നു.»] (ബുഖാരി, സ്വഹീഹിൽ ഉദ്ധരിച്ചത്)

ബനൂ ജദീമഃക്കാർ ഇസ്ലാം സ്വീകരിച്ചു എന്നു പറയാൻ ഉപയോഗിച്ച വാചകം صَبَأْنَا (സ്വബഅ്നാ) എന്നായിരുന്നു. അതിനെ

തെറ്റായി വ്യാഖ്യാനിച്ചതു കൊണ്ടാണ് ഖാലിദ് ബിൻ വലീദ് ﵁ ഇത്തരം ഒരു അബദ്ധത്തിൽ ചാടിയത്. അങ്ങനെ ഇസ്‌ലാം സ്വീകരിച്ചു എന്നു പ്രഖ്യാപിച്ച ചിലരെ അദ്ദേഹം വധിച്ചുകളഞ്ഞു.

തെറ്റായ വ്യാഖ്യാനം ശരിയായ അറിവിനെ നിരാകരിക്കുന്ന ഒരു പ്രതിബന്ധമാണെന്ന് പറഞ്ഞുവല്ലോ. അതിനാൽ തെറ്റായി വ്യാഖ്യാനിച്ചു കൊണ്ട് ഒരാൾ കുഫ്റിന്റെ പ്രവർത്തനം ചെയ്താൽ തന്നെ അയാളെ കാഫിറാക്കാൻ പറ്റില്ല. ഇവിടെ ഖാലിദ് ബിൻ വലീദ് ﵁ന്റെ ചെയ്തിയിൽനിന്ന് നബി ﷺ തീർത്തും ഒഴിവാണെന്ന കാര്യം അല്ലാഹുവിന്റെ മുമ്പാകെ ബോധിപ്പിച്ചുവെങ്കിലും അദ്ദേഹത്തെ അവിടുന്ന് കാഫിറാക്കിയില്ല; പ്രതിക്രിയയോ ശിക്ഷാ നടപടികളോ കൈക്കൊണ്ടതുമില്ല. അദ്ദേഹത്തോട് കലിമഃ ചൊല്ലി തിരിച്ചു വരണമെന്ന് ആജ്ഞാപിച്ചതുമില്ല. അദ്ദേഹത്തിന്റെ പിന്നിൽനിന്ന് നമസ്കരിക്കാൻ പറ്റില്ല എന്ന് അല്ലാഹുവിന്റെ പേരിൽ ആണയിട്ടു കൊണ്ട് ഫത്‌വഃയിറക്കാൻ അവിടെ ആരുമുണ്ടായില്ല. മോഷ്ടിച്ചവൻ കള്ളനെങ്കിൽ കുഫ്ർ ചെയ്തവൻ കാഫിറെന്ന പൊട്ടയുക്തിയുമായി ഒരാളും രംഗത്ത് വന്നതുമില്ല.

ഉസാമതു ബിൻ സൈദ് ﵄വിന് സംഭവിച്ചത് നടേ വിശദീകരിച്ചുവല്ലോ. അതും സമാനമായ മറ്റൊരുദാഹരണമാണ്. അതേപോലെ, ഖുദാമതു ബിൻ മള്ഊനും കൂടെയുള്ളവരും മാഇദഃയിലെ ഒരു സൂക്തം തെറ്റായി വ്യാഖ്യാനിച്ചുകൊണ്ട് മദ്യപാനം നിയമാനുസൃതമാക്കിയപ്പോൾ ഉമർ, അലി ﵄ പോലെയുള്ളവർ തെറ്റായ വ്യാഖ്യാനത്തെ ഒരു പ്രതിബന്ധമായി കണ്ട് പ്രാഥമികമായി അവർക്കെതിരിൽ കുഫ്ർ വിധിക്കാതിരിക്കുകയാണുണ്ടായത്. വായനക്കാർ മനസ്സിലാക്കുമെന്ന് പ്രത്യാശിക്കുന്നു.

ഇവിടെ സംഘടിതവും സുശക്തവുമായ നിലയിൽ ഇസ്‌ലാമിക പ്രബോധനം നടക്കുന്നു. ഖുർആൻ പരിഭാഷകളും വ്യാഖ്യാനങ്ങളും ഇസ്‌ലാമിക സാഹിത്യങ്ങളും യഥേഷ്ടം ലഭ്യമാണ്. ഖുത്വ്ബകളും മതപഠന ക്ലാസ്സുകളും പ്രസംഗങ്ങളും സെമിനാറുകളുമെല്ലാം

വേണ്ടത്ര സംഘടിപ്പിക്കപ്പെടുന്നുണ്ട്. അത് എല്ലാവരും കേൾക്കുന്നു, അറിയുന്നു. ആ നിലക്ക് ഇവിടെയുള്ള ജനങ്ങൾക്ക് അറിവ് കിട്ടിയിട്ടില്ല, അവരുടെ മുന്നിൽ ന്യായം സ്ഥാപിക്കപ്പെട്ടിട്ടില്ല എന്നു പറയാനാവില്ല എന്ന് ചിലർ സംശയം ഉന്നയിക്കാറുണ്ട്.

അതെ, സത്യമാണ്. അവർ ഇസ്‌ലാമിനെ കുറിച്ച് കേട്ടിട്ടുണ്ട്. പക്ഷെ, ശരിയായ അറിവ് ലഭിക്കുന്നതിനും ന്യായം സ്ഥാപിക്കുന്നതിനുമുള്ള തടസ്സം നീങ്ങിയിട്ടില്ലെന്നതാണു കാര്യം. തെറ്റായ വ്യാഖ്യാനം ശരിയായ അറിവ് ലഭിക്കുന്നതിനും ന്യായം സ്ഥാപിക്കുന്നതിനുമുള്ള പ്രതിബന്ധമാണെന്ന വസ്തുത ഉദാഹരണങ്ങൾ സഹിതം നേരത്തെ വിശദീകരിച്ചതാണ്. ഇവിടെ ശിർക്കൻ വിശ്വാസങ്ങളോ ആചാരങ്ങളോ അനുവർത്തിക്കുന്ന മുസ്‌ലിംകൾ അത് ചെയ്യുന്നത് ഒന്നുകിൽ ദുർവ്യാഖ്യാനത്തിന്റെ മറയിലാണ്. അല്ലെങ്കിൽ പാമരജനങ്ങൾ അത്തരം ദുർവ്യാഖ്യാനം നടത്തുന്നവരെ അന്ധമായി അനുകരിക്കുകയാണ്. ശരിയായ അറിവ് ലഭ്യമാക്കുന്നതിനും ന്യായം മുട്ടിക്കുന്നതിനും അവരെ അത് പ്രത്യേകമായി ബോധ്യപ്പെടുത്തേണ്ടതുണ്ട്.

വേനലായാൽ പാടത്ത് വഅ്ള് നടക്കുന്നുണ്ടല്ലോ എന്ന ന്യായത്തിൽ അവരെ കാഫിറാക്കി കൊലവിളി നടത്താൻ പറ്റില്ല. ഖുദാമത്തു ബിൻ മള്ഊനും കൂട്ടാളികളും ദുർവ്യാഖ്യാനത്തിന്റെ മറവിൽ മദ്യപിച്ചപ്പോൾ അവർ അറിവ് ലഭിച്ചവരും ന്യായം സ്ഥാപിക്കപ്പെട്ടവരുമാണെന്നല്ല ഖലീഫഃയും സ്വഹാബിമാരും കൈകൊണ്ട നിലപാട്. ന്യായാധിപന്മാരും വിവരസ്ഥരും പ്രമുഖരുമടങ്ങുന്ന ജഹ്മികൾ ദുർവ്യാഖ്യാനത്തിന്റെ മറയിൽ നിന്നപ്പോൾ അവരെ കാഫിറാക്കുകയല്ല അഹ്മദിനെ പോലെ, ഇബ്നു തൈമിയ്യഃയെ പോലെയുള്ള ഇമാമുകൾ ചെയ്തത് എന്ന് നാം ഓർക്കുന്നത് നന്നായിരിക്കും. അഥവാ തഅ്‌വീൽ (ദുർവ്യാഖ്യാനം) ഒരു പ്രതിബന്ധമാണ്, അത് പ്രത്യേകമായി തന്നെ അഭിസംബോധന ചെയ്യപ്പെടണം. അല്ലാതെ തക്ഫീർ നടത്താൻ പാടില്ലെന്നു സാരം.

എങ്കിൽ ഈ ആനുകൂല്യം എന്തുകൊണ്ട് ഖാദിയാനികൾക്ക് നൽകുന്നില്ല എന്നൊരു സംശയം സ്വാഭാവികമായും ഉയരാം. അവർ അല്ലാഹുവിന്റെ ആരാധ്യതയിൽ പങ്കുചേർക്കുന്നില്ലല്ലോ. അതിലും താഴെയുള്ള രിസാലത്തിന്റെ വിഷയത്തിലല്ലേ അവർക്ക് വീഴ്ച സംഭവിച്ചിട്ടുള്ളു? ഇവിടെ മൂന്നു കാര്യങ്ങൾ അടിവരയിടേണ്ടതായിട്ടുണ്ട്:

1. അവരുടെ ഭാഗത്തുനിന്നുണ്ടായത് ദുർവ്യാഖ്യാനമല്ല, പച്ചയായ നിഷേധമാണ്. അവർക്ക് കൃത്യമായി അറിവ് ലഭിച്ച, ദീനിൽ അറിയപ്പെട്ട, അനിഷേധ്യവുമായ ഒരു തത്ത്വം അഥവാ നുബുവ്വത്തിന്റെ പരിസമാപ്തി (خَتْمُ النُّبُوَّةِ) പഴുതുകളില്ലാതെ നിഷേധിക്കുകയാണ് അവർ ചെയ്തത്. ദുർവ്യാഖ്യാനം സൃഷ്ടിക്കുന്ന ആശയക്കുഴപ്പമോ മറയോ അവ്യക്തതയോ അവിടെ അഭിസംബോധന ചെയ്യപ്പെടേണ്ടതായിട്ടില്ല. എന്നാൽ ഇവിടെ കാഫിറാക്കുന്ന പാരമ്പരാഗത മുസ്ലിംകൾ അതു പോലെ അല്ലാഹുവിന്റെ മാത്രം ഉലൂഹിയ്യത്തിനെ നിഷേധിച്ചവരല്ല. അത് സ്ഥിരപ്പെടുത്തുകയും, എന്നിട്ട് ദുർവ്യാഖ്യാനത്തിന്റെ മറയിൽ ശിർക്കൻ വിശ്വാസങ്ങളിലേക്കും പ്രവർത്തനങ്ങളിലേക്കും വഴുതിപ്പോവുകയും ചെയ്തവരാണ്. ഒന്ന് അറിവ് എത്തിയ കാര്യത്തെ നിഷേധിക്കലാണ്. രണ്ടാമത്തേത് തഅ്വീലിന്റെ നൂലാമാലകളിൽ അകപ്പെട്ട് ശിർക്കൻ നടപടികളിലേക്ക് വഴുതിപ്പോകലാണ്. രണ്ടും രണ്ടു തന്നെ.

2. കൂടാതെ, കൈകാര്യകർത്താക്കളായ മുസ്ലിം ഭരണാധികാരികൾ, അല്ലെങ്കിൽ അവർ ചുമതലപ്പെടുത്തിയ പണ്ഡിതന്മാർ ഖാദിയാനികളുടെ മുന്നിൽ തെളിവുകൾ നിരത്തി ന്യായം സ്ഥാപിച്ച് കൊടുത്തിട്ടുള്ളതാണ്. അത് സ്വീകരിക്കാൻ സന്നദ്ധമാകാതിരുന്നപ്പോൾ അവരെ വ്യവസ്ഥാപിതമായി തക്ഫീർ ചെയ്തിട്ടുള്ളതും, അക്കര്യാത്തിൽ മുസ്ലിം ലോകം ഏകോപിച്ചിട്ടുള്ളതുമാണ്. പഞ്ചാബിലെ ഖാദിയാൻ പ്രദേശത്തെ ഖിബ്ലഃയാ

യി കാണുന്നവർ അഹ്‌ലുൽ ഖിബ്‌ലഃയിൽപെട്ടവരല്ല എന്നതു പ്രത്യേകം പറയേണ്ടതില്ലല്ലോ. തക്ഫീറിന്റെ പാപക്കറ മറച്ചു പിടിക്കാനാണ് ചിലർ ഖാദിയാനികളെ വെള്ളപൂശി അവർക്ക് ക്ലീൻചിറ്റ് നൽകാൻ ഉദ്യമിക്കുന്നത്. എന്നാൽ ഇവിടെ കാഫിറെന്നു വിളിക്കുന്ന പരമ്പരാഗത മുസ്‌ലിംകളുടെ കാര്യത്തിൽ ഖാദിയാനികളുടെ വിഷയത്തിലെന്ന പോലെ വ്യവസ്ഥകൾ പാലിച്ചു കൊണ്ടുള്ള ഒരു തക്ഫീറും ഉണ്ടായിട്ടില്ല. അവർ അഹ്‌ലുൽ ഖിബ്‌യിൽപെട്ട മുസ്‌ലിംകളാണ്. അവരെ കാഫിറാക്കുന്നത് കടുത്ത പാതകവുമാണ്.

3. അതേ പോലെ, ഖാദിയാനികളുടെ അടുക്കലുള്ളത്, താരതമ്യേന ഗൗരവം കുറഞ്ഞ, രിസാലത്തിന്റെ വിഷയത്തിലുള്ള വീഴ്ചയല്ലേ എന്നു പറഞ്ഞും ചിലർ സംശയം ജനിപ്പിക്കാൻ ശ്രമിക്കാറുണ്ട്. അതും അസ്ഥാനത്താണ്. അത് ഗൗരവം കുറഞ്ഞ വിഷയമല്ല, കാഫിറായി പോകുന്ന ഗൗരവമേറിയ കാര്യം തന്നെയാണ്. അത്രയും വേണ്ട. അല്ലാഹുവിനെ, അവന്റെ ദൂതനെ, അവന്റെ വചനങ്ങളെ പരിഹസിച്ചാൽ അത് പോലും കുഫ്റായിത്തീരും. അങ്ങനെ പരിഹസിച്ചവരോട്, നിങ്ങൾ ഇനി ഒഴികഴിവ് ബോധിപ്പിക്കേണ്ടതില്ലെന്നും, വിശ്വാസം ഉൾക്കൊണ്ട ശേഷം നിങ്ങൾ കുഫ്റിലേക്ക് തിരിച്ചു പോയെന്നുമാണ് അല്ലാഹു പറഞ്ഞിട്ടുള്ളത്. രിസാലത്തിന്റെ കാര്യത്തിലുണ്ടായ ഈ വീഴ്ചയിലൂടെ തന്നെ അവർ ശിർക്കിലും അകപ്പെട്ടു എന്ന പരിഗണനീയമായ മറ്റൊരു വസ്തുത കൂടി അവിടെയുണ്ട്. എല്ലാ കുഫ്റും ശിർക്കാകും എന്ന തത്ത്വം ഇവിടെ കൂടുതൽ പ്രസക്തമായി വരുന്നു. അത് വേറെ പഠിക്കേണ്ടതും ചർച്ച ചെയ്യേണ്ടതുമായ വിഷയമായതിനാൽ ഇവിടെ വിശദീകരിക്കാൻ മുതിരുന്നില്ല. കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നവർക്ക് ബഹുമാന്യ സഹോദരൻ അബ്ദുൽ കരീം അമാനി എഴുതിയ ഖുർആൻ വിവരണത്തിൽ കൊടുത്തിരിക്കുന്ന ബഖറഃ 221-ാം സൂക്തത്തിന്റെ വിശദീകരണം നോക്കാവുന്നതാണ്.

## തക്ഫീറിന്റെ നിബന്ധനകൾ
## രണ്ട്: ഇച്ഛാപൂർവ്വം പ്രവർത്തിക്കുക

കുഫ്ർ ആകുന്ന ഒരു പ്രവൃത്തി ഒരാൾ ചെയ്യുമ്പോൾ അത് ഉദ്ദേശ്യപൂർവ്വമായിരിക്കണം. സ്വതന്ത്രമായ ഇച്ഛയോടു കൂടി ചെയ്യുന്നതല്ലാതെ, അബദ്ധത്തിലോ നിർബന്ധിതാവസ്ഥയിലോ കുഫ്റാകുന്ന പ്രവൃത്തി ഒരാൾ ചെയ്താൽ അതുവെച്ച് അയാളെ കാഫിറാക്കാനാവില്ല. തന്റെ സ്വതന്ത്രമായ ഉദ്ദേശ്യത്തിലും തീരുമാനത്തിലും ചെയ്യുന്ന പ്രവൃത്തികൾക്കേ ഒരാൾ ഉത്തരം പറയേണ്ടി വരികയുള്ളു. ഇത് അല്ലാഹു തന്റെ അടിയാറുകൾക്ക് നൽകിയ വിട്ടുവീഴ്ചയാണ്. അല്ലാഹു പറയുന്നു:

﴿مَن كَفَرَ بِاللَّهِ مِن بَعْدِ إِيمَانِهِ إِلَّا مَنْ أُكْرِهَ وَقَلْبُهُ مُطْمَئِنٌّ بِالْإِيمَانِ وَلَٰكِن مَّن شَرَحَ بِالْكُفْرِ صَدْرًا فَعَلَيْهِمْ غَضَبٌ مِّنَ اللَّهِ وَلَهُمْ عَذَابٌ عَظِيمٌ ﴿١٠٦﴾﴾ (النحل)

[വിശ്വസിച്ചതിന് ശേഷം തുറന്ന മനസ്സോടെ കുഫ്ർ വരിച്ച് അല്ലാഹുവിൽ അവിശ്വസിച്ചവരാരോ അവരുടെമേൽ അല്ലാഹുവിങ്കൽ നിന്നുള്ള കോപവും, വലിയ ശിക്ഷയും ഉണ്ടായിരിക്കും. എന്നാൽ നിർബന്ധിതാവസ്ഥയിൽ കുഫ്ർ ചെയ്തുപോയവർ, അവരുടെ ഹൃദയം വിശ്വാസത്താൽ സമാധാനമടഞ്ഞ നിലയിലാണെങ്കിൽ അവർ അതിൽനിന്ന് ഒഴിവാക്കപ്പെടും.] (നഹ്ൽ 106)

മേൽ സൂക്തത്തിൽ അല്ലാഹു പ്രസ്താവിക്കുന്നത്, തുറന്ന മനസ്സോടെ കുഫ്ർ വരിച്ചവരാണ് യഥാർത്ഥ കാഫിറുകൾ എന്നും, അവരാണ് അല്ലാഹുവിന്റെ കടുത്ത കോപത്തിനും ശിക്ഷക്കും വിധേയരാകേണ്ടി വരിക എന്നുമാണ്. ഒരു പ്രവൃത്തി കുഫ്റായി പരിഗണിക്കാനുള്ള നിബന്ധനയാണ് സ്വന്തവും സ്വതന്ത്രവുമായ ഉദ്ദേശ്യം എന്ന് ഇത് സുതരാം വ്യക്തമാക്കുന്നു.

രണ്ടാമത്തെ ഈ നിബന്ധന സാക്ഷാൽകരിക്കുന്നതിനും ചില തടസ്സങ്ങളുണ്ട് അവ കൂടി പരിശോധിക്കാം:

## മേൽ നിബന്ധന പൂർത്തീകരിക്കാനുള്ള തടസ്സങ്ങൾ
## i) സോദ്ദേശ്യത്തെ നിരാകരിക്കുന്ന അബദ്ധങ്ങൾ

സ്വന്തവും സ്വതന്ത്രവുമായ ഉദ്ദേശ്യവും തീരുമാനവുമില്ലാതെ അബദ്ധത്തിൽ സംഭവിച്ചു പോകുന്ന കുഫ്റിന്റെ പ്രവൃത്തികളെ കുഫ്റായി പരിഗണിക്കുകയില്ല. അതിന്റെ പേരിൽ ഒരാളെയും കാഫിറായി പ്രഖ്യാപിക്കാനും പാടില്ല. കാരണം അബദ്ധം സോദ്ദേശ്യത്തെ നിരാകരിക്കുന്നു. അത് സോദ്ദേശ്യം എന്ന നിബന്ധന പൂർത്തീകരിക്കുന്നതിന് പ്രതിബന്ധമായി നിലക്കൊള്ളുകയും ചെയ്യുന്നു. അബദ്ധത്തിൽ സംഭവിക്കുന്ന തെറ്റുകൾ ഏതും, അവ കുഫ്റാകാവുന്നവയാണെങ്കിലും പൊറുക്കപ്പെടുന്നതാണ്. ഇത് അല്ലാഹു അവന്റെ അടിയാറുകളോട് കാണിക്കുന്ന ഒരു വിട്ടുവീഴ്ചയുമാണ്. നബി ﷺ പറയുന്നു:

عَنِ ابْنِ عَبَّاسٍ رضي الله عنهما، قَالَ: قَالَ رَسُولُ اللهِ ﷺ: تَجَاوَزَ اللهُ عَنْ أُمَّتِي الْخَطَأَ، وَالنِّسْيَانَ، وَمَا اسْتُكْرِهُوا عَلَيْهِ. [الحاكم في مستدركه وصححه الألباني]

[ഇബ്നു അബ്ബാസ് رضي الله عنهما നിവേദനം. നബി ﷺ പറയുന്നു: അല്ലാഹു എന്റെ സമുദായത്തിന് അബദ്ധവും മറവിയും നിർബന്ധിതാവസ്ഥയിൽ ചെയ്ത കാര്യങ്ങളും വിട്ടുവീഴ്ച ചെയ്തുകൊടുത്തിരിക്കുന്നു.] (ഹാകിം മുസ്തദ്റകിൽ ഉദ്ധരിച്ചത്)

അബദ്ധം സംഭവിക്കുന്നത് പലവിധ കാരണങ്ങളാലും സാഹചര്യങ്ങളാലുമായിരിക്കാം. സന്തോഷത്തിന്റെയോ ദുഃഖത്തിന്റെയോ അതിരേകത്താൽ മനുഷ്യമനസ്സ് ചിലപ്പോഴെങ്കിലും മറിഞ്ഞുപോയെന്നു വരാം. അതിനെ കുറിച്ച് വ്യവഹരിക്കാൻ അറബിയിൽ غَلَبَةٌ (ഗലബഃ) എന്നാണ് പ്രയോഗിക്കാറുള്ളത്. അത്തരം സന്ദർഭങ്ങളിൽ ചെയ്തുപോകുന്ന കാര്യങ്ങൾ ഇതിന് ഉദാഹരണമാണ്. ഒരു നബിവചനം കാണുക:

عن أَنَسِ بْنِ مَالِكٍ قَالَ: قَالَ رَسُولُ اللهِ ﷺ: لَلَّهُ أَشَدُّ فَرَحًا بِتَوْبَةِ عَبْدِهِ حِينَ

يَتُوبُ إِلَيْهِ، مِنْ أَحَدِكُمْ كَانَ عَلَى رَاحِلَتِهِ بِأَرْضِ فَلَاةٍ، فَانْفَلَتَتْ مِنْهُ وَعَلَيْهَا طَعَامُهُ وَشَرَابُهُ، فَأَيِسَ مِنْهَا، فَأَتَى شَجَرَةً، فَاضْطَجَعَ فِي ظِلِّهَا، قَدْ أَيِسَ مِنْ رَاحِلَتِهِ، فَبَيْنَا هُوَ كَذَلِكَ إِذَا هُوَ بِهَا، قَائِمَةً عِنْدَهُ، فَأَخَذَ بِخِطَامِهَا، ثُمَّ قَالَ مِنْ شِدَّةِ الْفَرَحِ: اللهُمَّ أَنْتَ عَبْدِي وَأَنَا رَبُّكَ، أَخْطَأَ مِنْ شِدَّةِ الْفَرَحِ. [مسلم في صحيحه]

[അനസ് ബിൻ മാലിക് ﵁ നിവേദനം. നബി ﷺ പറയുന്നു: തന്റെ അടിമ തൗബഃ ചെയ്യുമ്പോൾ അവന്റെ തൗബഃ കൊണ്ട് ഏറ്റവും കൂടുതൽ സന്തോഷിക്കുന്നത് അല്ലാഹുവാണ് – നിങ്ങളിൽ ഒരാൾക്കുണ്ടാകുന്ന സന്തോഷത്തെക്കാൾ കവിഞ്ഞ സന്തോഷം! അയാൾ വിജനമായ മരുഭൂമിയിലൂടെ തന്റെ വാഹനപ്പുറത്തേറി യാത്ര പോവുകയാണ്. അപ്പോൾ ആ വാഹനം തന്റെ അടുക്കൽനിന്ന് ഓടിപ്പോയി. അതിന്റെ പുറത്താണ് അയാൾക്കുള്ള ഭക്ഷണപാനീയങ്ങളെല്ലാം. അങ്ങനെ അതിനെ കുറിച്ച് അയാൾ നിരാശനാവുകയും ഒരു വൃക്ഷച്ചുവട്ടിലേക്ക് ചെന്ന് അതിന്റെ നിഴലിൽ ചെരിഞ്ഞു കിടക്കുകയും ചെയ്യുന്നു. തന്റെ വാഹനത്തെ കുറിച്ചുള്ള പ്രതീക്ഷകളെല്ലാം തീർത്തും അസ്തമിച്ചു കഴിഞ്ഞിരിക്കുകയാണ്. അങ്ങനെയിരിക്കെ, പെട്ടന്ന് അയാൾ തന്നെക്കാണുന്നത് അതിന്റെയടുത്താണ്. അത് തന്റെയരികിൽ അതാ വന്നുനിൽക്കുന്നു! ഉടനെ അയാൾ അതിന്റെ കടിഞ്ഞാൺ കൈവശപ്പെടുത്തി സന്തോഷത്തിന്റെ അതിരേകത്താൽ പറയുന്നു: അല്ലാഹുവേ, നീയെന്റെ അടിമയും, ഞാൻ നിന്റെ റബ്ബുമാണ്. സന്തോഷത്തിന്റെ തള്ളിച്ചയിൽ അദ്ദേഹത്തിനു സംഭവിച്ച ഒരു അബദ്ധം!] (മുസ്ലിം, സ്വഹീഹിൽ ഉദ്ധരിച്ചത്)

അല്ലാഹുവേ, നീ എന്റെ അടിമയാണ്, ഞാൻ നിന്റെ റബ്ബും എന്ന് ഒരു മനുഷ്യൻ ഉച്ചരിച്ചാൽ ആ വാക്ക് പച്ചയായ കുഫ്റാണ്. അതിനെക്കാൾ വലിയ കുഫ്ർ വേറെയില്ല. പക്ഷെ, മേൽ സംഭവത്തിൽ വിവരിച്ചതു പോലെയാണ് കാര്യമെങ്കിൽ അതുമുഖേന

അതു പറഞ്ഞയാൾ കാഫിറാകാൻ പോകുന്നില്ല. കാരണം, ഒരു പ്രവൃത്തി കുഫ്ർ ആകണമെങ്കിൽ അത് ഉദ്ദേശ്യപൂർവ്വം ചെയ്യണമെന്നത് അതിനുള്ള നിബന്ധനയാണ്. ആ നിബന്ധന പൂർത്തീകരിക്കുന്നതിന് അബദ്ധം എന്ന ഒരു പ്രതിബന്ധം ഇവിടെ നിലനിൽക്കുന്നുണ്ട്. പ്രതിബന്ധങ്ങൾ നീങ്ങുകയും നിബന്ധനകൾ പൂർത്തീകരിക്കപ്പെടുകയും ചെയ്യാതെ ഒരു വ്യക്തിയെ നിർണ്ണയിച്ച് കാഫിറാക്കുക എന്നത് പാടില്ലാത്തതാണ്.

## ii) സോദ്ദേശ്യത്തെ ഹനിക്കുന്ന നിർബ്ബന്ധിതാവസ്ഥ

സ്വന്തവും സ്വതന്ത്രവുമായ തീരുമാനപ്രകാരമല്ലാതെ, വാൾമുനയിലോ മറ്റു നിർബന്ധിതാവസ്ഥയിലോ വെച്ച് ചെയ്യേണ്ടിവരുന്ന കുഫ്റിന്റെ പ്രവർത്തനങ്ങൾ മുൻനിർത്തി ഒരാളെ കാഫിറായി പ്രഖ്യാപിക്കാൻ പാടില്ല. കാരണം, നിർബന്ധിതാവസ്ഥ എന്ന പ്രതിബന്ധം അവിടെ നിലനിൽക്കുന്നു. ഈ പ്രതിബന്ധം നീങ്ങാതെ ഉദ്ദേശ്യപൂർവ്വമുള്ള പ്രവർത്തനം എന്ന രണ്ടാമത്തെ നിബന്ധന സാക്ഷാൽകരിക്കപ്പെടുകയില്ല. പ്രതിബന്ധങ്ങൾ നീങ്ങി നിബന്ധനകൾ പൂർത്തീകരിക്കപ്പെടാതെ ഒരു വ്യക്തിയെ നിർണ്ണയിച്ച് കാഫിറാക്കാനും പാടില്ല. മുകളിൽ ഉദ്ധരിച്ച നഹ്ൽ 106-ാം സൂക്തം ഇക്കാര്യവും വ്യക്തമാക്കുന്നുണ്ട്. അതിനാൽ അത് ഒന്നുകൂടി ആവർത്തിക്കട്ടെ.

﴿مَن كَفَرَ بِاللَّهِ مِن بَعْدِ إِيمَانِهِ إِلَّا مَنْ أُكْرِهَ وَقَلْبُهُ مُطْمَئِنٌّ بِالْإِيمَانِ وَلَٰكِن مَّن شَرَحَ بِالْكُفْرِ صَدْرًا فَعَلَيْهِمْ غَضَبٌ مِّنَ اللَّهِ وَلَهُمْ عَذَابٌ عَظِيمٌ ﴿١٠٦﴾﴾ (النحل)

[വിശ്വസിച്ചതിന് ശേഷം തുറന്ന മനസ്സോടെ കുഫ്ർ വരിച്ച് അല്ലാഹുവിൽ അവിശ്വസിച്ചവരാരോ അവരുടെമേൽ അല്ലാഹുവിങ്കൽ നിന്നുള്ള കോപവും, വലിയ ശിക്ഷയും ഉണ്ടായിരിക്കും. എന്നാൽ നിർബന്ധിതാവസ്ഥയിൽ കുഫ്ർ ചെയ്തുപോയവർ, അവരുടെ ഹൃദയം വിശ്വാസത്താൽ സമാധാനമടഞ്ഞ നിലയിലാണെങ്കിൽ അവർ അതിൽനിന്ന് ഒഴിവാക്കപ്പെടും.] (നഹ്ൽ 106)

**ചുരുക്കത്തിൽ, ഒരു വ്യക്തിയെ നിർണ്ണയിച്ച് കാഫിറാണെന്നു പ്രഖ്യാപിക്കണമെങ്കിൽ നിബന്ധനകൾ പൂർത്തീകരിക്കപ്പെടുകയും പ്രതിബന്ധങ്ങൾ ഇല്ലാതാവുകയും ചെയ്യണം. നിബന്ധനകൾ പൂർത്തീകരിക്കപ്പെടാതിരിക്കുകയോ പ്രതിബന്ധങ്ങൾ നിലനിൽക്കുകയോ ചെയ്യുന്ന പക്ഷം വ്യക്തിയെ നിർണ്ണയിച്ചുള്ള തക്ഫീർ പാടുള്ളതല്ല. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃ ﷺ പറയുന്നത് കാണുക:**

إن التكفير له شروط وموانع قد تنتفي في حق المعين، وإن تكفير المطلق لا يستلزم تكفير المعين إلا إذا وجدت الشروط وانتفت الموانع، يبين هذا أن الإمام أحمد وعامة الأئمة الذين أطلقوا هذه العمومات لم يكفروا أكثر من تكلم بهذا الكلام بعينه، فإن الإمام أحمد مثلا قد باشر الجهمية الذين دعوه إلى خلق القرآن، ونفي الصفات، وامتحنوه وسائر علماء وقته، وفتنوا المؤمنين والمؤمنات الذين لم يوافقوهم على التجهم بالضرب والحبس والقتل والعزل عن الولايات وقطع الأرزاق ورد الشهادات وترك تخليصهم من أيدي العدو، بحيث كان كثير من أولي الأمر إذ ذاك من الجهمية، من الولاة والقضاة وغيرهم يكفرون كل من لم يكن جهميا موافقا لهم على نفي الصفات، مثل القول بخلق القرآن ويحكمون فيه بحكمهم في الكافر.. ثم إن الإمام أحمد دعا للخليفة وغيره ممن ضربه وحبسه واستغفر لهم وحللهم مما فعلوه به من الظلم والدعاء إلى القول الذي هو كفر، ولو كانوا مرتدين عن الإسلام لم يجز الاستغفار لهم؛ لأن الاستغفار للكفار لا يجوز بالكتاب والسنة والإجماع، وهذه الأقوال والأعمال منه رحمه الله ومن غيره من الأئمة صريحة في أنهم لم يكفروا المعينين من الجهمية الذين كانوا يقولون إن القرآن مخلوق وإن الله لا يرى في الآخرة، وقد نقل عن أحمد ما يدل على أنه كفر به قوما معينين، فأما أن يذكر عنه في المسألة روايتان ففيه نظر،

أو يحمل الأمر على التفصيل فيقال: من كفر بعينه فلقيام الدليل على أنه وجدت فيه شروط التكفير وانتفت موانعه، ومن لم يكفر بعينه فلانتفاء ذلك في حقه، هذا مع إطلاق قوله بالتكفير على سبيل العموم. [ابن تيمية في مجموع فتاويه]

[കാഫിറായി പ്രഖ്യാപിക്കുന്നതിന് (تَكْفِيرٌ) ചില നിബന്ധനകൾ പൂർത്തീകരിക്കപ്പെടുകയും പ്രതിബന്ധങ്ങൾ ഇല്ലാതാവുകയും ചെയ്യേണ്ടതുണ്ട്. ഒരു നിർണ്ണിത വ്യക്തിയുടെ കാര്യത്തിൽ ചിലപ്പോൾ അത് നടക്കാതെ പോകാം. ഒരു പ്രവൃത്തിയെ കുറിച്ച് നടത്തുന്ന പൊതുവായ തക്ഫീർ, നിബന്ധനകൾ പൂർത്തീകരിക്കുകയും പ്രതിബന്ധങ്ങൾ ഇല്ലാതാവുകയും ചെയ്യുന്നതുവരെ ഒരു നിർണ്ണിത വ്യക്തിയുടെമേൽ ബാധകമാക്കാനാവില്ല. ചില വിഷയങ്ങളിൽ പൊതുവായ തക്ഫീർ നടത്തിയിട്ടുള്ള ഇമാം അഹ്മദോ മറ്റു ഇമാമുകളോ ﵏ ആരും തന്നെ അത്തരം വാദങ്ങൾ ഉന്നയിച്ചിരുന്നവരിൽ മിക്കവരെയും വ്യക്തിഗതമായി തക്ഫീർ നടത്തിയിരുന്നില്ല എന്ന വസ്തുത ഇക്കാര്യം വ്യക്തമാക്കുന്നതാണ്. ഉദാഹരണമായി ഇമാം അഹ്മദ് ﵀യുടെ കാര്യം തന്നെയെടുക്കാം. ഖുർആൻ സൃഷ്ടിയാണെന്ന വാദത്തിലേക്കും സ്വിഫാത് നിഷേധത്തിലേക്കും അദ്ദേഹത്തെ ക്ഷണിച്ച, അദ്ദേഹത്തെയും സമകാലികരായ മറ്റു പണ്ഡിതന്മാരെയും പീഡിപ്പിച്ച, ജഹ്മിയ്യാ വാദഗതികളോട് വിയോജിക്കുന്ന വിശ്വാസി വിശ്വാസിനികളെ പ്രഹരിച്ചും തുറുങ്കിലടച്ചും വധിച്ചും സ്ഥാനഭ്രഷ്ടരാക്കിയും ഉപജീവനം മുടക്കിയും സാക്ഷ്യം തള്ളിയും ശത്രുക്കളിൽനിന്ന് രക്ഷപ്പെടുത്താതെ കൈയൊഴിഞ്ഞും കുഴപ്പത്തിലാക്കിയിരുന്ന ജഹ്മികളുമായി അദ്ദേഹത്തിന് നേരിട്ട് ഇടപഴകേണ്ടിവന്നു. ഭരണത്തലവന്മാരും ന്യായാധിപരും അടക്കം കൈകാര്യ കർത്താക്കളിലധികവും ജഹ്മികളുടെ പക്ഷത്തായിരുന്ന സന്ദർഭമായിരുന്നു അത്. അവർ ജഹ്മികളോടൊപ്പം നിന്ന് ഖുർആൻ സൃഷ്ടിയാണെന്നതു പോലുള്ള സ്വിഫാത് നിഷേധത്തിൽ

ജഹ്മികളല്ലാത്തവരെ മുഴുവൻ കാഫിറാക്കി. കാഫിറിന്റെ എല്ലാവിധികളും അത്തരക്കാരുടെ മേൽ ചുമത്തി... എന്നിട്ടും ഇമാം അഹ്മദ് ﷺ തന്നെ തുറുങ്കിലടക്കുകയും മർദ്ദിക്കുകയും ചെയ്ത ഭരണാധികാരിക്കുവേണ്ടി പ്രാർത്ഥിക്കുകയും പാപമോചനംതേടുകയും ചെയ്തു. തന്നോട് അവർ ചെയ്ത അക്രമങ്ങളിൽ നിന്നും, കുഫ്റിന്റെ വാദഗതികളിലേക്ക് ക്ഷണിക്കൽ പോലുള്ള ചെയ്തികളിൽ നിന്നും അവരെ മുക്തരാക്കി. അവർ മതഭ്രഷ്ടരായിരുന്നുവെങ്കിൽ അവർക്കുവേണ്ടി പാപമോചനം തേടൽ അനുവദനീയമാവില്ലല്ലോ. കാരണം കാഫിറിനുവേണ്ടി പാപമോചനമർത്ഥിക്കൽ കിതാബും സുന്നത്തും ഇജ്മാഉം കൊണ്ട് നിഷിദ്ധമാക്കിയതാണ്. ഇമാം അഹ്മദിന്റെയും മറ്റു ഇമാമുകളുടെയും ﷺ മേൽ വാക്കുകളിൽനിന്നും പ്രവൃത്തികളിൽനിന്നും വ്യക്തമാകുന്നത്, ഖുർആൻ സൃഷ്ടിയാണ്, അല്ലാഹുവിനെ പരലോകത്ത് വെച്ച് കാണുക സാധ്യമല്ല എന്നൊക്കെ വാദിക്കുന്ന ജഹ്മികളെ തന്നെ അവർ വ്യക്തികളെ നിർണ്ണയിച്ചു കാഫിറാക്കിയിട്ടില്ല എന്നാണ്. എന്നാൽ ഇമാം അഹ്മദ് ﷺ അവരിൽപെട്ട നിർണ്ണിതരായ ചില വ്യക്തികളെ കാഫിറാക്കിയിട്ടുണ്ട് എന്ന് അദ്ദേഹത്തെ കുറിച്ച് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ ഇമാം അഹ്മദ് ﷺയിൽനിന്ന് രണ്ട് രൂപത്തിലും ഉദ്ധരണികൾ വന്നിട്ടുണ്ടെന്നുള്ള പ്രസ്താവം സംശയാസ്പദമാണ്. അല്ലെങ്കിൽ അത് വിശദീകരിക്കേണ്ടതായി വരും. അങ്ങനെയെങ്കിൽ പറയാവുന്നത്, അദ്ദേഹം ഏതെങ്കിലും ഒരു വ്യക്തിയെ നിർണ്ണയിച്ച് കാഫിറാക്കിയിട്ടുണ്ടെങ്കിൽ അത് ആ വ്യക്തിയിൽ നിബന്ധനകൾ പൂർത്തീകരിക്കപ്പെടുകയും പ്രതിബന്ധങ്ങൾ ഇല്ലാതാവുകയും ചെയ്തിട്ടുള്ളതിനാലാണ്. എന്നാൽ അവരിൽ പലരെയും അദ്ദേഹം കാഫിർ ആക്കാതിരുന്നത് അവരുടെ കാര്യത്തിൽ അത് പൂർത്തീകരിക്കപ്പെടാത്തതിനാലുമാണ്. അതേസമയം ജഹ്മിയ്യഃത്തിന്റെ കാര്യത്തിൽ അദ്ദേഹം പൊതുവായ തക്ഫീർ നടത്തുകയും ചെയ്തിട്ടുണ്ട്.]
(ഇബ്നു തൈമിയ്യഃ, ഫതാവായിൽ രേഖപ്പെടുത്തിയത്)

അധ്യായം അഞ്ച്

## ഭരണാധികാരികളെ കാഫിറാക്കൽ

മുസ്‌ലിം ഭരണാധികാരികളെ കാഫിറായി പ്രഖ്യാപിക്കാനുള്ള വ്യവസ്ഥകൾ മുസ്‌ലിം ബഹുജനങ്ങളുടേതിനെക്കാൾ കണിശമാണ്. ഭരണാധികാരികളുടെ അവകാശങ്ങളും അവരോട് പ്രജകൾക്കുള്ള കടമകളും വിശദീകരിക്കുന്ന ഹദീസുകളിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഉദാഹരണത്തിനായി രണ്ടു നബിവചനങ്ങൾ മാത്രം ഇവിടെ ഉദ്ധരിക്കാം.

عَنْ جُنَادَةَ بْنِ أَبِي أُمَيَّةَ، قَالَ: دَخَلْنَا عَلَى عُبَادَةَ بْنِ الصَّامِتِ، وَهُوَ مَرِيضٌ، قُلْنَا: أَصْلَحَكَ اللهُ حَدِّثْ بِحَدِيثٍ يَنْفَعُكَ اللهُ بِهِ، سَمِعْتَهُ مِنَ النَّبِيِّ ﷺ، قَالَ: دَعَانَا النَّبِيُّ ﷺ فَبَايَعْنَاهُ، فَقَالَ فِيمَا أَخَذَ عَلَيْنَا: أَنْ بَايَعَنَا عَلَى السَّمْعِ وَالطَّاعَةِ، فِي مَنْشَطِنَا وَمَكْرَهِنَا، وَعُسْرِنَا وَيُسْرِنَا وَأَثَرَةً عَلَيْنَا، وَأَنْ لاَ نُنَازِعَ الأَمْرَ أَهْلَهُ، إِلَّا أَنْ تَرَوْا كُفْرًا بَوَاحًا، عِنْدَكُمْ مِنَ اللهِ فِيهِ بُرْهَانٌ.

[البخاري في صحيحه]

[ജുനാദഃ ബിൻ അബീ ഉമയ്യഃ ﵀ പറയുന്നു: ഉബാദതു ബിൻ അസ്സ്വാമിത് ﵁ രോഗിയായിരിക്കെ ഞങ്ങൾ അദ്ദേഹത്തെ സന്ദർശിച്ചു.

ഞങ്ങൾ പറഞ്ഞു: അല്ലാഹു താങ്കൾക്ക് എല്ലാം ഭേദമാക്കട്ടെ. നബി ﷺയിൽനിന്ന് താങ്കൾ കേട്ട ഒരു ഹദീസ് ഞങ്ങൾക്ക് പറഞ്ഞു തന്നാലും. അതു മുഖേന താങ്കൾക്ക് അല്ലാഹു നന്മ വരുത്തട്ടെ. അദ്ദേഹം പറഞ്ഞു: നബി ﷺ ഒരിക്കൽ ഞങ്ങളെ വിളിച്ചു. അങ്ങനെ ഞങ്ങൾ അദ്ദേഹത്തിന് ബൈഅത്ത് ചെയ്തു. അവിടുന്ന് ഞങ്ങളോട് വാങ്ങിയ ഉടമ്പടിയിൽ ഇപ്രകാരം പറഞ്ഞു: ഞങ്ങളുടെ ഉന്മേഷത്തിലും മുഷിപ്പിലും പ്രയാസത്തിലും എളുപ്പത്തിലും ഞങ്ങളുടെ മേൽ സ്വാർത്ഥത കാണിക്കുമ്പോഴുമെല്ലാം ഞങ്ങൾ കേൾക്കാമെന്നും അനുസരിക്കാമെന്നും ബൈഅത്ത് ചെയ്യുന്നു; ഭരണാധികാരത്തിന്റെ കാര്യത്തിൽ അതിന്റെ അവകാശികളോട് ഞങ്ങൾ എതിർപ്പ് ഉയർത്തുകയില്ലെന്നും – അവരിൽനിന്നും പ്രത്യക്ഷമായ കുഫ്ർ കണ്ടാലല്ലാതെ; അതിന് നിങ്ങളുടെ പക്കൽ അല്ലാഹുവിങ്കൽനിന്നുള്ള സ്പഷ്ടമായ തെളിവുണ്ട് താനും.] (ബുഖാരി സ്വഹീഹിൽ ഉദ്ധരിച്ചത്)

ഭരണാധികാരികളുടെ പക്ഷത്തുനിന്ന് ഉണ്ടായേക്കാവുന്ന തെറ്റുകുറ്റങ്ങളോട് ഒരു മുസ്‌ലിം പ്രതികരിക്കേണ്ടത് എങ്ങനെയാണെന്ന് നബി ﷺ പഠിപ്പിക്കുന്നുണ്ട്. തന്റെ ദീനിന് ക്ഷതമേൽക്കാത്ത വിധം പ്രായോഗികമായി നടപ്പിലാക്കാവുന്ന കാര്യങ്ങളാണ് അതിൽ പ്രതിപാദിക്കുന്നത്.

عَنْ أُمِّ سَلَمَةَ، زَوْجِ النَّبِيِّ ﷺ، عَنِ النَّبِيِّ ﷺ أَنَّهُ قَالَ: إِنَّهُ يُسْتَعْمَلُ عَلَيْكُمْ أُمَرَاءُ، فَتَعْرِفُونَ وَتُنْكِرُونَ، فَمَنْ كَرِهَ فَقَدْ بَرِئَ، وَمَنْ أَنْكَرَ فَقَدْ سَلِمَ، وَلَكِنْ مَنْ رَضِيَ وَتَابَعَ، قَالُوا: يَا رَسُولَ اللهِ، أَلَا نُقَاتِلُهُمْ؟ قَالَ: لَا، مَا صَلَّوْا. [مسلم في صحيحه]

[നബി ﷺയുടെ പത്നി ഉമ്മു സലമഃ رضي الله عنها നിവേദനം. നബി ﷺ പറയുന്നു: നിങ്ങളുടെ മേൽ ചില നേതാക്കൾ അധികാരത്തിൽ വരും. നിങ്ങൾ നന്മയായി മനസ്സിലാക്കിയതും തിന്മയായി മനസ്സിലാക്കി

യതുമായ കാര്യങ്ങൾ അവരിൽനിന്നും നിങ്ങൾ കാണാനിടവരും. അതിനോട് ആർ അനിഷ്ടം പുലർത്തിയോ അവൻ മുക്തനായി. ആർ എതിർപ്പ് കാണിച്ചോ അവൻ രക്ഷപ്പെട്ടു. മറിച്ച്, ആരെങ്കിലും തൃപ്തിപ്പെടുകയും പിന്തുടരുകയും ചെയ്താൽ... അവർ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ അവരോട് യുദ്ധം ചെയ്യട്ടെ? അവിടുന്ന് പറഞ്ഞു: അരുത്, അവർ നമസ്കാരം നിലനിർത്തുന്നിടത്തോളം.] (മുസ്ലിം സ്വഹീഹിൽ ഉദ്ധരിച്ചത്)

മുസ്ലിംകളിൽ പെട്ട ഒരു സാധാരണ മനുഷ്യനെ തക്ഫീർ ചെയ്യാനുള്ള വ്യവസ്ഥകളും നിബന്ധനകളും എത്ര കണിശമാണെന്ന് നാം കണ്ടു. എന്നാൽ ഭരണാധികാരികളുടെ കാര്യത്തിൽ അതിൽ കൂടുതൽ ജാഗ്രതയും കരുതലും ആവശ്യമാണ്. ഇതാണ് ശർഅ് അനുശാസിക്കുന്നത്. അധികാര കേന്ദ്രങ്ങളോട് ശത്രുതയും വിദ്വേഷവും കാണിക്കുക എന്നത് യഥാർത്ഥത്തിൽ ഖുറൂജിന്റെയും ഇടതു പ്രത്യശാസ്ത്രങ്ങളുടെയും ആശയമാണ്. അത് ഇസ്ലാമിക മൂല്യങ്ങളുമായി ഒരു നിലയിലും ഒത്തുപോകുന്നതല്ല. മുസ്ലിം ഭരണാധികാരികൾക്കെതിരിൽ വൈരവും ശത്രുതയും ജ്വലിപ്പിച്ചു നിർത്തുന്ന വായ്ത്താരികളാണ് ഇന്ന് എവിടെയും കേൾക്കാൻ സാധിക്കുന്നത്. ഹജ്ജിനു വരുന്നവരിൽ മഹാഭൂരിഭാഗവും മുശ്രിക്കുകളാണെന്നും, അവരെ മസ്ജിദുൽ ഹറാമിലേക്ക് അടുപ്പിക്കാൻ പാടില്ലെന്നത് അല്ലാഹുവിന്റെ കൽപനയാണെന്നും, അവർക്ക് അവിടേക്ക് പ്രവേശനം അനുവദിക്കുന്ന ഭരണാധികാരികളോട് നമുക്ക് വലാഅ് ഇല്ലെന്നും തട്ടിവിടുന്ന റുവൈബിളമാർ അറിയുന്നില്ല, തങ്ങളുടെ നാവിലൂടെ വമിക്കുന്നത് ഖുറൂജിന്റെയും തക്ഫീറിന്റെയും കാളകൂട വിഷമാണെന്ന്. അത് മുസ്ലിംകളെ ആത്മീയമായും മതപരമായും ഏറെ ദുഷിപ്പിക്കുന്നു എന്നതിനു പുറമെ അത് സൃഷ്ടിക്കുന്ന സാമൂഹിക പ്രത്യാഘാതങ്ങൾ അതിഭയാനകമാണ് താനും. അല്ലാഹുവേ, നിന്റെ കാവലിനായി യാചിക്കുന്നു.

അധ്യായം ആറ്

# കൂട്ടത്തക്ഫീർ

ഒരു പ്രത്യേക വിഭാഗത്തെ മൊത്തം കാഫിറായി പ്രഖ്യാപിച്ച് കൂട്ടത്തക്ഫീർ നടത്തുന്ന രീതി ( تَكْفِيرُ الْمُجْتَمَعَاتِ ) ഇസ്‌ലാമിലില്ല. ഇതിനെ നിരുപാധികമായ തക്ഫീറുമായി (التكفير المطلق) കൂട്ടിക്കുഴക്കരുത്. നിരുപാധികമായ തക്ഫീർ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ഒരു പ്രത്യേക വിഭാഗത്തെ മൊത്തമായി കാഫിറാണെന്ന് പ്രഖ്യാപിക്കലല്ല. മറിച്ച്, തർക്കമറ്റ പ്രമാണരേഖകളുടെ അടിസ്ഥാനത്തിൽ ഒരു തെറ്റിനെ കുറിച്ച് അത് കുഫ്റാണെന്ന് പ്രഖ്യാപിക്കലാണ്. അത് ചെയ്യുന്നവൻ കാഫിറാകും, അവൻ ഇസ്‌ലാം മതത്തിൽനിന്ന് പുറത്ത് പോകും, പരലോകത്ത് അവൻ നരകശിക്ഷയിൽ ശാശ്വതനായിരിക്കും, ഒരു മുസ്‌ലിമിന് ലഭിക്കുന്ന ഒരു പരിഗണനയും അവന് ഇഹത്തിലോ പരത്തിലോ ലഭിക്കുകയുമില്ല എന്നാണ് അത് കൊണ്ട് അർത്ഥമാക്കുന്നത്. അത് കുഫ്റാകുന്ന ഒരു പ്രവർത്തനത്തെ കുറിച്ചുള്ള (مُخَالَفَةٌ) തക്ഫീർ ആണ്; ഒരു പ്രത്യേക വ്യക്തിയെയോ വിഭാഗത്തെയോ (مُخَالِفٌ) സംബന്ധിച്ച് നടത്തുന്ന തക്ഫീർ അല്ല.

റാഫിളികൾ മുസ്‌ലിംകളല്ല, ജഹ്മികൾ മുസ്‌ലിംകളല്ല എന്നൊക്കെ പണ്ഡിതന്മാർ പറയുമ്പോൾ ആ വിഭാഗവുമായി ചേർന്നു

നിൽക്കുന്ന ഓരോ വ്യക്തിയും കാഫിറാണ്, ആ വിഭാഗം മുഴുവൻ കാഫിറാണ് എന്നല്ല അർത്ഥമാക്കുന്നത്. മറിച്ച്, റാഫിളീ ചിന്താഗതി കുഫ്റാണ്, ജഹ്മീ ചിന്താഗതി കുഫ്റാണ് എന്നു മാത്രമാണ് അർത്ഥമാക്കുന്നത്. അത് തത്വത്തിൽ തക്ഫീർ മുത്വ്ലഖായിട്ടാണ് പരിഗണിക്കുക. അതു വെച്ച് ആ ചിന്താഗതിയിലേക്ക് ചേർത്തു പറയപ്പെടുന്ന ഓരോ വ്യക്തിയും കാഫിർ, ഓരോ വിഭാഗവും കാഫിർ എന്ന് അറിവും വെളിവുമുള്ള ഒരാളും പറയില്ല. തക്ഫീറിന്റെ മസ്അലഃ പഠിക്കാത്തവരോ, പഠിച്ചിട്ടും മനസ്സിലാകാത്തവരോ ആയ റുവൈബിളമാർ മാത്രമേ അങ്ങനെ വാദിക്കുകയുള്ളു. റുവൈബിളമാരായതു കൊണ്ടു കൂടിയാണ് അവർക്കത് ഗ്രഹിക്കാൻ കഴിയാത്തത്. نسأل الله السلامة

മഹല്ലു പള്ളികൾ അമ്പലങ്ങളാണ്, അവിടുത്തെ ഇമാമുകൾ സ്വാമിമാരോ പൂജാരികളോ ആണ്, അവരെ തുടർന്ന് നമസ്കരിക്കാൻ പാടില്ല, നമസ്കരിച്ചാൽ ആ നമസ്കാരം സ്വഹീഹാകുകയില്ല.. ഇതു പോലുള്ള പരാമർശങ്ങൾ കൂട്ടത്തക്ഫീർ (تَكْفِيرُ الْمُجْتَمَعَاتِ) ആണ്. ഒരു സമൂഹത്തെ മൊത്തമായിട്ടാണ് ഇവിടെ തക്ഫീർ ചെയ്യുന്നത്. ആ സമൂഹത്തിൽ പലതരം ആളുകളുണ്ടായിരിക്കില്ലേ? അവരിൽ നേതാക്കന്മാരുണ്ടാകും, വിവരസ്ഥരുണ്ടാകും, അറിവില്ലാത്തവരുണ്ടാകും, അനുയായികളുണ്ടാകും, അന്ധമായി അനുകരിക്കുന്നവരുണ്ടാകും.. എല്ലാവർക്കും ഒരു വിധിയല്ല. ഓരോരുത്തരുടെയും അവസ്ഥക്കനുസരിച്ച് വിധി മാറും. അതു കൊണ്ടാണ് ഖവാരിജുകളുടെ പിന്നിൽ നിന്ന് അലി ﵁ വും, ജഹ്മികളുടെ പിന്നിൽനിന്ന് ഇമാം അഹ്മദ് ﵀ യും നമസ്കരിച്ചത്. അതു കൊണ്ടു തന്നെയാണ് നമസ്കാരത്തിന് മുന്നിൽ നിൽക്കുന്ന ഇമാമിനെ വ്യക്തിയധിഷ്ഠിതമായി തക്ഫീർ നടത്താത്തിടത്തോളം അയാൾ ജഹ്മിയോ റാഫിളിയോ ആണെന്നതിനാൽ, അയാളെ കാഫിറായി കണ്ട് തുടർന്ന് നമസ്കരിക്കാൻ പാടില്ല എന്ന നിലപാട് സലഫുകളാരും കൈകൊള്ളാതിരുന്നതും. മഹാ

ന്മാരായ ഇമാമുകളുടെ മൻഹജ് അറിയാത്തതിനാലാണ് റുവൈ ബിളമാരും തന്നിഷ്ടം തലക്കു പിടിച്ചവരും മറിച്ച് വാദിക്കുന്നത്.

കുഫ്റാണെന്ന് വിധിക്കപ്പെട്ട ചിന്താഗതികളിൽ ഉൾപ്പെട്ട വ്യക്തികളെ കൂട്ടത്തക്ഫീർ നടത്താൻ പറ്റില്ല. അതിലുൾപ്പെട്ട വ്യക്തികളെ വ്യക്തിയധിഷ്ഠിതമായി തക്ഫീർ (تَكْفِيرُ الْمُعَيَّن) നടത്താനേ നിർവ്വാഹമുള്ളു. അവരെ കാഫിറാക്കണമെങ്കിൽ അവരുടെ അവസ്ഥ വ്യക്തിഗതമായി തന്നെ പരിശോധനാ വിധേയമാക്കണം. ഓരോരുത്തരുടെയും അവസ്ഥകളും സാഹചര്യങ്ങളും വ്യത്യസ്തമായിരിക്കും. അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആ നിശ്ചിത വ്യക്തി കാഫിറാണോ അല്ലേ എന്ന് വിധിക്കാൻ കഴിയൂ. വ്യക്തിയധിഷ്ഠിതമായ തക്ഫീറിന് (تَكْفِيرُ الْمُعَيَّن) നിബന്ധനകളുണ്ട്. അവ പൂർത്തീകരിക്കണം. ആ നിബന്ധനകൾ പൂർത്തീകരിക്കുന്നതിന് വിഘാതമായി നിൽക്കുന്ന പ്രതിബന്ധങ്ങളുണ്ടെങ്കിൽ അവ നീങ്ങണം. നടപടിക്രമങ്ങൾ പാലിക്കണം. അല്ലാതെ കാടടച്ചുള്ള വെടിയായിരിക്കരുത് തക്ഫീർ.

തക്ഫീറിന്റെ കാര്യത്തിൽ ഇത്രയേറെ ജാഗ്രതയും സൂക്ഷ്മതയും പുലർത്താനാണ് നാം കൽപിക്കപ്പെട്ടിരിക്കുന്നത്. അത് പാലിക്കുന്നവരാണ് അഹ്ലുസ്സുന്നഃ. അത് ശിർക്കിനോടും കുഫ്റിനോടും സമരസപ്പെടലോ മൃദുസമീപനം കൈകൊള്ളലോ അല്ല. മറിച്ച്, അത് അല്ലാഹുവിന്റെ കൽപന അനുസരിക്കലാണ്. വികാരം വെടിഞ്ഞ്, പക്വതയോടെ അവന്റെ ശാസനകളോട് വിധേയത്വം പുലർത്തലാണ്. അല്ലാഹുവിന്റെ അടിയാറുകളിൽ പിഴവുകൾ സംഭവിക്കുമ്പോൾ അത് തിരുത്തുകയും അവരെ വീണ്ടെടുക്കുകയും ചെയ്യുന്ന കാരുണ്യത്തിന്റെ നിലപാടാണ് അല്ലാഹും അവന്റെ ദൂതനും നമുക്ക് നിർദ്ദേശിച്ചിരിക്കുന്നത്.

ഈ കാരുണ്യബോധം കൈമോശം വന്നവർ കുറ്റവും താക്കീതും മാത്രം നോക്കിക്കാണുന്നവരാണ്. കാരുണ്യത്തിന്റെ ഉറവ വറ്റിപ്പോയ ഇവർക്ക് ഭീഷണിയുടെ പക്ഷക്കാർ (وَعِيدِيُّونَ) എന്നാണ് ചരി

ത്രം നൽകിയ പേര്. ഖവാരിജുകളാണ് അതിലെ മുൻനിരക്കാർ. മുഅ്തസിലികൾ അവരുടെ സഹയാത്രികരും. ആധുനിക കാലത്ത് ഈ രീതി പിന്തുടർന്നത് ഇഖ്വാനീ-മൗദൂദി അച്ചുതണ്ടാണെന്നത് ആവർത്തിക്കേണ്ടതില്ലല്ലോ. സയ്യിദ് ഖുത്വ്ബിന്റെയും മൗദൂദിയുടെയും കൃതികൾ ഇക്കാര്യം സാക്ഷ്യപ്പെടുത്തുന്നു. ആധുനിക കാലത്തെ ഇസ്ലാമിക സമൂഹങ്ങൾ മൊത്തമായി കുഫ്റിലും ജാഹിലിയ്യത്തിലുമാണെന്നത് അവരുടെ ഗ്രന്ഥങ്ങളിലെ ഒരു പരാമർശമല്ല, മറിച്ച് പല കൃതികളുടെയും ഇതിവൃത്തമാണ്.

കേരള മുസ്ലിംകളിൽ പടർന്നു പടിച്ച ശിർക്കൻ വിശ്വാസങ്ങളെയും ആചാരങ്ങളെയും സംബന്ധിച്ച് ഗുണകാംക്ഷികളായ ചിലർ താക്കീത് ചെയ്തപ്പോൾ ആ ഇസ്വ്ലാഹിന്റെ ശബ്ദത്തെ ആദ്യ കാലങ്ങളിൽ പൗരോഹിത്യം നേരിട്ടത് കാഫിറാക്കി ചാപ്പ കുത്തിക്കൊണ്ടാണ്. പിന്നീട് കാലം തിരിച്ചു വന്നു. ഇസ്വ്ലാഹിനു വേണ്ടി ശബ്ദിച്ചിരുന്ന ആ ഗുണകാംക്ഷികളുടെ പിൻമുറക്കാർ പരമ്പരാഗത രീതിയിൽ ജീവിക്കുന്ന മുസ്ലിം സമൂഹങ്ങളെ കാഫിറാക്കി മുദ്രയടിക്കുന്നിടത്തേക്ക് കാര്യങ്ങൾ വഴുതിപ്പോയി. അങ്ങനെ തിരിച്ചും മറിച്ചും കാഫിറാക്കൽ അരങ്ങു തകർത്തു. ഒരു ഭാഗത്ത് മൗദൂദികൾ മുസ്ലിം സമൂഹങ്ങളെ മൊത്തമായി കാഫിറാക്കുന്നു. അതേ സമയം പൗരോഹിത്യം ഇസ്വ്ലാഹിന്റെ ശബ്ദത്തെ കാഫിറാക്കി നിശ്ശബ്ദമാക്കാൻ ശ്രമിക്കുന്നു. മറുഭാഗത്ത് ഇസ്വ്ലാഹികളിൽ ചിലർ പാരമ്പര്യവാദികളെ കാഫിറാക്കുന്നു. കൂടാതെ, സലഫിയ്യത്തിന്റെ മുഖംമൂടിയണിഞ്ഞ ഹദ്ദാദികൾ ഒരു പടികൂടി കടന്ന് പാരമ്പര്യ രീതി പിന്തുടരുന്നവരെ കാഫിറാക്കുന്നു, അവരെ കാഫിറാക്കത്തവരും കാഫിറാകുമെന്ന് ഭീഷണി മുഴക്കുന്നു.

ഇതെല്ലാം തക്ഫീറിന്റെ ആധാരങ്ങളും വ്യവസ്ഥകളും പാലിക്കാതെ വികാരങ്ങൾക്ക് അടിമപ്പെട്ട് വിവരദോഷികൾ നടത്തുന്ന കൂട്ടത്തക്ഫീറുകളാണ്. ശിർക്കും കുഫ്റും ആയിത്തീരുന്ന വിശ്വാസങ്ങളും ആചാരങ്ങളും ചില മുസ്ലിം സമൂഹങ്ങളിലുണ്ടെന്നത്

യാഥാർത്ഥ്യമാണ്. അതിനോട് സമരസപ്പെടാനോ മൃദുസമീപനം കൈകൊള്ളാനോ പാടില്ല. അതിനോടുള്ള ഒരു മുസ്‌ലിമിന്റെ പ്രതിഷേധം ശക്തമായിരിക്കണം, ശർഅ് അനുശാസിക്കുന്ന മാർഗ്ഗത്തിൽ അത് കടുപ്പിക്കുകയും വേണം. അല്ലാഹുവിന്റെ അടിയാറുകൾക്ക് അവൻ നൽകിയ കാരുണ്യം നിഷേധിക്കാതെ അവരെ തിരിച്ചു പിടിക്കാനായിരിക്കണം ഒരു മുസ്‌ലിം ശ്രമിക്കേണ്ടത്. എല്ലാം വ്യക്തമായിട്ടും കുഫ്റിന്റെ മാർഗ്ഗം കൈവിടില്ലെന്ന ശാഠ്യക്കാരെ വ്യവസ്ഥകൾക്ക് വിധേയമായി വ്യക്തിഗതമായ തക്ഫീർ നടത്തുക എന്നതാണ് ദീൻ അനുവദിക്കുന്ന രീതി.

ദീനിലുള്ള അവഗാഹവും വാക്കുകളിലുള്ള സൂക്ഷ്മതയും കർമ്മങ്ങളിലുള്ള അവധാനതയും ശ്രദ്ധാപൂർവ്വം നേടിയെടുക്കേണ്ട കാര്യങ്ങളാണ്. അവക്കു പകരം വെക്കാവുന്നതല്ല ബുദ്ധിയും യുക്തിയും തർക്കവും അഭീഷ്ടവുമൊന്നും. അതിനാൽ വകതിരിവില്ലാത്തവർ ഇത്തരം വിഷയങ്ങളിൽ മൗനം പാലിക്കാനുള്ള മര്യാദയെങ്കിലും കാണിക്കങ്കിണം. എങ്കിൽ നാട്ടിൽ സൗഖ്യവും സമാധാനവും കളിയാടിയേനെ.

ولذلك يقول ابن حزم: لو سكت الجاهل لقل الخلاف. [شرح كتاب الإبانة من أصول الديانة]

[അതു കൊണ്ടാണ് ഇബ്നു ഹസം പറയുന്നത്, വിവരമില്ലാത്തവൻ മൗനം പാലിച്ചിരുന്നുവെങ്കിൽ ഭിന്നത കുറയുമായിരുന്നു എന്ന്.] (ഉദ്ധരണം: ഇബ്നു ബത്ത്വഃയുടെ അൽ ഇബാനഃയുടെ വിശദീകരണത്തിൽ നിന്ന്)

# ഉപസംഹാരം

എല്ലാ ശിർക്കും കുഫ്റാണ്; എല്ലാ കുഫ്റും ശിർക്കുമാണ്. തൗഹീദ് ഉയർത്തിപ്പിടിക്കലാണ് അല്ലാഹുവിന്ന് സമർപ്പിക്കപ്പെടുന്ന ആരാധനകളിൽ ഏറ്റവും മഹത്തരം. അവന് പങ്കാളികളെ നിശ്ചയിക്കുന്ന ശിർക്കാണ് അവനോട് ചെയ്യുന്ന ഏറ്റവും വലിയ പാതകം. ശിർക്ക് അല്ലാഹു പൊറുക്കുകയില്ല. അതിനു താഴെയുള്ള പാപങ്ങൾ അവനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കും. ഒരാൾ ശിർക്ക് ചെയ്താൽ അത് അയാളുടെ മറ്റു നന്മകളെ കൂടി നിഷ്ഫലമാക്കിക്കളയും. കൊടിയ ശിർക്കിൽ മരണപ്പെടുന്ന ഒരാൾ നരകത്തിൽ ശാശ്വതമായി കഴിച്ചു കൂട്ടേണ്ടിവരും. അതിനാൽ ഒരു മുസ്‌ലിം ഏറ്റവുമധികം സൂക്ഷിക്കേണ്ടത് ശിർക്ക് സംഭവിച്ചു പോകുന്നതാണ്.

തൗഹീദ് ഉയർത്തിപ്പിടിക്കുക എന്നതിന്റെ താൽപര്യം 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന സാക്ഷ്യവചനം ഉരുവിടുക എന്ന് മാത്രമല്ല. മുവഹിദായ ഒരു വ്യക്തി അല്ലാഹുവിന്റെ ഏകത്വം സർവ്വഥാ അംഗീകരിക്കണം. വ്യാജദൈവങ്ങളെ തീർത്തും നിരാകരിക്കണം. അതിന് ഈ വചനം ഒരു മനോഗതമായി കൊണ്ടുനടന്നാൽ

പോരാ, ഉച്ചൈസ്തരം ഉദ്ഘോഷിച്ചാൽ പോരാ, അതു പ്രകാരം അല്ലാഹുവിനെ ആരാധിച്ചാൽ പോരാ, മറ്റാരെയും ആരാധിക്കാതിരുന്നാലും പോരാ, അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്ന കള്ളദൈവങ്ങളിൽ അവിശ്വാസം രേഖപ്പെടുത്തുക കൂടി വേണം. എല്ലാവിധ വ്യാജദൈവങ്ങളെയും അവയ്ക്ക് നൽകുന്ന ആരാധനകളെയും അവയെ ആരാധിക്കുന്ന മുശ്രിക്കുകളെയും തള്ളിക്കളയുകയും അവയിൽനിന്നെല്ലാം പരിപൂർണ്ണമായി മാറി ഒഴിവായ കാര്യം പ്രഖ്യാപിക്കുകയും വേണം. ഇസ്ലാം സ്വീകരിച്ചിട്ടില്ലാത്ത, അടിസ്ഥാനപരമായി ശിർക്കിലും കുഫ്റിലും കഴിച്ചു കൂട്ടുന്ന കാഫിറുകളെ കാഫിറുകളായി തന്നെ കാണണം. അവർ പിന്തുടരുന്ന കുഫ്റിന്റെ പക്ഷം ശരിവെക്കുകയോ, അവർ കാഫിറുകളാണെന്ന കാര്യത്തിൽ സംശയിക്കുകയോ ചെയ്യുന്നത് വിശ്വാസത്തെ റദ്ദ് ചെയ്യാവുന്ന കുറ്റമാണ്. ഇതെല്ലാം മഹത്തായ ഈ സാക്ഷ്യവചനത്തിന്റെ താൽപര്യത്തിൽപെട്ടതാണ്. ത്വാഗൂത്തുകളുടെ കാര്യത്തിൽ നിലപാടില്ലാത്ത ഷണ്ഡന്മാരായ മൗനികൾക്കുള്ളതല്ല ഈ സാക്ഷ്യവചനം. ഇതു സത്യാസത്യത്തിന്റെ വിവേചനമാണ്. സ്വർഗ്ഗനരകങ്ങൾക്കിടയിലെ വിഭജനരേഖയാണ്.

എന്നാൽ സ്വതന്ത്രമായ ഇഛയുടെയും ദൃഢബോധ്യത്തിന്റെയും അടിസ്ഥാനത്തിൽ ശഹാദത്ത് ചൊല്ലി ഇസ്ലാമിലേക്ക് കടന്നുവന്ന ഒരു വ്യക്തിയെ കാഫിറാക്കി തിരിച്ചയക്കാൻ ദൃഢമായ തെളിവുകളും പഴുതടച്ച നടപടികളും പാലിച്ചേ പറ്റൂ. മതപരമോ രാഷ്ട്രീയമോ ആയ ഭിന്നതകളുടെ പേരിൽ പരസ്പരം കാഫിറാക്കാവതല്ല. സംശയങ്ങളുടെയും വ്യാഖ്യാനങ്ങളുടെയും നിഴലിൽ നിൽക്കുന്ന ഒരാളെയും കാഫിറാക്കാനും പാടില്ല.

തൗഹീദ് സമ്പൂർണ്ണമായും ഉൾക്കൊള്ളുകയും അതിലേക്ക് ജനങ്ങളെ നബിചര്യയനുസരിച്ച് ക്ഷണിക്കുകയും ചെയ്യണം. ശിർക്കിന്റെയും കുഫ്റിന്റെയും വിശ്വാസാചാരങ്ങളെ കുറിച്ച് ജനങ്ങൾക്ക് നിരന്തരം താക്കീത് നൽകണം. ആ താക്കീത് ശർഇന്റെ പരി

ധിക്കുള്ളിൽനിന്നു കൊണ്ട് കടുപ്പിക്കുകയും വേണം. ചെറിയ ശിർക്കിനെ കുറിച്ച് താക്കീത് ചെയ്യാൻ കൊടിയ ശിർക്കിനെ കുറിച്ച് അവതരിച്ച പ്രമാണരേഖകൾ വരെ ഉദ്ധരിക്കാം. ഒരു കുറ്റം ശിർക്കാണ്, കുഫ്റാണ് എന്ന് അറിയിക്കുകയും അത് ചെയ്യുന്നവൻ കാഫിറാകും എന്ന് താക്കീത് നൽകുകയും ചെയ്യുന്നതിനാണ് നിരുപാധികമായ തക്ഫീർ (التكفير المطلق) എന്ന് പറയുന്നത്. അത് പ്രഖ്യാപിക്കാൻ പ്രമാണങ്ങളിൽനിന്നുള്ള രേഖാപരമായ അറിവ് മതി. അതിൽ ഒരു വ്യക്തിയെയോ സമൂഹത്തെയോ നിർണ്ണയിക്കുന്നില്ല. കുഫ്ർ ചെയ്യുന്നതാരോ അവൻ കാഫിർ എന്നത് ഒരു പൊതുവായ താക്കീത് പോലെയാണ്.

ശിർക്കിനെയും കുഫ്റിനെയും സംബന്ധിച്ച താക്കീതിന്റെ വചനങ്ങൾ ആരോടെങ്കിലും പറഞ്ഞാൽ അത് അയാളെ കാഫിറാക്കലല്ല. ഉദാഹരണമായി, ഹുനൈൻ യുദ്ധത്തിനു പോകുന്ന യോദ്ധാക്കളിൽ ചിലർ, മുശ്രിക്കുകൾക്ക് അനുഗ്രഹം തേടാൻ വൃക്ഷമുള്ളതു പോലെ ഞങ്ങൾക്കും ഒരു വൃക്ഷം നിശ്ചയിച്ചു തരണം എന്ന് ആവശ്യപ്പെട്ടപ്പോൾ അവരോട് നബി ﷺ പറഞ്ഞത് ഇങ്ങനെയാണ്: «ഇവർക്ക് (കൺകാണുന്ന) ദൈവങ്ങളുള്ളത് പോലെ ഞങ്ങൾക്കും ഒരു ദൈവത്തെ നീ നിശ്ചയിച്ചു തരൂ» (അഅ്റാഫ് 138) എന്ന് ഇസ്റാഈല്യർ മൂസാ عليه السلام നോട് പറഞ്ഞതു പോലെയാണ് നിങ്ങൾ ഇപ്പറഞ്ഞത്. അതിനർത്ഥം അവിടുന്ന് ആ യോദ്ധാക്കളെ കാഫിറാക്കി എന്നല്ല. അത് താക്കീതാണ്, താക്കീത് കടുപ്പിച്ചതാണ്. വ്യഭിചരിച്ചവൻ വ്യഭിചാരി, മോഷണം നടത്തിയവൻ കള്ളൻ, കൊല ചെയ്തവൻ കൊലയാളി. എങ്കിൽ അല്ലാഹുവിന് പുറമെ മറ്റൊരു ദൈവത്തെ ആവശ്യപ്പെട്ട ആ യോദ്ധാക്കൾ മുശ്രിക്കുകൾ എന്ന് ആരെങ്കിലും വീറോടെ വാദിച്ചാൽ അത് സത്യസന്ധമായ രോഷപ്രകടനമായി ഗണിക്കാനാവില്ല. അതിനെ വളരെ അപക്വമായ ഒരു യുക്തിയായി മാത്രമേ കാണാൻ കഴിയൂ. അത്തരം യുക്തികൾ അൽപന്മാരായ റുവൈബിളകളുടെ തലയിലിരിക്കട്ടെ. അപക്വമായ

യുക്തിക്ക് പ്രവർത്തനക്ഷമതയില്ല. അവക്ക് സമൂഹത്തിൽ ഗുണ കരമായ മാറ്റങ്ങൾ കൊണ്ടുവരാനുമാവില്ല.

അടിസ്ഥാനപരമായി കുഫ്റിലും ശിർക്കിലും ജീവിക്കുന്നവരെ യാണ് പ്രമാണങ്ങളിൽ കാഫിർ, മുശ്രിക്ക് എന്ന് വിളിക്കുന്നത്. മുൻകാല ഗ്രന്ഥങ്ങൾ ലഭിച്ചിട്ടുള്ള ജൂത-ക്രൈസ്തവ വിഭാഗങ്ങൾ കടുത്ത ശിർക്കിലേക്ക് പോയിട്ടുണ്ട്. അതിനെ കുറിച്ച് സമാനതക ളില്ലാത്ത താക്കീതുകളാണ് അല്ലാഹു നൽകിയിരിക്കുന്നത്. എങ്കി ലും ഗ്രന്ഥാവകാശികൾ എന്നാണ് അവരെ അഭിസംബോധന ചെ യ്യുന്നത്. ശഹാദത്ത് ചൊല്ലി ഇസ്ലാം സ്വീകരിക്കുകയും കഅ്ബഃ യെ ഖിബ്ലയായി അംഗീകരിച്ച് അവിടേക്ക് തിരിഞ്ഞു നമസ്കരി ക്കുകയും നാം അറുത്തത് ഭക്ഷിക്കുകയും ചെയ്യുന്നവർ മുസ്ലിംക ളാണ്. അവരിൽനിന്ന് ശിർക്കോ കുഫ്റോ ആകാവുന്ന തെറ്റുകൾ സംഭവിക്കാം. സംഭവിക്കുന്നതോടു കൂടി അവരെ കാഫിർ എന്ന മുദ്രയടിക്കാൻ പാടില്ല.

അവരെ കാഫിറാക്കുന്നതിന് വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ട്. അത് പാലിക്കാതെ അപക്വവും അബദ്ധജടിലവുമായ ഒരു യുക്തി യെ അടിസ്ഥാനപ്പെടുത്തി ആർക്കും ആരെയും കാഫിറാക്കാമെന്ന് വാദിക്കുന്നവർക്ക് എന്തോ കുഴപ്പമുണ്ട് എന്ന് പറയാനേ നിവൃ ത്തിയുള്ളു. അങ്ങനെ കാഫിറാക്കുന്നത് യഥാർത്ഥത്തിൽ വലിയ പാതകമാണ്. അവർ അഹ്ലുൽ ഖിബ്ലഃയിൽപെട്ടവരാണ്. അടി സ്ഥാനപരമായി ശിർക്കിലും കുഫ്റിലും ജീവിക്കുന്ന കാഫിറുകളും അഹ്ലുൽ ഖിബ്ലഃയിൽപെട്ടവരും ഒരു പോലെയല്ലല്ലോ. അവരെ കാഫിറായി പ്രഖ്യാപിക്കണമെങ്കിൽ നടേ വിശദീകരിച്ച നിബന്ധ നകൾ പൂർത്തീകരിക്കണം. ആ നിബന്ധനകൾ പൂർത്തീകരിക്കു ന്നതിനു വിഘാതമായി നിൽക്കുന്ന പ്രതിബന്ധങ്ങൾ ഇല്ലാതാക ണം. ഇക്കാര്യം വീണ്ടും വീണ്ടും ഉണർത്തുന്നത് ശിർക്കിനോടും കു ഫ്റിനോടും സമരസപ്പെടുന്നതു കൊണ്ടല്ല. മറിച്ച്, അഹ്ലുൽ ഖി ബ്ലഃയിൽപെട്ടവർ അത്തരം പാപങ്ങളിൽ അകപ്പെടുമ്പോൾ അവ

രെ വീണ്ടെടുക്കുകയാണ് വേണ്ടതെന്ന തിരിച്ചറിവു കൊണ്ടാണ്. അത് അവരോടുള്ള കാരുണ്യത്തിന്റെയും ഗുണകാംക്ഷയുടെയും ഭാഗമാണ്. അതു തന്നെയാണ് ശർഅ് അനുശാസിച്ചിട്ടുള്ളതും.

അടുത്തിടെ കേരളത്തിൽ പൊങ്ങി വന്ന ഒരു പുതിയ പ്രവണതയാണ് ആധുനികരായ സലഫി പണ്ഡിതന്മാരുടെ ഫത്‌വകൾ നിരത്തി ജനങ്ങളെ വിഢ്ഢികളാക്കുക എന്നത്. സലഫി വേഷത്തിൽ വരുന്ന ഹദ്ദാദികളാണ് അതിനു പിന്നിൽ. തക്ഫീറിന്റെ കാര്യത്തിൽ അവർ മറ്റുള്ളവരെയെല്ലാം മറികടക്കുന്നതായിട്ടാണ് നാം കാണുന്നത്. അതിനെ കുറിച്ച് ഏതാനും ചില കാര്യങ്ങൾ അനുവാചകരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു:

i. ഇവർ ഉദ്ധരിക്കുന്ന ഫത്‌വകൾ എല്ലാം തന്നെ ശിർക്ക് എന്ന പാപത്തെ (مُخَالَفَةٌ) കുറിച്ചുള്ളവയാണ്. അല്ലാതെ, ആ പാപം ചെയ്ത കുറ്റവാളിയെ (مُخَالِفٌ) കുറിച്ചുള്ളതല്ല. അത് രണ്ടും വേർതിരിച്ചു മനസ്സിലാക്കാനുള്ള പക്വതയോ വിവേകമോ ഇല്ലാത്ത റുവൈബിളമാരാണ് മുറ്റം വെടക്കാക്കുന്നത്. രണ്ടും രണ്ടു തന്നെയാണ്. ഒരു കുറ്റത്തെ കുറിച്ച് പറഞ്ഞ ഫത്‌വകൾ പിടിച്ച് വ്യക്തികളെയോ സമൂഹങ്ങളെയോ കാഫിറാക്കാൻ പാടില്ലെന്നത് നാം നടേ വിശദീകരിച്ചിട്ടുള്ളതാണ്. എന്നാൽ തക്ഫീറിനെ കുറിച്ച് ചോദിക്കുമ്പോൾ പണ്ഡിതന്മാർ അതിന്റെ വ്യവസ്ഥകളും നിബന്ധനകളും ഈ കൃതിയിൽ വിശദീകരിച്ച അതേ വിധത്തിൽ വിവരിക്കാറുമുണ്ട്. അത്തരം ഫത്‌വകളും കൃതികളും പൊതുമണ്ഡലത്തിൽ യഥേഷ്ടം ലഭ്യവുമാണ്.

ii. ഫത്‌വകൾ അത് നൽകപ്പെട്ട സന്ദർഭങ്ങളിൽനിന്നും സാഹചര്യങ്ങളിൽനിന്നും വേർപെടുത്തി വായിക്കുന്നത് പലപ്പോഴും തെറ്റിദ്ധാരണ സൃഷ്ടിക്കും. അത് മനസ്സിലാക്കാനുള്ള പക്വതയും ഹദ്ദാദികൾക്കില്ലെന്നത് പറയേണ്ടതില്ലല്ലോ.

iii. ഖുർആനിക സൂക്തങ്ങൾ, സ്ഥിരപ്പെട്ട നബിവചനങ്ങൾ, അവ

യുടെ അർത്ഥവും വ്യാഖ്യാനവും വിശദീകരിക്കുന്ന സ്വഹാബത്തിന്റെ വിവരണങ്ങൾ, മുസ്‌ലിംകളുടെ സ്ഥിരപ്പെട്ട ഇജ്മാഉകൾ ഇവയാണ് രേഖാപരമായ തെളിവുകളായി ഉദ്ധരിക്കേണ്ടത്. അത് വ്യക്തമാക്കാനാണ് പണ്ഡിതന്മാരുടെ വിശദീകരണങ്ങൾ ഉദ്ധരിക്കേണ്ടത്. എന്നാൽ പ്രമാണരേഖകളുടെ സ്ഥാനത്ത് പണ്ഡിതാഭിപ്രായങ്ങളെ പ്രതിസ്ഥാപിക്കുന്ന, പണ്ഡിതാഭിപ്രായങ്ങൾ കൊണ്ട് പ്രളയം സൃഷ്ടിച്ച് അതിൽ ജനങ്ങളെ മുക്കിക്കൊല്ലുന്ന പ്രവണത ഒട്ടും ആശാസ്യമല്ലെന്നു പറയാതിരിക്കാൻ വയ്യ. പലപ്പോഴും സന്ദർഭത്തിൽനിന്ന് അടർത്തിയെടുത്തും ഉദ്ദേശ്യലക്ഷ്യങ്ങളിൽനിന്ന് തിരിച്ചുവിട്ടും ജനങ്ങള കബളിപ്പിക്കുന്ന ഒരു കട് പീസ് കച്ചവടമായി അത് തരം താഴുന്നതും നാം കാണാറുള്ളതാണ്.

കൂടാതെ, അവരെ കൂട്ടത്തക്ഫീർ നടത്തുന്നവരും വ്യവസ്ഥകൾ പാലിക്കാതെ വ്യക്തിയധിഷ്ഠിതമായ തക്ഫീർ നടത്തുന്നവരും വലിയ ആപത്തിലേക്കാണ് അവരറിയാതെ ചെന്നു ചാടുന്നത്. ആ കുഫ്ർ ആരോപണം മിക്കപ്പോഴും ബൂമറാങ് പോലെ അവരിലേക്കു തന്നെ തിരിച്ചു വരും. ഹദീസുകളിൽ വന്ന ഈ താക്കീത് നടേ പരാമർശിച്ചിട്ടുള്ളതാണ്. ദീൻ ഗുണകാംക്ഷയാണ് - അല്ലാഹുവിനോടും അവന്റെ ഗ്രന്ഥത്തോടും അവന്റെ ദൂതനോടും മുസ്‌ലിം ഭരണാധികാരികളോടും ബഹുജനങ്ങളോടുമുള്ള ഗുണകാംക്ഷ. ആ ഗുണകാംക്ഷയുടെ സാക്ഷാത്ക്കാരത്തിനുള്ള എളിയ ശ്രമമായി മാത്രം ഈ ലഘുകൃതിയെ വിലയിരുത്തുക.

ഒരിക്കൽ കൂടി ആവർത്തിക്കുന്നു: ഈ ലഘുകൃതി ശിർക്ക് ബിദ്അത്തുകളോടുള്ള എതിർപ്പ് കടുപ്പിക്കാനാണ്; മുസ്‌ലിംകളിൽ ശിർക്ക് വരും, അവരിൽ പലരും മുശ്‌രിക്കുകളിലേക്ക് ചെന്ന് ചേരും, അത് സൂക്ഷിക്കണം എന്ന് താക്കീത് ചെയ്യാനാണ്. ഒരിക്കൽ മുസ്‌ലിമായാൽ പിന്നെ അവരിൽ ശിർക്ക് വരില്ല എന്ന ഇർജാഇന്റെ വാദം ഇത് മുന്നോട്ട് വെക്കുന്നില്ല; അത് തെറ്റാണ്.

എന്നാൽ അടിസ്ഥാനപരമായ മുശ്രിക്കുകളെയും അഹ്ലുൽ ഖിബ്ലയിൽപെട്ടവരെയും ഒരുപോലെ കാണാവതല്ല. അഹ്ലുൽ ഖിബ്ലഃയിൽപെട്ടവരിൽ ശിർക്ക് സംഭവിച്ചാൽ അവരെ തക്ഫീർ ചെയ്യുന്നതിന് വ്യവസ്ഥകളുണ്ട്, അത് പാലിക്കണം. ശർഅ് അനുശാസിക്കുന്ന വീണ്ടെടുപ്പിന്റെ, കാരുണ്യത്തിന്റെ, ഗുണകാംക്ഷയുടെ ഒരു തുരുത്തായി ഈ കൃതിയെ വിലയിരുത്തൂ.

അവസാനമായി, സ്വാലിഹ് നബി ﵇ന്റെ വാക്കുകൾ ഉൾക്കൊള്ളുന്ന ഒരു ഖുർആൻ സൂക്തം ഉദ്ധരിച്ചു കൊണ്ട് ഇത് ഉപസംഹരിക്കട്ടെ.

﴿فَتَوَلَّىٰ عَنْهُمْ وَقَالَ يَا قَوْمِ لَقَدْ أَبْلَغْتُكُمْ رِسَالَةَ رَبِّي وَنَصَحْتُ لَكُمْ وَلَٰكِن لَّا تُحِبُّونَ النَّاصِحِينَ ﴿٧٩﴾﴾ (الأعراف)

[അദ്ദേഹം അവരിൽനിന്ന് മാറിനിന്നിട്ട് പറഞ്ഞു: എന്റെ ജനങ്ങളേ, തീർച്ചയായും ഞാൻ എന്റെ റബ്ബിന്റെ സന്ദേശം നിങ്ങൾക്ക് എത്തിച്ചിരിക്കുന്നു. നിങ്ങളോട് ഞാൻ ഗുണകാംക്ഷ കാണിക്കുകയും ചെയ്തിരിക്കുന്നു. പക്ഷെ, ഗുണകാംക്ഷികളെ നിങ്ങൾ ഇഷ്ടപ്പെടുന്നില്ലല്ലോ.] (അഅ്റാഫ് 79)

الحمد لله الذي بنعمته تتم الصالحات ،،،

സുന്നഃ മുസ്‌ലിം മൈനോറിറ്റി ട്രസ്റ്റ്